2011 JULY 25 Vol. 04 Issue: 14

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

അറിയിപ്പ്

എല്ലാവിധ ഡി.റ്റി. പി. വർക്കുകളും പുസ്തക പ്രസിദ്ധീകരണം, (ട്രാൻസ്ലേഷൻ ഉൾപ്പെടെ) സുവനിറുകൾ എന്നിങ്ങനെയുള്ള എല്ലാവിധ ജോലികൾക്കും

ദ ജേണൽ യു. എസ്. എ

P.O. Box: 620 742, Atlanta, GA 30362, USA

bjpathramonline@gmail.com

RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subscription Rs. 100/- Pages: 12

## വൻ പ്രതികരണം




**ബി**ലീവേഴ്സ് ജേണലിന്റെ ചുമതലയിൽ നടക്കുന്ന അഭിപ്രായ സർവ്വയ്ക്ക് വ്യാപകമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കും അഭിപ്രായം അറിയിക്കാം.

കുമ്പനാട് ഹെബ്രോൻപുരത്ത് കൂട്ടം കൂടി നിൽക്കുന്നവർ ചർച്ച ചെയ്യുന്നത് ഇലക്ഷൻ കാര്യമാണ്. പാനൽ രൂപീകരണം, ജയ സാധ്യതയുള്ള പാനലിൽ എത്തിപ്പെടാനുള്ള തന്ത്രം മെനയൽ, അധികാരം ഉറപ്പിയ്ക്കുവാനും അധികാരത്തിലെത്തിച്ചേരുവാനുമായി നടക്കുന്ന ആലോചനകൾ ഇതെല്ലാം തകൃതിയായി നടക്കുകയാണ്. വ്യക്തമായ ചേരി തിരിവോടെ നടക്കുന്ന ഇലക്ഷനിൽ പൊടിക്കുന്ന തുക ലക്ഷങ്ങളും കവിയും. ജനാധിപത്യ ഭാരതത്തിൽ സെക്കുലർ രാഷ്ട്രീയ രംഗത്തെപ്പോലും ലജ്ജിപ്പിക്കുന്ന അധാർമ്മിക കളികളുമായി ഇലക്ഷൻ കാലം വരവായി. കുമ്പനാടും പരിസരങ്ങളിലുമായി കളികൾ കൊഴുക്കുമ്പോൾ സാധാരണക്കാരായ ഐ. പി. സി. അംഗങ്ങളും ശുശ്രൂഷകരും എന്തുപറയുന്നുവെന്ന് അറിയുവാൻ അവസരം ഒരുക്കുന്നു.

**ജേണൽ അഭിപ്രായ സർവ്വേ**
**ഐ. പി. സി. ഇലക്ഷൻ 2012**

*ചോദ്യങ്ങൾ*

1. ഇപ്പോഴത്തെ തെരഞ്ഞെടുപ്പു രീതിയെ അംഗീകരിക്കുന്നുവോ?
2. ഇപ്പോഴുള്ള ഭരണ സമിതിയുടെ പ്രവർത്തനങ്ങളിൽ തൃപ്തനാണോ?
3. പുതിയ ഭരണ സമിതിയിലേക്ക് നിങ്ങൾ ആരെ തിരഞ്ഞെടുക്കുന്നു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറാർ?

ജേണലിന്റെ ചോദ്യങ്ങൾക്ക് നിങ്ങൾക്കു മറുപടി പറയാം. നിങ്ങളുടെ അഭിപ്രായങ്ങൾ ഈ- മെയിൽ, എസ്. എം. എസ്, തപാൽ മാർഗ്ഗങ്ങളിൽ അറിയിക്കാം.

E - mail: beljourn@gmail.com, S. M.S. : 9020461909
Address: P. B. No. 31, Manjadi P.O,
Thiruvalla , Kerala - 698 105

# തെരഞ്ഞെടുപ്പ് സംവിധാനം അഴിച്ചു പണിയണം

**കുമ്പനാട്:** ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭയുടെ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള കേരളാ സ്റ്റേറ്റിലെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾക്ക് സമൂലമായ അഴിച്ചുപണി ആവശ്യമാണെന്ന് വ്യാപകമായ നിർദ്ദേശം. രാഷ്ട്രീയ അതിപ്രസരവും സാമ്പത്തിക സ്വാധീനവുമുള്ള ഇപ്പോഴത്തെ രീതികൾ സഭയ്ക്ക് ദോഷംചെയ്യുന്നതാണെന്നും അത്തരം കാര്യങ്ങൾ ഒഴിവാക്കത്തക്കനിലയിൽ ഇലക്ഷൻ സംവിധാനം അഴിച്ചുപണിയണം എന്നുമാണ് ആവശ്യം ഉയരുന്നത്. അയ്യായിരത്തോളം വോട്ടർമാർ കുമ്പനാട് ഹെബ്രോൻപുരത്തെത്തി വോട്ടുചെയ്യുന്ന രീതിമാറുകയും മേഖലാ തലത്തിൽ പ്രാദേശികമായി വോട്ടെടുപ്പു നടക്കുകയും ചെയ്താൽ ഇപ്പോഴത്തെ പ്രശ്നങ്ങൾ പകുതിയോളം കുറയും. വോട്ടേഴ്സിന്റെ എണ്ണത്തിനുസരിച്ച് കൗൺസിൽ അംഗങ്ങളുടെ എണ്ണം ആനുപാതികമായി ഓരോ മേഖലയ്ക്കുമായി തിരിക്കുകയും ആ മേഖലകളിൽ നിന്നുള്ള കൗൺസിൽ അംഗങ്ങളെ ആ മേഖലയിൽ ഉള്ളവർതന്നെ തെരഞ്ഞെടുക്കയും ചെയ്താൽ രാഷ്ട്രീയ അതിപ്രസരവും സാമ്പത്തിക സ്വാധീനവും ഒഴിവാക്കുവാൻ കഴിയും. ഇപ്പോൾ പാനൽ അടിസ്ഥാനത്തിൽ തിരിഞ്ഞ് മത്സരിക്കുന്നതുകൊണ്ട് വോട്ടർമാർ വ്യക്തികളെ മനസ്സിലാക്കാതെ സ്വാധീനത്തിനു വിധേയരായി വോട്ടു നല്കുന്ന രീതിയ്ക്കും മാറ്റം വരുത്താം. ഉദാഹരണമായി തിരുവനന്തപുരം സ്വദേശിയായ ഒരു വിശ്വാസി കൗൺസിലേക്ക് മത്സരിക്കുമ്പോൾ കാസർഗോഡു നിന്നും വോട്ടുചെയ്യാനെത്തുന്ന വിശ്വാസിയ്ക്ക് ഇദ്ദേഹത്തെ അറിയുവാൻ സാധിക്കണമെന്നില്ല. എന്നാലും ഒരു പാനലിൽ ഉൾപ്പെട്ട ഇദ്ദേഹത്തിന് ചിലരുടെ സ്വാധീനത്തിനുവഴങ്ങി വിശ്വാസിയ്ക്ക് വോട്ടു ചെയ്യേണ്ടിവരുന്നു. എന്നാൽ മേഖല തിരിച്ചാൽ, ഉദാഹരണമായി പത്തനംതിട്ട ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടേണ്ടവരെ പത്തനംതിട്ടജില്ലയിലുള്ള വിശ്വാസികൾ തന്നെ തെരഞ്ഞെടുക്കുമ്പോൾ സാമ്പത്തിക സ്വാധീനത്തിനും രാഷ്ട്രീയകളികൾക്കുമപ്പുറം വ്യക്തികളുടെ സ്വഭാവത്തിനും കഴിവിനും അനുസരിച്ചായിരിക്കും വോട്ടു ലഭിക്കുന്നത്. എല്ലാ വിശ്വാസികളും കുമ്പനാട്ട് എത്തുന്നതിന്റെ ചെലവ്, വിശാലമായ നിലയിൽ വോട്ടെടുപ്പ് ക്രമീകരണങ്ങൾക്കുള്ള ചെലവ് മാത്ര

➩08

## ശാരോൻ ഫാമിലി കോൺഫറൻസ്



നാഷണൽ കമ്മറ്റി ഭാരവാഹികൾ

നിബു വെള്ളവന്താനം

**ഒക്‌ലഹോമ:** നോർത്ത് അമേരിക്കയിലുള്ള ശാരോൻ പെന്തെക്കോസ്ത് സഭകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 12-ാമത് ശാരോൻ ഫാമിലി കോൺഫറൻസ് 2012 ജൂലൈ 26-29 വരെ ഒക്‌ലഹോമയിൽ ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. വിദേശ രാജ്യങ്ങളിൽ നിന്നും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി നിരവധി വിശ്വാസികൾ നാഷണൽ കോൺഫറൻസിൽ പങ്കുചേരും, ശാരോൻ

➩03

## അണികൾ കൈവിടുന്നു

**കുമ്പനാട്:** ബിലീവേഴ്സ് ജേണലിന്റെ നിരീക്ഷണം ശരിവെയ്ക്കുന്ന തരത്തിൽ പാനൽ സമവാക്യങ്ങൾ മാറി മറിയുകയാണ്. കേരളാ സ്റ്റേറ്റ് സെക്രട്ടറി ഫിലിപ്പ്. പി. തോമസിനെതിരെ ആരോപണങ്ങളുമായി കൗൺസിലിൽ ആഞ്ഞടിക്കുന്നത് കഴിഞ്ഞതെരഞ്ഞെടുപ്പിൽ തന്റെ പാനലിൽ മത്സരിച്ചവർ തന്നെയാണ്. സ്വജനപക്ഷപാതം, അഴിമതി, വഴിവിട്ട നിയമനങ്ങൾ ഇവയൊക്കെയാണ് അനുയായികൾ തന്നെ ആരോപിക്കുന്നത്.

വായിക്കുക. പേജ്: 5

## മലബാർ സുവിശേഷീകരണത്തിൽ യുവജനങ്ങൾ സജീവമാകണം: പാസ്റ്റർ വി. പി. ഫിലിപ്പ്

**മലപ്പുറം:** മലബാറിന്റെ ഗ്രാമപ്രദേശങ്ങളിൽ സുവിശേഷത്തിനുവേണ്ടി പോരാടിയ വിശ്വാസവീരന്മാർ വിതറയിത് ദൈവതേജസിന്റെ പ്രഭയാണെന്നും ഇന്നിന്റെ സുവിശേഷീകരണ ദൗത്യം യുവജനങ്ങൾ ഏറ്റെടുക്കണമെന്നും പി. വൈ. പി. എ. സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ വി. പി. ഫിലിപ്പ് ആ

➩08




### സാക്ഷി



*"പത്രം കൈയ്യിലെടുത്ത് ശാസിച്ച് പ്രാർത്ഥിക്കുവാൻ ഐ. പി. സി. കൗൺസിൽ അംഗത്തിന്റെ ആഹ്വാനം"*

*വേരോടെ തീയിൽ എറിഞ്ഞുകളയുന്നവൻ വരുന്നുണ്ട്*

## നവാപൂർ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു



റവ. ജോയി പൂന്നൂസ്, പാസ്റ്റർ ബാബു ചെറിയാൻ, ആർ. സ്റ്റാൻലി, ജോനാദാൻ അൻസാർ

**നവാപൂർ:** ഭാരതത്തിലെ പ്രധാന പെന്തെക്കോസ്ത് കൺവൻഷനുകളിൽ ഒന്നായ നവാപൂർ കൺവൻഷൻ 2011 നവംമ്പർ 1-6 വരെ നടക്കും. ഇതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഫിലദൽഫ്യ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് റവ. ജോയി പൂന്നൂസ്, പാസ്റ്റർ ബാബു ചെറിയാൻ, ആർ. സ്റ്റാൻലി, ജോനാദാൻ അൻസാർ എന്നിവരാണ് ഇപ്രവാശ്യത്തെ പ്രധാന പ്രസംഗകർ. ഫിലദൽഫ്യ ഫെലോഷിപ്പ് ചർച്ചിന്റെ ചുമതലയിൽ നടക്കുന്ന ഈ കൺവൻഷന്റെ 31-ാമത് സമ്മേളനമാണ് ഇത്തവണ നടക്കുന്നത്. ഡോ. തോമസ് മാത്യു ആരംഭം കുറിച്ചതാണ് നവാപൂർ കൺവൻഷൻ.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

ജനറൽ എഡിറ്റർ
അനിൽ കൊടിത്തോട്ടം

എഡിറ്റർ
പാസ്റ്റർ ജെയ്സ് പാണ്ടനാട്

ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
Address (India)
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

Address (Usa)
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഇതോ ക്രിസ്തീയ ദൗത്യം



സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

സ്വാശ്രയ വിദ്യാഭ്യാസ വിഷയം കേരളമെങ്ങും കത്തിപ്പടരുകയാണ്. സാമൂഹിക നീതിയെ തകിടം മറിക്കുന്ന നിലയിലേക്ക് മാത്രമല്ല ജാതി, സമുദായ സൗഹാർദ്ദം നഷ്ടപ്പെടുന്ന നിലയിലേക്കും കാര്യങ്ങൾ എത്തിയിരിക്കുന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ നിലപാടുകൾ ക്രൈസ്തവ ധാർമ്മികതയ്ക്ക് നിരക്കാത്ത നിലയിലേക്ക് തരംതാണിരിക്കുന്നു എന്ന് പറയാതെയിരിക്കുവാൻ വയ്യാ. വിദ്യാഭ്യാസ കച്ചവടത്തിലൂടെ കോടികൾ സമ്പാദിക്കുന്ന സഭകൾ ക്രിസ്തീയ ദൗത്യം മറന്നിരിക്കുന്നു. കാരക്കോണം മെഡിക്കൽ കോളേജിലെ കോഴവിവാദം സഭകളെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ ഇടിവു വരുത്തിയിരിക്കുന്നു. സമൂഹത്തിനും രാജ്യത്തിനും ഗുണകരമായ മാറ്റങ്ങളെ കൊണ്ടുവരുവാൻ സഭയ്ക്ക് കഴിയേണ്ട സ്ഥാനത്ത് ഇന്ന് സമൂഹത്തിന് ദോഷകരമായ നിലപാടുകളാണ് ഇത്തരം പ്രവർത്തിയിലൂടെ സഭാസംഘടനകൾ വരുത്തിവെയ്ക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ചതും ഇന്ന് ഇത്തരം സഭകൾ ചെയ്യുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ല. സത്യം പുറത്തുകൊണ്ടുവന്ന മാദ്ധ്യമ പ്രവർത്തകരെ മർദ്ദിക്കുകയും അടിച്ചൊതുക്കുകയും ചെയ്യുവാൻ തുനിഞ്ഞ സി. എസ്. ഐ. സഭ സമൂഹമദ്ധ്യേ സ്വയം അവഹേളിക്കപ്പെട്ടിരിക്കുന്നു. പ്രശസ്ത മാദ്ധ്യമ പ്രവർത്തകനായ ബി. ആർ. പി. ഭാസ്കർ പറഞ്ഞത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. സഭാ നേതൃത്വത്തിലുള്ളവർ ബൈബിൾ ശരിയ്ക്കു വായിച്ചിരുന്നെങ്കിൽ യെരുശലേം ദേവാലയത്തിൽ യേശു ചെയ്തത് മനസ്സിലാക്കിയിരുന്നെങ്കിൽ ആത്മീയതയുടെ മറവിൽ ഇത്തരം കച്ചവടങ്ങൾ നടത്തുകയില്ലായിരുന്നു. പാവപ്പെട്ടവർക്കും അശരണർക്കും അത്താണിയാകേണ്ട സഭ ആത്മീയത്തിന്റെ മറവിൽ കെട്ടിപ്പടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും നടത്തുന്നത് കൊള്ളയാണ്. ചികിത്സ തേടിയെത്തുന്നവരെ പിഴിയുന്ന ആശുപത്രിയും ഡൊണേഷനും മറ്റ് ഫീസുകളുമായി സാധാരണക്കാർക്ക് അപ്രാപ്യമായ നിലയിൽ നടത്തുന്ന സ്കൂളുകളും ലക്ഷ്യം വെയ്ക്കുന്നത് മുതലാളിമാരെയാണ്.

ആദിമകാലത്ത് മിഷണറിമാർ അറിവിന്റെ വെളിച്ചവും ആതുര സേവനവും ജനത്തിന് നൽകിയത് പ്രതിഫലേച്ഛ കൂടാതെയാണ്. അത് സഭയുടെ ദൗത്യമായി അവർ കണ്ടതുകൊണ്ട് ദേശമെങ്ങും സ്കൂളുകളും ആശുപത്രികളും അവർ പടുത്തുയർത്തി. അത് ദേശത്തിന് വെളിച്ചമായി. അനേകർ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കപ്പെട്ടു. അന്ധകാരത്തിൽ കിടന്ന അനേകായിരങ്ങളുടെ ജീവിതം പുതിയ പാന്ഥാവിലൂടെ അഭിവ്യദ്ധിയിലേക്ക് നയിക്കപ്പെട്ടു. ആത്മീയമായും സാമൂഹികമായും വലിയ മാറ്റം കൊണ്ടുവരുവാൻ മിഷണറിമാരുടെ പ്രവർത്തനം മുഖാന്തിരമായി. അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിനുമുമ്പിൽ രാജ്യം നന്ദിയോടെ ശിരസ്സ് കുനിച്ചു. ഒരു ജനതയെയും ഒരു രാജ്യത്തെയും വെളിച്ചത്തിലേക്ക് നയിക്കുവാൻ മിഷണറിമാർ നടത്തിയ പ്രവർത്തനം അടിത്തറയായി മാറി.

കാലം മാറി. ത്യാഗപൂർണ്ണമായി മിഷണറിമാർ ചെയ്തത് ആധുനിക ശിഷ്യർ തങ്ങൾക്ക് ലാഭകരമായ ബിസിനസ്സാക്കിമാറ്റി. എന്നാൽ സമൂഹത്തോടുള്ള കടപ്പാടുകൾ നിർവ്വഹിക്കുന്ന വലിയൊരു കൂട്ടം ഇപ്പോഴും തങ്ങളുടെ സേവനം സ്തുത്യർഹമായി ഈ സമൂഹത്തിൽ ഉണ്ട് എന്നത് വിസ്മരിക്കുന്നില്ല. സഭയുടെ ദൗത്യം എന്താണെന്ന് തിരിച്ചറിയുവാൻ കഴിയാത്തതിനാലാണ് ഇന്നത്തെ നിലയിൽ വിദ്യാഭ്യാസ കച്ചവടത്തിൽ ഒരു കൂട്ടർ ഏർപ്പെടുവാൻ കാരണം. ക്രിസ്തുവിന്റെ നാമത്തെയും സഭയേയും സമൂഹമദ്ധ്യേ ഇകഴ്ത്തുവാൻ കാരണമായ ഇത്തരം പ്രവർത്തികൾ തികച്ചും ലജ്ജാകരം തന്നെ. ഈ ദിവസങ്ങളിൽ സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ പേരിൽ നടത്തുന്ന വിലപേശലുകളും വെല്ലുവിളികളും ക്രിസ്തുവിന്റെ പിൻഗാമികൾ എന്ന് അവകാശപ്പെടുന്നവർക്ക് യോജിച്ചതല്ല.

മാറി മാറി വരുന്ന സർക്കാരുകളുടെ ഒത്താശയോടെയാണ് ഇക്കൂട്ടർ ഇവിടെ തഴച്ചുവളർന്നത്. എന്നാൽ ഉമ്മൻചാണ്ടി സർക്കാർ എടുത്ത ചില നിലപാടുകൾ ഈ ക്കൂട്ടർക്ക് തിരിച്ചടിയായി എന്നുപറയാതെവയ്യ. പ്രസംഗങ്ങളും വാഗ്ദാനങ്ങളും പ്രവർത്തി പഥത്തിൽ എത്തിക്കുവാൻ സർക്കാരിന് കഴിഞ്ഞാൽ അത് ഈ ജനതയോട് ചെയ്യുന്ന വലിയ പുണ്യമായിരിക്കും. ഇവിടെ ജാതിയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷവും ഭൂരിപക്ഷവുമെന്നൊക്കെ വേർതിരിഞ്ഞ് അവകാശങ്ങൾ നേടിയെടുക്കുമ്പോൾ തള്ളപ്പെടുന്നത് പാവപ്പെട്ടവരാണ്. ജാതിസമവാക്യങ്ങളെക്കാൾ സാമ്പത്തിക സമവാക്യമാണ് ശരിയാകേണ്ടത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പാവപ്പെട്ടവരുടെ ഉദ്ധാരണമാണ് ഇവിടെ നടക്കേണ്ടത്. മിടുക്കന്മാരും മിടുക്കികളും തള്ളപ്പെടുന്നത് ജാതിയുടെ പേരിലല്ല പണത്തിന്റെ പേരിലാണ് എന്നതാണ് വാസ്തവം. പഠിച്ച് ഉന്നതവിജയം നേടിയവരെ പിൻതള്ളിക്കൊണ്ട് അർഹതയില്ലാത്തവർ മെഡിക്കൽ കോളേജുകളിലും എഞ്ചിനിയറിംഗ് കോളേജുകളിലും അഡ്മിഷൻ നേടുമ്പോൾ നമ്മൾ വാർത്തെടുക്കുന്നത് നിലവാരമില്ലാത്ത കുറെ ഡോക്ടേഴ്സിനേയും എഞ്ചിനിയർമാരേയുമാണ്. ഇവിടെ നിലനിന്നിരുന്ന ഒരു സാമൂഹ്യ നീതിയും വ്യവസ്ഥയുമുണ്ട്. അതു തുടർന്നും പുലരണം. അതു തകർക്കുവാൻ ശ്രമിക്കുന്നവർ ന്യൂനപക്ഷവിഭാഗമായാലും ഭൂരിപക്ഷവിഭാഗമായാലും അവരെ നിലയ്ക്ക് നിർത്തുവാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്. വിദ്യാഭ്യാസ കച്ചവടം ചെയ്യുന്നവർ ക്രിസ്തീയ സഭകളുടെ മറപിടിക്കുമ്പോൾ സമൂഹം തെറ്റിദ്ധരിക്കുന്നു. എന്നാൽ യാഥാർത്ഥ്യം സമൂഹം തിരിച്ചറിയണം. ഈ വിദ്യാഭ്യാസ കച്ചവട ലോബി വെറും ന്യൂനപക്ഷമാണ്. അവർ ആത്മീയതയുടെ മറവിൽ സമൂഹത്തെ കൊള്ളയടിക്കുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന വിശ്വാസികളും ആത്മീയ സംഘടനകളും വെറും കാഴ്ചക്കാർമാത്രമാണ്. അവർക്ക് ഈ കച്ചവടത്തിൽ പങ്കില്ല. ഇക്കൂട്ടർക്കെതിരെ എടുക്കുന്ന ഏതു നടപടിയും ക്രിസ്തീയ മാർഗ്ഗത്തെ ബാധിക്കുന്നതുമല്ല. അതിന് ഈ സമൂഹത്തിലെ ബഹുഭൂരിപക്ഷം വിശ്വാസികളുടെയും പിൻതുണ സർക്കാരിന് ഉറപ്പിക്കാം.

അകം പൊരുൾ

# ഒരു യാഗ മൃഗത്തെപ്പോലെ വെണ്ണീറാവുക



പാസ്റ്റർ തോമസ് തോന്നയ്ക്കൽ
tthonnackal@gmail.com

ജീവിതം സമസ്തവും ദൈവത്തിനു പ്രസാദമുള്ള ആരാധനയായിട്ടാണ് അപ്പൊസ്തലനായ പൗലോസ് ആരാധനയെക്കുറിച്ച് നിർവ്വചിച്ചിരിക്കുന്നത്. 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങൾ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിൻ (റോമർ 12:1) എന്ന് ഉദ്ബോധിപ്പിക്കുന്നു. ജീവിതമില്ലാത്ത ആരാധന ദൈവത്തിനു സുഗ്രാഹ്യമല്ല എന്ന് കൂടി അർത്ഥമാക്കേണ്ടതുണ്ട്. ശരീരത്തിന്റെ ഓരോ പ്രക്രിയയും വിശുദ്ധമാകണം; ചിന്തയും പ്രവൃത്തികളും ദൈവപ്രസാദമുളവാക്കുന്നതാകണം. പ്രവൃത്തിയില്ലാത്ത ജീവിതം ദൈവ പ്രസാദകരമല്ല. പ്രവൃത്തികൊണ്ട് ദൈവത്തെ നിഷേധിക്കുകയും അധരംകൊണ്ട് പാട്ടിലാക്കാമെന്നുമുള്ളത് വെറും മൗഢ്യമായ ചിന്തയാണ്. അങ്ങനെയുള്ളവരുടെ സ്തുതി വെറും അധരചർവ്വണം മാത്രമാണ്.

ജീവിതം തന്നെ ആരാധനയായി മാറുന്ന നിരവധി സന്ദർഭങ്ങളുണ്ട്. ഓഫീസിൽ ജോലി ചെയ്യുന്ന ഒരാൾക്ക് തന്റെ ജോലി വിശ്വാസ്തതയോടെ ചെയ്തു കൊണ്ട് ദൈവപ്രസദാം തേടാം. ദാനിയേലും ജോസഫും നെഹമ്യാവുമൊക്കെ രാജാകൊട്ടാരത്തിലെ ഉദ്യോഗത്തിൽ വിശ്വസ്തത പാലിച്ചതുകൊണ്ടും ദൈവത്തിൽ നിന്നും രാജാവിൽ നിന്നും പ്രസാദം നേടി. അവർ ഉന്നതപദവിയും ആനുകൂല്യങ്ങളും കരഗതമാക്കി. നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ മനസ്സോടെ ചെയ്വിൻ എന്നത്രെ അപ്പൊസ്തലൻ ഉദ്ബോധിപ്പിച്ചിരിക്കുന്നത്. (കൊലൊ. 3:23) അങ്ങനെയെങ്കിൽ ഓഫീസിൽ ഗുമസ്തപണി ചെയ്യുന്നവനും പാടത്തു പണിയെടുക്കുന്നവനും എഞ്ചീനിയറും ഡോക്ടറുമൊക്കെ ചെയ്യുന്നത് ദൈവത്തിനു വേണ്ടിയാണ്. ഈ ഉൾബോധം എല്ലാവർക്കുമുണ്ടെങ്കിൽ പണിമുടക്കും സമരങ്ങളും ഒഴിവാക്കി എല്ലാവരും കൃത്യമായി പണിചെയ്യും. കൈക്കൂലിയും കള്ളത്തരങ്ങളും ഒഴിവാകും. ഇത് എല്ലാ മേഖലയിലും ആവശ്യമാണ്. ദൈവം ഓരോരുത്തർക്കും നൽകിയിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ അലസരും അവിശ്വസ്തരുമായി ജീവിച്ചിട്ട് അവർക്ക് ദൈവത്തെ പ്രസാദിപ്പിയ്ക്കാൻ കഴിയുമോ? അത്തരക്കാരുടെ ജീവിതം ആരാധനയായി മാറുമോ? അവരുടെ അധരങ്ങളിലെ സ്തുതി സുഗ്രാഹ്യമാവുമോ? ദൈവമക്കൾ പ്രത്യേകം ചിന്തിക്കേണ്ട കാര്യങ്ങളാണിവ.

ആരാധനയെ സംബന്ധിച്ച് മറ്റൊരു പ്രധാന വസ്തുത കൂടിയുണ്ട്. ദൈവത്തെ ആരാധിക്കുന്നവന്റെ ആതായത് ദൈവത്തെ സ്നേഹിക്കുന്നവന്റെ ജീവിതം വിശുദ്ധമായ ഒരു ബലിയാണ്. ശരീരം ഒരു വിശുദ്ധബലിവസ്തുവാണ്. അത് ഊനമില്ലാത്തതായിരിയ്ക്കണം. ജഡത്തിന്റെ പ്രവൃത്തികൾ അതിനെ മലിനമാക്കരുത്. ദുർന്നടപ്പും യാതൊരു അശുദ്ധിയും തീണ്ടാൻ പാടില്ല.. മനുഷ്യനെ അശുദ്ധമാക്കുന്നതൊന്നും അകത്തുണ്ടാകരുത്. (മർക്കൊസ് 7:20,21)

മാനുഷിക ജീവിതത്തിന്റെ മാലിന്യങ്ങൾ പറ്റാം. എങ്കിലും എല്ലായ്പ്പോഴും യേശുവിന്റെ പുണ്യാഹരക്തത്താൽ കഴുകപ്പെട്ടവരാകണം. ശരീരവും ആത്മാവും വിമലമാകണം. ക്രിസ്തു നമുക്കുവേണ്ടി ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ നാമും ആ മാതൃക ജീവിതത്തിൽ പ്രാവർത്തികമാക്കണം. നാം ദൈവത്തിന്റെ മന്ദിരമാണ്. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ. (1 കൊരി 3:16,17). അങ്ങനെയെങ്കിൽ ആ വിശുദ്ധമന്ദിരത്തിൽ വിശുദ്ധമായ ആരാധനയാണ് നടക്കേണ്ടത്. വിശുദ്ധിയിൽ ദൈവത്തെ ആരാധിയ്ക്കാൻ വിളിക്കപ്പെട്ടവരാണ് നാം. "ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരി 6:20).

**വ്യാജാരാധന തിരിച്ചറിയുക**

ഇന്നത്തെ ചില ആരാധനകളിലെ വ്യാജം തിരിച്ചറിയേണ്ടിയിരി

10

വേദശാസ്ത്ര പഠനം

ക്രമീകൃത ദൈവശാസ്ത്രം

– കഴിഞ്ഞ ലക്കം തുടർച്ച–

# പാപ ശാസ്ത്രം



എഡിസൺ തോമസ്, വേങ്ങൂർ

**പാപ ശാസ്ത്രം**

പാപത്തെ സംബന്ധിച്ചു പലരും തെറ്റിദ്ധരിച്ചിരിക്കയാണ്. ചിലർ ഇതിനെ നിസ്സാരമായി കാണുന്നുണ്ട്. മറ്റുചിലരോ വളരെ ഗൗരവുമായി. എന്നാൽ ബൈബിൾ ഇതിനെ വളരെ ശക്തമായ ഭാഷയിലാണ് പരാമർശിക്കുന്നത്.

**പാപം എന്നാൽ എന്ത്?**

മോഷണവും, പിടിച്ചുപറിയും, കൊലപാതകവും, വ്യഭാചാരവും മാത്രമേ പാപം എന്നു ചിന്തിക്കുന്നവരുമുണ്ട്. പാപം എന്ന പദം ആദ്യമായി ബൈബിളിൽ കാണുന്നത് ഉല്പത്തി പുസ്തകത്തിലാണ്. പാപത്തിന്റെ ഉല്പത്തിയെ സംബന്ധിച്ചു വേദശാസ്ത്രിമാരുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായമാണ്. വിസാതരഭയത്താൽ അതിലേക്കു കടക്കുവാൻ താല്പര്യപ്പെടുന്നില്ല. ദൈവത്തിൽ നിന്നല്ല പാപം ഉണ്ടായത്. പരിശുദ്ധവും, പാപനവുമായ ദൈവത്തിനു ഒരിക്കലും അതുചെയ്യുവാൻ കഴിയുകയില്ല. തീർച്ചയായും പിശാചിന്റെ വശികരണത്താലും പ്രേരണയാലും മാത്രമാണ് ഈ ലോകത്തിലേക്ക് പാപം കടന്നുവന്നത്.

പാപം എന്ന വാക്കിനു വിവിധ വാക്കുകൾ എബ്രായ ബൈബിളിലും ഗ്രീക്ക് ബൈബിളിലും ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതിൽ പ്രസിദ്ധമായിട്ടുള്ളത് ഗ്രീക്കിലെ 'ഹാമാർട്ടിയ' (Hamartia) എന്നതാണ്. ഇതിന്റെ അർത്ഥം "ലക്ഷ്യം പിഴയ്ക്കുക" എന്നും "തോൽവി" എന്നും അർത്ഥമുണ്ട്. (Missing The Mark). കൂടാതെ ഇതേ ആശയം നല്കുന്ന മറ്റു പദങ്ങളുമുണ്ട്. 'അറിയപ്പെട്ട പ്രമാണത്തിനു നേരെയുള്ള മന:പൂർവ്വ ലംഘനമാണ് പാപം' എന്നു ജോൺവെസ്ലി പറഞ്ഞിരിക്കുന്നു. ചുരുക്കിപ്പറയട്ടെ ദൈവത്തിന്റെ പ്രമാണത്തിനു വിരോധമായി ചിന്തിക്കുന്നതും പ്രവ്യത്തിക്കുന്നതും പറയുന്നതും പാപമാണ്. ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

1. വിഗ്രഹ നിർമ്മിതം പാപമാകുന്നു. പുറ. 32: 30–31.

2. ദൈവത്തിന്റെ പ്രമാണങ്ങളെ നിസ്സാരമാക്കുന്നതു പാപമാകുന്നു. ലേവ്യ. 22:9, റോമ 5:13.

3. ദൈവത്തോടു ശത്രുത്വം പാപമാണ്. യാക്കോ. 4:4.

4. ലംഘനം പാപമാകുന്നു. സങ്കീ. 32:1.

5. മോഹം പാപമാകുന്നു. യാക്കോ.1:5.

**പാപത്തിന്റെ ഉത്ഭവം**

പാപത്തിന്റെ ഉത്ഭവത്തെപ്പറ്റി വലിയ തെളിവുകൾ നമുക്കുയില്ലായെങ്കിലും ആധികാരികമായി ഉപയോഗിക്കുന്ന ഭാഗങ്ങളാണ് യെശ. 14:12–14. യെഹെ 28:13–18, അഹങ്കാരത്താൽ, ദൈവത്താൽ തള്ളപ്പെട്ട പിശാച് ഏദനിൽ ആദ്യ മാതാപിതാക്കളെ വഞ്ചിക്കുകയും അവരിലൂടെ പാപം ഉത്ഭവിക്കുകയും ചെയ്തു. പാപം രണ്ടു തരത്തിലാണ്. ഒന്നു ജന്മപാപം. രണ്ട്, കർമ്മപാപം. ഇതിൽ ജന്മപാപം എന്നു നാം ഉദ്ദേശിക്കുന്നത് അനുസരണക്കേടിനാൽ പാപിയായ ആദിമ മനുഷ്യനിലൂടെ പാരമ്പര്യമായി മനുഷ്യർ പാപ സ്വഭാവമുള്ളവരായിത്തീർന്നു എന്നതാണ് റോമ 5:12. പ്രവ്യത്തിയിലൂടെ കടന്നുവരുന്ന പാപം എന്നാണ് കർമ്മ പാപം കൊണ്ടു ഉദ്ദേശിക്കുന്നത്. സങ്കീ. 32:1.

**പാപത്തിന്റെ ഫലങ്ങൾ**

പാപം ആത്മീകമായി ദൈവത്തിൽ നിന്നും നമ്മേ വേർപെടുത്തുന്നു. കൂടാതെ പാപത്തിനു നമ്മേ അടിമപ്പെടുത്തുവാൻ സാധിക്കും. പാപത്തിന്റെ ഫലങ്ങളെ തിരുവചന വെളിച്ചത്തിൽ ശ്രദ്ധിക്കുമ്പോൾ കാണുന്ന പ്രത്യേകതകളാണ്.

1. മരണം. റോമ 5:12, 1 കൊരി 15:12,–23.

2. ജീവിതയാതനകൾ. ഉല്പ. 3:14–21

3. നിത്യമരണം – വെളി. 20:4,14

4. വേർപാട് – എഫേ 2:1

5. ദൈവമായുള്ള കൂട്ടായ്മ നഷ്ടമാകുന്നു. യാക്കോ. 1:14–15.

**പാപത്തിന്റെ പ്രതിവിധി**

മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം പാപമാകുന്നു, അതിനു പരിഹാരം ഉണ്ടാക്കുക വളരെ പ്രയാസമാണ്. എന്നാൽ സ്നേഹവാനായ ദൈവം പാപത്തിനു പ്രതിവിധിയായി യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ പരിപാടിയിട്ടു. അങ്ങനെ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പാപമോചനവും വിടുതലുമുണ്ട്.

പാപിയായ മനുഷ്യനു ദൈവത്തിൽ നിന്നും മോചനം ലഭിക്കണമെങ്കിൽ അടിസ്ഥാനപരമായി താൻ ചെയ്യേണ്ടത്.

1. മാനസാന്തരപ്പെടുക, മത്താ. 3:8, അപ്പോ. 2:38.

2. ഏറ്റു പറയുക. ഹോശ 5:15, 1 യോഹ 1:7–8.

3. വിശ്വസിക്കുക. അപ്പോ. 16:31.

4. ദൈവവചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കുക. സങ്കീ. 1:1–3, 119:71, 106.

5. പ്രാർത്ഥിക്കുക. സങ്കീ. 38:18.

6. പാപത്തോടു പോരാടുക. എബ്രാ 12:4.

(തുടരും...)

---

യുവജന പംക്തി

# ക്രിയാത്മക ചിന്തകൾ (Positive Thinking)



ബിനുജോസഫ് വടശ്ശേരിക്കര

ചിന്തകൾ എല്ലാം ക്രിയാത്മകമല്ല. വളർച്ചയിലേക്കും വിജയത്തിലേക്കും നയിക്കുന്നതരം നല്ല ചിന്തകളെ ക്രിയാത്മക ചിന്തകൾ എന്നു വിളിക്കും. സത്യമായ, നീതിയായ, നിർമ്മലമായ, രമ്യമായ, സൽകീർത്തി ഉണ്ടാകുന്ന സൽഗുണകരമായ എല്ലാ ചിന്തകളും ഇതിൽ പെടും. മനശാസ്ത്രജ്ഞനായിരുന്ന ജോൺ മർഷി ഇപ്രകാരം പറഞ്ഞു.

**"നിന്റെ ജീവിതത്തിലെ പരാജയമോ, നേട്ടമോ നിശ്ചയിക്കുന്നതിന്റെ പ്രധാനകാരണം നിന്റെ ദൃഷ്ടി എന്തിലേക്കു പതിച്ചിരിക്കുന്നു എന്നുള്ളതിലാണ്. നിന്റെ ചിന്തകൾ പരാജയത്തിൽ ലക്ഷ്യം വച്ചിരിക്കുന്നുവെങ്കിൽ നീ അവിടെതന്നെ അവസാനിക്കും." അതുകൊണ്ടാണ് "ഒരു വ്യക്തിയുടെ ചിന്തയാണ് അവന്റെ ജീവിതം എന്തായിതീരും എന്ന് നിശ്ചയിക്കുന്നത്." എന്ന് മാർക്കെഡ് ഹൊർബിയോസ് അഭിപ്രായപ്പെട്ടത്.**

സുവിശേഷത്തിനും ജനസേവനത്തിനായും ജീവൻ മാറ്റിവച്ച ഗ്രഹാം സ്റ്റെയിൻസിന്റെയും പിഞ്ചുമക്കൾ ഫിലിപ്പിന്റെയും തിമൊത്തിയുടെയും മരണം എല്ലാ ജനഹൃദയങ്ങളിലും വേദനയും അമർഷവും ഉളവാക്കി. കുഷ്ഠരോഗികളെ ശുശ്രൂഷിക്കുവാനായി കടന്നുവന്ന ഇദ്ദേഹത്തിന്റെ പ്രവർത്തനം എന്നും നിലനിൽക്കുന്നതാണ്. സുവിശേഷവിരോധികളുടെ കയ്യാൽ അഗ്നിക്കിരയാക്കപ്പെട്ട അവരുടെ കത്തികരിഞ്ഞ ശവശരീരങ്ങൾക്ക് മുന്നിൽ നിന്നുകൊണ്ട് ഗ്ലാഡിസ് എന്ന ആ സ്ത്രീരത്നം വിളിച്ചു പറഞ്ഞു. "എനിക്കാരോടും പരിഭവമില്ല; എന്റെ ഭർത്താവിനെയും കുഞ്ഞുങ്ങളെയും കൊന്നവരോട് ഞാൻ ക്ഷമിക്കുന്നു." അവസാനമായി ആ ശവമഞ്ചത്തിന്റെ മുമ്പിൽ നിന്നുകൊണ്ടവർ പാടി; Because he lives I can face tomorrow, Because he lives all fear is gone, because I know, yes I know he holds my future... (യേശു ജീവിക്കുന്നതിനാൽ ഭയം കൂടാതെ നാളയെ അഭിമുഖീകരിക്കുവാൻ ഞാൻ ശക്തയാണ്. എന്തുകൊണ്ടെന്നാൽ യേശുവിന്റെ കരങ്ങളിൽ എന്റെ ഭാവി സുരക്ഷിതമാണ്.)

അപ്രതീക്ഷിതമായത് സംഭവിച്ചപ്പോൾ, ഈ സ്ത്രീയുടെ ജീവിതത്തിൽ പ്രതീക്ഷയും പ്രത്യാശയും വർദ്ധിക്കുവാനിടയായി. വേണമെങ്കിൽ വൈരാഗ്യത്തിലും ഭീതിയിലുമായി ഇവർക്ക് കഴിയാമായിരുന്നു. എന്നാൽ യേശുവിലുള്ള അടിയുറച്ച വിശ്വാസം അവരിലെ പ്രത്യാശയെ വർദ്ധിപ്പിച്ചു.

**ക്രിയാത്മക ചിന്തകൾക്ക് നിദാനം**

ക്രിയാത്മക ചിന്തകൾക്ക് നിദാനം സർവ്വശക്തനായ ദൈവത്തിലുള്ള ആശ്രയമാണ്. അതുകൊണ്ട് സങ്കീർത്തനക്കാരൻ പറയുന്നു; ദൈവത്തിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതത്തിന് തുല്യൻ. ദൈവാശ്രയമില്ലാത്തവൻ പ്രത്യാശഹീനനായി തീരുന്നു. സമൂഹത്തിന്റെ ഏതു തലങ്ങളിൽ ഉന്നതരായവരെ എടുത്താലും അവർ എല്ലാം ഈശ്വരനിൽ ആശ്രയിക്കുന്നവരായിരുന്നു.

"ജെ.സി. പെന്ന എന്ന ഒരു വ്യാപാരി കടുത്ത ദാരിദ്ര്യത്തിൽ നിന്നാണ് വ്യാപാരം ചെയ്ത് സമ്പന്നതയിലെത്തിയത്. ഒരിക്കൽ ആരോ അദ്ദേഹത്തോട് ചോദിച്ചു. എന്താണ് തന്റെ വിജയരഹസ്യം? ഒറ്റ വാക്കിൽ അദ്ദേഹം പറഞ്ഞു; "ജീവിതത്തിലെ പ്രതികൂലങ്ങളും, യേശുക്രിസ്തുവും. പ്രതികൂലങ്ങൾ എന്നിൽ ആത്മധൈര്യം വർദ്ധിപ്പിച്ചു. യേശു എന്റെ രക്ഷകനും വഴി കാട്ടിയുമായി തീർന്നു. അതുകൊണ്ട് എനിക്ക് വിജയിക്കുവാൻ കഴിഞ്ഞു" യേശു കൂടെയുള്ളതിനാൽ പ്രതികൂലങ്ങളിൽ കാത്തുകൊള്ളുമെന്ന് താൻ ഉറച്ച് വിശ്വസിച്ചു.

ഡോ. വിൻസെന്റ് പീൽ അദ്ദേഹത്തെ ഒരു 'ക്രിയാത്മക ചിന്തകനെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ക്രിയാത്മക ചിന്തകൾ എന്നു പറയുന്നത് തന്നെ Dynamit" പോലെ ശക്തിയുള്ള ഒരായുധമാണ്. ക്രിയാത്മക ചിന്തകൾ ഉടലെടുക്കണമെങ്കിൽ അടിയുറച്ച വിശ്വാസം കൂടിയേ തീരൂ. വൃക്ഷങ്ങളുടെ തണ്ടിൽ 'ജീവരസം' വ്യാപരിക്കുമ്പോൾ പഴയ ഇലകൾ കൊഴിഞ്ഞ് പുതിയ ഇലകൾ വളരുന്നതു പോലെ വിശ്വാസം ഉള്ളിൽ വ്യാപരിക്കുമ്പോൾ നിഷേധാത്മചിന്തകൾ പുറത്തു കടക്കും.

ക്രിയാത്മക ചിന്താഗതിക്കാർ തന്നെ നിരാശയിൽ വീണുപോകാറുണ്ട്. എന്നാൽ അതിൽനിന്ന് കരകയറുവാനായി ആത്മധൈര്യം കൈവിടാതെ അവർ ശ്രമിക്കുന്നു എന്നതാണ് വ്യത്യസ്തത. ദൈവാശ്രയമുള്ളവർ പ്രതിസന്ധിയിൽ അകപ്പെടില്ല എന്നല്ല, മറിച്ച് അകപ്പെടുമ്പോൾ അവയെ നേരിടുവാനുള്ള ആത്മധൈര്യം ഏറ്റെടുക്കുന്നു. മറ്റുപലരും പ്രതിസന്ധിയെ കണ്ട് ഭയന്ന് ജീവിതം അവസാനിപ്പിക്കുന്നു. അല്ലെങ്കിൽ കൈകളുയർത്തി പരാജയം ഏറ്റുവാങ്ങുന്നു.

ഒരിക്കൽ രണ്ടു തവളകൾ അബദ്ധവശാൽ ഒരു പാത്രത്തിൽ വീണു. ആ പാത്രത്തിൽ കട്ടിയുള്ള, കുറുകിയ ഒരു ദ്രാവകമായിരുന്നു. തവളകൾ രണ്ടും നിരന്തര പരിശ്രമം ചെയ്തിട്ടും രക്ഷപ്പെടുവാൻ കഴിഞ്ഞില്ല. അതിൽ ഒരു തവള പറഞ്ഞു, "ഇനിയും യാതൊരു രക്ഷയുമില്ല അതിനാൽ കൈകാലടി അവസാനിപ്പിച്ച് മരണത്തിന് കീഴടങ്ങാം. മറ്റേ തവള പറഞ്ഞു; 'ഇല്ല സാദ്ധ്യമല്ല ഞാൻ മരണംവരെ പോരാടും'. പ്രതീക്ഷ നഷ്ടപ്പെട്ട തവള അല്പസമയം കഴിഞ്ഞപ്പോൾ അതിൽ മുങ്ങിചത്തു. മറ്റേ തവള തന്റെ ശ്രമം തുടർന്നുകൊണ്ടേയിരുന്നു. സമയം വളരെ കഴിഞ്ഞപ്പോൾ ആ ദ്രാവകത്തിന്റെ മുകളിൽ എന്തോ കട്ടിയായത് കിടക്കുന്നത് കണ്ട് തവള അതിൽ കയറി ഇരുന്ന് പുറത്തേക്ക് ചാടി രക്ഷപ്പെട്ടു. യഥാർത്ഥത്തിൽ തൈര് പാത്രത്തിലായിരുന്നു ഇവകൾ വീണത്. കുറെ സമയത്ത് കൈകാലടിയിൽ വെണ്ണ കട്ടയായതിൽ കയറിയാണ് തവള രക്ഷപ്പെട്ടത്.

പലപ്പോഴും പ്രതികൂലങ്ങളിൽ വഴികാണാതെ നിഷേധാത്മകർ ജീവിതം വിട്ടുകളയുമ്പോൾ ക്രിയാത്മചിന്തകർ എല്ലാ പ്രതീക്ഷകളും നഷ്ടമാകുമ്പോൾ പ്രത്യാശ കൈവിടുന്നില്ല. ദൈവാശ്രയം ഉപേക്ഷിക്കുന്നില്ല. ജീവിതത്തിലെ പ്രതികൂലങ്ങളാണ് വ്യക്തികളെ ആത്മധൈര്യത്തിലെത്തിക്കുന്നത്. "പ്രതിസന്ധികളിലൂടെ അല്ലാതെ വിജയത്തിലെത്തിയവർ ആരുമില്ല." ബൈബിൾ പറയുന്നു, "നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാറ്റിൽ നിന്നും ദൈവം അവനെ വിടുവിക്കുന്നു."

**"ദൈവം മനുഷ്യരെ വെള്ളത്തിൽ വീഴ്ത്തുന്നതു മുങ്ങിമരിക്കുവാനല്ല, പ്രസ്തുത കഴുകി വെടിപ്പാക്കാനാണ്." (ഓറി)**

**ക്രിയാത്മചിന്തകൾക്ക്**

- ❑ ദൈവത്തിൽ അചഞ്ചലവിശ്വാസം ഉണ്ടാക്കുക
- ❑ ക്രിയാത്മകമായി ചിന്തിക്കുന്നവരുമായി ഇടപെടുക
- ❑ നിങ്ങളിൽതന്നെ ആത്മവിശ്വാസം വളർത്തുക.
- ❑ മറ്റുള്ളവരുടെ വാക്കുകൾക്ക് നിങ്ങളെ തകർക്കാനാവില്ലെന്ന് ഉറക്കുക
- ❑ ജീവിതത്തിൽ നേരിടുന്നവയിൽ നിന്ന് എന്തെങ്കിലും പഠിക്കുക.
- ❑ നിങ്ങൾക്ക് ഉത്തേജനം പകരുന്ന കാര്യങ്ങൾ മനസിൽ ധ്യാനിക്കുക, ഉരുവിടുക.
- ❑ തീവ്രമായ പരിശ്രമത്തിലൂടെ വിജയം സാദ്ധ്യമാണെന്ന് വിശ്വസിക്കുക.
- ❑ ശുഭാപ്തി വിശ്വാസത്തോട് മുന്നേറുക.

## ചോദ്യോത്തര വേദി

# നാലുതരത്തിലുള്ള ദൈവവേലക്കാർ




**ചോദ്യം** : ഞാനൊരു മർത്തോമസഭാംഗമാണ്. ഈ പ്രദേശത്ത് ഓർത്തഡോക്സുകാരും മർത്തോമക്കാരുമാണ് കൂടുതലായും പാർക്കുന്നത്. കുറച്ചുനാൾ മുമ്പ് കോട്ടയം ഭാഗത്തുനിന്ന് ഒരു പാസ്റ്റർ സുവിശേഷപ്രവർത്തനത്തിനായി ഞങ്ങളുടെ പ്രദേശത്ത് വന്നു. എന്റെ വീട്ടിലും വന്നു. പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്തു. പ്രവചനം പലതും ശരിയായിരുന്നു. അതുകൊണ്ട് എനിക്കദ്ദേഹത്തിൽ വിശ്വാസം തോന്നി. അങ്ങനെ അദ്ദേഹം മാസത്തിലൊരിക്കൽ വന്നുകൊണ്ടിരുന്നു. ഒരു ദിവസം അത്യാവശ്യമായി 5000 രൂപ കടമായി വേണമെന്ന് പറഞ്ഞു. ഞാൻ കൊടുത്തു. അധികം താമസിക്കാതെ തിരിച്ചു തരികയും ചെയ്തു. പിന്നീടൊരിക്കൽ കൂടുതൽ പണം ആവശ്യപ്പെട്ടു പണമില്ലാതിരുന്നതിനാൽ പത്തുപവനോളം സ്വർണ്ണാഭരണങ്ങൾ പണയം വയ്ക്കാൻ കൊടുത്തു. പിന്നീടദ്ദേഹം വീട്ടിൽ വന്നിട്ടില്ല. ഇതുപോലെ ഈ പ്രദേശത്തുനിന്നും പലരെയും അദ്ദേഹം വഞ്ചിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. രണ്ടു വർഷത്തിന് ശേഷം മറ്റുചിലർ ഇടപെട്ട് ആഭരണങ്ങൾ എനിക്ക് തിരിച്ച് കിട്ടി. യഥാർത്ഥ ദൈവവേല ചെയ്യുന്നവരെ എങ്ങനെയാണ് തിരിച്ചറിയുക? അങ്ങനെയുള്ളവരുടെ പ്രവർത്തനങ്ങളെ സഹായിക്കണമെന്നുണ്ട്, കാരണം ഞാൻ യേശുവിനെ സ്നേഹിക്കുന്നു.

**സാറാമ്മ, കല്ലൂപ്പാറ**

**ഉത്തരം** : കർത്താവിന്റെ വേല ചെയ്യുന്നവർ കർത്താവിൽനിന്ന് 'നിയമനം' കിട്ടിയവരായിരിക്കണം (എഫെസ്യർ 4:11). നിയമനം കിട്ടിയവരാണെങ്കിലും അല്ലെങ്കിലും താഴെപ്പറയുന്ന നാലു തരത്തിലുള്ള ദൈവവേലക്കാരുമായി ഞാൻ ഇടപെട്ടിട്ടുണ്ട്.

**1. കർത്താവിന്റെ ഉള്ളത്തെ സന്തോഷിപ്പിച്ച് മറ്റുള്ള മനുഷ്യർക്ക് അനുഗ്രഹമായി നടക്കുന്നവർ:**

അവർക്കു ലോകത്തിലുള്ള ഭൗതികവസ്തുക്കളോട് ആസക്തി ഒന്നുമില്ല. 'പദവി'കളോട് താല്പര്യമില്ല. ശാരീരിക സുഖങ്ങളിൽ നല്ല ആത്മനിയന്ത്രണമുള്ളവരാണ്. അവരുടെ ബുദ്ധിമുട്ടുകൾ മറ്റുള്ളവരോട് പറയാറില്ല. തങ്ങളെ ഏല്പിച്ച ശുശ്രൂഷയെക്കുറിച്ച് നല്ല ബോദ്ധ്യമുള്ളവരാണ് അവർ. **സകല സങ്കല്പങ്ങളും വിചാരങ്ങളും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ട് കീഴടക്കാൻ അവർ ശ്രമിക്കുന്നു (2കൊരി10:4).** ഇങ്ങനെയുള്ള ശുശ്രൂഷകരുമായി ബന്ധപ്പെട്ടാൽ നല്ല അനുഗ്രഹങ്ങൾ ഉണ്ടാകും. എന്നാൽ മൊത്തമുള്ള വേലക്കാരിൽ ഏതാണ്ട് 5 ശതമാനമേ ഇത്തരക്കാരുള്ളൂ.

**2. മറ്റു മനുഷ്യർക്ക് ദോഷമൊന്നും ചെയ്യാതെ ദൈവവേല ചെയ്യുന്നവർ:**

ക്ഷമയും കരുണയും നീതിബോധവും നല്ല അളവിൽ ഇവർക്കുണ്ട്. സഭയോട് സ്നേഹമുണ്ട്. രാജ്യത്തോട് സ്നേഹമുണ്ട്. പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. പദവികൾ ഇഷ്ടമാണ്. ഭൗതീകവസ്തുക്കളോട് താല്പര്യമുണ്ട്. മറ്റുള്ളവരുടെ മതിപ്പ് അവർ വിലമതിക്കുന്നു. **സ്വയംനീതികരണം കുറച്ചുണ്ടെങ്കിലും** പൊതുവെ ഇവർ നല്ലവരാണ്. ഇവരുമായി ബന്ധപ്പെട്ടാലും അനുഗ്രഹങ്ങളുണ്ടാകും. ഏതാണ്ട് 20 ശതമാനം ദൈവവേലക്കാർ ഇത്തരക്കാരാണ്.

**3. ദൈവവേല ആദായസൂത്രമായി കാണുന്നവർ:**

വേദപുസ്തകം/ലഘുലേഖകൾ കൈയ്യിൽപിടിച്ച് ദൈവവേല ചെയ്യുന്നവരെ കേരളത്തിലെ മിക്കവീടുകളിലും, വന്ദിച്ചില്ലെങ്കിലും നിന്ദിക്കില്ല. ഏതെങ്കിലും വീട്ടുകാർ ഇവരെ പ്രവേശിപ്പിച്ചാൽ ഇവർ പ്രാർത്ഥിക്കും, പ്രവചിക്കും, ഉപവാസപ്രാർത്ഥന നടത്തും. വീട്ടുകാരുമായി ഒരു മാനസികബന്ധം ഉണ്ടാക്കിക്കഴിഞ്ഞാൽ, **വന്നവന്റെ** സകലഭാരവും വീട്ടുകാരെ ഏൽപിച്ച് **പിരിവ് തുടങ്ങും.** അവസാനം വീട്ടുകാർക്ക് ഇവരെ കാണുന്നതുതന്നെ ബന്ധനവും ബാദ്ധ്യതയുമായി അനുഭവപ്പെടും. **തങ്ങൾ തന്നെ ബന്ധനത്തിലായിരിക്കെ മറ്റുള്ളവർക്ക് സ്വാതന്ത്ര്യത്തെ വാഗ്ദത്തം ചെയ്യുന്നവരാണ് ഇവർ (2 പത്രോസ് 2:19).** 50 ശതമാനം ദൈവവേലക്കാരും ഇത്തരക്കാരാണ്.

**4. വഞ്ചനയും ചതിവുമായി നടക്കുന്നവർ:**

ഇവർ നല്ല വാക്ചാതുര്യമുള്ളവരാണ്. ഇവരുടെ പ്രാർത്ഥനയും പ്രസംഗവും പ്രവചനവും കേൾക്കാൻ ഇമ്പകരമാണ്. ഇവരെ എതിർത്തവരെല്ലാം ന്യായവിധിക്ക് വിധേയമായതായും അവർ മുഖേന അനേകം പേർ സൗഖ്യം പ്രാപിച്ചതായും ഇവർ കൂടെകൂടെ പ്രഖ്യാപിക്കും. വർഷങ്ങളായി **വ്യാജം പറഞ്ഞും വ്യാജം പ്രവർത്തിച്ചും** നടന്നതിനാൽ, മിക്കവരും **ഭൂതബാധയുള്ളവരാണ്.** ധാരാളം പേരുടെ പ്രാക്ക് (ശാപം) കിട്ടിയിട്ടുള്ളതിനാൽ ഇവർക്ക് സ്വന്തം വീട്ടിൽ സമാധാനം ഇല്ല. വളരെ അപകടകാരികളായ ഇവരിൽ ഒരാളെയാണ് നിങ്ങൾ വീട്ടിൽ കയറ്റി ദുഃഖം അനുഭവിച്ചത്. 25 ശതമാനം ദൈവവേലക്കാരും ഇത്തരക്കാരാണ്.

ഒറിജിനലിനെ വെല്ലുന്ന ഡ്യൂപ്ലിക്കേറ്റ് കറൻസിനോട്ടുകൾ പ്രചരിക്കുന്നത് ഈയിടെ ഒരു ബാങ്ക് മാനേജർ എന്നെ കാണിച്ചു. ബാങ്കുകാർക്ക് അബദ്ധം പറ്റാമെങ്കിൽ, സാധാരണക്കാർ എങ്ങനെ കള്ളനോട്ടിനെ അതിജീവിക്കും എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം തമാശരൂപത്തിൽ പറഞ്ഞ മറുപടി **'നിങ്ങൾ പോയി അനുഭവിക്കുക'** എന്നാണ്.

**1. കർത്താവ് ഇപ്രകാരം അരുളിചെയ്തു:** '.....അവർ ആടുകളുടെ വേഷം ധരിച്ച് നിങ്ങളുടെ അടുക്കൽ വരുന്നു; ഉള്ളിലോ അവർ കടിച്ചുകീറുന്ന **ചെന്നായ്ക്കൾ** ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം..." (മത്തായി 7:15,16)

2. അപ്പോസ്തോലനായ പൗലോസ് ഇപ്രകാരം എഴുതി : "ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തോട് ദയകാണിക്കാത്ത **കൊടിയ ചെന്നായ്ക്കൾ** നിങ്ങളുടെ ഇടയിൽ കടക്കും എന്ന് ഞാൻ അറിയുന്നു..." (അപ്പൊ.പ്രവ. 20:29,30)

3. '... അവർ അധികം പുരോഗമിക്കയില്ല... ഇവരുടെ **ബുദ്ധിശൂന്യത** എല്ലാവർക്കും വെളിപ്പെടും' (2തിമൊ. 3:6–9)

4. ചഞ്ചല ചിത്തരെ അവർ വശീകരിക്കുന്നു. അത്യാഗ്രഹത്താൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ള അവർ **ശപിക്കപ്പെട്ട സന്തതികളാകുന്നു** (2 പത്രോസ് 2:10–21).

5. അവർ ലൗകീകന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു; ലോകം അവരുടെ വാക്കു കേൾക്കുന്നു (1യോഹന്നാൻ 4:5) "... അവരെ സൂക്ഷിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു; അവരിൽനിന്ന് **അകന്നുമാറുവിൻ**" (റോമർ 16:17).

6. "അവരുടെ **അവസാനം നാശമാകുന്നു.** അവരുടെ ദൈവം അവരുടെ ഉദരമാകുന്നു..." (ഫിലിപ്പ്യർ 3:17–20).

കള്ളന്മാരും **ഭൂതം ബാധിച്ചവരുമായ (2കൊരി11:13–15) വേലക്കാർ** സഭയിൽ ഉയർന്നുവരുമെന്ന് കർത്താവായ യേശുവും അപ്പൊസ്തലന്മാരും നമുക്ക് മുന്നറിയിപ്പ് നല്കിയിട്ടുള്ളതിനാൽ, അവരെ ഒഴിഞ്ഞ് നില്ക്കാനുള്ള ഉത്തരവാദിത്വം വിശ്വാസികൾക്ക് തന്നെയാണ്. അവരെ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യേണ്ടത് ഒരോ വിശ്വാസിയുടെയും ചുമതലയാണെന്ന് **കർത്താവ് അരുളിച്ചെയ്യുന്നു (വെളിപാട് 2:2)**

**"ഭൂമിക്കും, സമുദ്രത്തിനും അയ്യോ കഷ്ടം!** പിശാച് തനിക്ക് അല്പകാലമേയുള്ളൂ എന്ന് അറിഞ്ഞ് മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു" (വെളിപ്പാട് 12:12)

**കുറിപ്പ്:** നാലുതരത്തിലുള്ള ദൈവവേലക്കാരുടെ **ശതമാനകണക്ക്** എന്റെ നിരീക്ഷണം മാത്രമാണ്. അത് ആർക്ക് വേണമെങ്കിലും മാറ്റാവുന്നതും മാറുന്നതും ആകുന്നു.

# ഏബനേസർ ഐ. പി. സി.കൺവൻഷൻ

**ദുബായ്:** ഏബനസേർ ഐ. പി. സിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 8–10 വരെ ദുബായ് ഹോളി ട്രിനിറ്റി ചർച്ചിൽ കൺവൻഷൻ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ മുഖ്യ പ്രഭാഷണം നടത്തും. ഏബനേസർ ക്വയർ ഗാനങ്ങളാലപിക്കും.

യു. എ. ഇയിലെ പ്രധാന പെന്തെക്കോസ്ത് സഭകളിലൊന്നായ ഐ. പി. സി. ഏബനേസർ സുവിശേഷ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമാണ്. പാസ്റ്റർ കെ. വൈ. തോമസ് സഭാ ശുശ്രൂഷകനായും പാ. സാമുവേൽ ജോൺ, പാ. അലക്സ്. പി. എസ്. , സുവി. തങ്കച്ചൻ ദാനിയേൽ, സുവി. തോമസ് ബാബു എന്നിവർ സഹ ശുശ്രൂഷകരായും പ്രവർത്തിക്കുന്നു. ഷിബു മുള്ളംകാട്ടിൽ (സെക്രട്ടറി), മാത്യു ജോൺ (ട്രഷറാർ), കോളിൻസ് മാത്യൂസ് (ജോ. സെക്രട്ടറി), എബി. എം. വർഗ്ഗീസ്, ജയിംസ് മേമന, കുഞ്ഞുകുട്ടി. ഡി. (കമ്മിറ്റി അംഗങ്ങൾ) എന്നിവർ സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# പാസ്റ്റേഴ്സ് ഫെലോഷിപ്പ്

**പാലക്കാട്:** പാലക്കാടും പരിസരങ്ങളിലുമുള്ള പാസ്റ്റർമാരുടെ കൂട്ടായ്മാ വേദിയായി പാലക്കാട് പാസ്റ്റേഴ്സ് ഫെലോഷിപ്പ് രൂപീകരിച്ചു.

എല്ലാമാസത്തിലും മൂന്നാമത്തെ ശനിയാഴ്ച ഉപവാസപ്രാർത്ഥനയും ആലോചനായോഗങ്ങളും നടന്നുവരുന്നു. ജൂൺ മാസത്തിലെ ഫെലോഷിപ്പ് യോഗവും ഉപവാസപ്രാർത്ഥനയും ജൂൺ 18 ന് ഒലവക്കോട് ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ നടന്നു. അടുത്ത യോഗം ജൂലൈ 16 ന് ഐ. പി. സി. ധോണി സഭയിൽ നടക്കും.

പെന്തെക്കോസ്ത് ഉപദേശങ്ങളുമായി യോജിച്ച് പോകുന്ന എല്ലാ ശുശ്രൂഷകരെയും ഉൾപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്. പാലക്കാട് മുൻസിപ്പാലിറ്റിയും അതിന് ചുറ്റുമുള്ള 20 പഞ്ചായത്തുകളുമാണ് ഇപ്പോഴത്തെ പ്രവർത്തന പരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ദൈവദാസന്മാരിൽ പാസ്റ്റേഴ്സ് ഫെലോഷിപ്പുമായി സഹകരിക്കുവാൻ താല്പര്യമുള്ളവർ 9496292764, 9946025078 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# സി. ഇ. എം. റാന്നി പത്തനംതിട്ട സോണൽ സമ്മേളനം

**പത്തനംതിട്ട:** സി.ഇ.എം. ജനറൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ റാന്നി-പത്തനംതിട്ട ഡിസ്ട്രിക്ടിലുള്ള ശുശ്രൂഷകന്മാരുടേയും സി.ഇ.എം പ്രവർത്തകരുടേയും സംയുക്ത സമ്മേളനം ജൂലൈ 10 ഞായറാഴ്ച 3ന് ചെത്തോങ്കര ശാരോൻ ചർച്ചിൽ നടന്നു. ജനറൽ പ്രസിഡന്റ് പാ. വർഗ്ഗീസ് ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. മദ്ധ്യമേഖല കോ-ഓർഡിനേറ്റർ ജെ.പി. വെണ്ണിക്കുളം സ്വാഗതം ആശംസിച്ചു. ജനറൽ കോ-ഓർഡിനേറ്റർ റവ. മാത്യൂസ് എം.കുര്യന്റെ നേതൃത്വത്തിൽ ചർച്ച നടന്നു. വിവിധ മേഖലയിലുള്ള സി.ഇ.എം പ്രവർത്തകർ സജീവ പങ്കാളിത്തം വഹിച്ചു. റവ. മാത്യൂസ് കൃതജ്ഞത രേഖപ്പെടുത്തി. പാ. കോശി ഉമ്മൻ സമാപന പ്രാർത്ഥന നടത്തി.

# ഭാരവാഹികൾ

**പത്തനംതിട്ട:** സി.ഇ.എം. റാന്നി പത്തനംതിട്ട സോണൽ ഭാരവാഹികളായി പാ. ബാബു മാത്യു (പ്രസിഡന്റ്), ബ്രദ. റോബി ഏബ്രഹാം (സെക്രട്ടറി), സിസ്റ്റർ സൂസൻ ജോസ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. ഇവരെക്കൂടാതെ കമ്മറ്റിയംഗങ്ങളായി പാ. കോശി ഉമ്മൻ, അനു കെ.അനിയൻ (ചെത്തോങ്കര സെക്ഷൻ), റോബി ഏബ്രഹാം, ബോവസ് കെ. വി. (കണ്ണംപള്ളി സെക്ഷൻ), പാ. ബാബു മാത്യു, സോജു മാത്യു (വെച്ചൂച്ചിറ സെക്ഷൻ), സിസ്റ്റേഴ്സ് സൂസൻ ജോസ്, നീതു ആൻ ഏബ്രഹാം (മൈലപ്ര സെക്ഷൻ), പാ. സാബു ഫിലിപ്പ്, ബ്ലെസൻ കെ. പീറ്റർ (ചിറ്റാർ സെക്ഷൻ) എന്നിവരേയും തെരഞ്ഞെടുത്തു.

# 01 ശാരോൻ ഫാമിലി കോൺഫറൻസ്

ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റും മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി സ്ഥാപകനുമായ റവ. ഡോ. റ്റി. ജി. കോശി ഫാമിലി കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ദൈവശാസ്ത്ര പ്രഭാഷകരും കൺവൻഷൻ പ്രസംഗകരുമായവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കോൺഫറൻസിന്റെ ഭാരവാഹികളായി പാസ്റ്റർ തേജസ് പി. തോമസ് (കൺവീനർ), പാസ്റ്റർ ഏബ്രഹാം കുര്യൻ (സെക്രട്ടറി), പുന്നൂസ് തോമസ് (ട്രഷറർ), അനിൽ രാജൻ (യൂത്ത് കോ - ഓർഡിനേറ്റർ), ലേഡീസ് കോ - ഓർഡിനേറ്റർമാരായി സിസ്റ്റർ ജോസി തോമസ്, ഗ്രേസ് തോമസ് എന്നിവരെയും തിരഞ്ഞെടുത്തു.

നാഷണൽ കമ്മറ്റിയും, ലോക്കൽ കമ്മറ്റിയും, ഫാമിലി കോൺഫറൻസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുമെന്ന് പബ്ലിസിറ്റി കോ - ഓർഡിനേറ്റർമാരായ ജോബികുര്യൻ, റോയി കുര്യൻ എന്നിവർ അറിയിച്ചു. പ്രസംഗങ്ങളും സ്റ്റഡി ക്ലാസ്സുകളും കൂടാതെ, ഗ്രൂപ്പ് സെക്ഷനുകൾ, യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടികൾ, സ്പോർട്സ് ആൻഡ് ഗെയിംസ്, കലാപരിപാടികൾ, മിഷൻ പ്രവർത്തനങ്ങൾ, സിമ്പോസിയം, വിമൻസ് ഫോറം തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികൾക്ക് സമ്മേളനത്തിൽ നടക്കും.

ആനുകാലികം

# സമ്പത്തിന്റെ കാര്യവിചാരകത്വം



സണ്ണി. പി. സാമുവേൽ

അഡ്വ. റ്റി. പി. സുന്ദർരാജ് ചരിത്രത്തിൽ എന്നും സ്തുതിക്കപ്പെടുന്ന ഒരു വലിയ നിയോഗം പൂർത്തീകരിച്ചാണ് നിര്യാതനായത്. ഇന്റലിജൻസ് ബ്യൂറോയുടെ മുൻ അസിസ്റ്റൻഡ് ഡയറക്ടറായിരുന്ന സുന്ദർരാജാണ് ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ നിലവറയിൽ സൂക്ഷിച്ചിരിക്കുന്ന നിധി നിക്ഷേപത്തിന്റെ വിവരം പുറം ലോകം അറിയുന്നതിന് കാരണമായി ഭവിച്ചത്. ശ്രീ. പത്മനാഭസ്വാമി ക്ഷേത്രം സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ സമർപ്പിച്ച വാദമാണ് തുടർനടപടിയായി നിധി നിക്ഷേപത്തിന്റെ വാതിലുകൾ തുറക്കുന്നതിന് അതിന്റെ മൂല്യനിർണ്ണയത്തിനും കാരണമായത്.

സഹസ്രകോടികളുടെ നിക്ഷേപവുമായി കഴിഞ്ഞ 150 ൽ പരം വർഷങ്ങളായി ഈ ഭൂഗർഭ അറകൾ കാലത്തിന്റെ കാറ്റു കടക്കാതെ സംരക്ഷിക്കപ്പെടുകയായിരുന്നു. അതിന്റെ കാവലാളായി നിന്നിരുന്ന തിരുവിതാംകൂർ രാജവംശം കാലിലെ പൊടി തട്ടിക്കളഞ്ഞ് (ക്രിസ്തുവിന്റെ വാക്കുകൾ ഇവിടെ സ്മരിക്കാം) തങ്ങൾ ശ്രീ ഭണ്ഡാരത്തിൽ നിന്നും ഒന്നും ന്യായമായോ അന്യായമായോ എടുത്തിട്ടില്ലായെന്ന് മാലോകരെ ബോദ്ധ്യപ്പെടുത്തി ദർശ്ശനം കഴിഞ്ഞിറങ്ങുന്ന ആ രംഗം ഞാൻ പലപ്പോഴും മനസ്സിൽ കാണാറുണ്ട്. ദൈവഭക്തിയിൽ ചിട്ടപ്പെട്ട ധാർമ്മികത അടിത്തറയാക്കിയ തിരുവിതാംകൂർ രാജവംശം എന്നും ചരിത്രത്തിൽ വേറിട്ട കാഴ്ചയായിരുന്നു. ബൈബിൾ അധിഷ്ഠിത ധാർമ്മികതയിൽ തങ്ങൾ നില്ക്കുന്നു എന്നു അഭിമാനിക്കുന്ന ബ്രിട്ടീഷ് രാജകുടുംബം പോലും ആധുനികതയുടെ കുത്തൊഴുകിൽ കടപുഴകി വീണ് അപമാനിക്കപ്പെടുമ്പോഴാണ് നമ്മുടെ കൊച്ചുകൊച്ചു കേരളത്തിലെ ഒരു രാജകുടുംബം ഇത്തരത്തിൽ ജീവിച്ചതെന്ന് ഓർക്കണം. നിലവറയിലെ സമ്പത്ത് ആരോടും ചോദിക്കാതെ എടുത്ത് ആഡംബരത്തിനും മറ്റും അവർക്കു ചെലവഴിയ്ക്കാമായിരുന്നു. എന്നാൽ രാജകുടുംബത്തിലെ പിന്മുറക്കാർ ആരും തന്നെ ആ നിക്ഷേപത്തിൽ കൈ വയ്ക്കാതെ ജോലി ചെയ്ത് കൈക്കൊണ്ട് അദ്ധ്വാനിച്ച് സ്വന്തം കുടുംബം പുലർത്തി എന്നതാണ സത്യം. അതിന് അവർക്കു യാതൊരു മടിയുമില്ലായിരുന്നു. ഭീമമായ സമ്പത്തിന് കാവൽ നില്ക്കുമ്പോഴും കൊതിയോടും ആർത്തിയോടും കൂടെ അവയെ കാണാതെ, ദൈവത്തിനുള്ളത് ദൈവത്തിനും കൈസർക്കുള്ളതു കൈസർക്കും" എന്നു പറഞ്ഞ അന്തസും അഭിമാനവും ആഭിജാതൃവും കാത്തുസൂക്ഷിച്ച തിരുവിതാംകൂർ രാജവംശം നമുക്ക് അഭിമാനമാണ്.

ഈ സമ്പത്തുമായി യാതൊരു ബന്ധവുമില്ലാത്തവർ ജാതിയുടെയും രാഷ്ട്രീയത്തിന്റെയും പേരു പറഞ്ഞ് ഇപ്പോൾ അതിന്മേൽ അവകാശം ഉന്നയിക്കുവാനായി പ്രസ്താവനാ യുദ്ധവും വാചകമേളയും നടത്തുമ്പോഴാണ് രാജകുടുംബത്തിന്റെ മുമ്പിൽ നാം നമ്രശിരസ്കരാകുന്നത്.

രാജർഷി പദവി (രാജകീയ പുരോഹിത വർഗ്ഗം) അവകാശപ്പെടുന്ന സമൂഹത്തിന് തിരുവിതാംകൂർ രാജവംശത്തിൽ നിന്നും പകർത്തുവാൻ കഴിയുന്ന ധാരാളം ധാർമ്മിക ചിട്ടവട്ടങ്ങളുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ നല്ല (Great and Best) ധാർമ്മിക നിയമാവലി (Ethical Code) ബൈബിൾ ആണെന്ന് നാം വിശ്വസിക്കുന്നു, പ്രസംഗിക്കുന്നു, പഠിപ്പിക്കുന്നു. എന്നാൽ നാം അവ അനുസരിക്കുകയോ അനുഷ്ഠിക്കുകയോ ചെയ്യുന്നില്ല എന്നതാണ് സത്യം! സാമ്പത്തിക അച്ചടക്കം പ്രത്യേകിച്ച് ഉദ്ധരിക്കേണ്ടുന്ന വിഷയമാണ്. പല സുവിശേഷവിഹിത സഭകളുടെയും സംഘടനകളുടെയും വരവു ചെലവു കണക്കുകൾ അട്ടിമറിക്കപ്പെട്ടവയോ ക്രമക്കേടുകൾ ഉള്ളവയോ ആണെന്നാണ് ഇന്റലിജൻസ് റിപ്പോർട്ടുകൾ. ദൈവത്തിന്റെ പണമോ ദൈവത്തിന്റെ പേരിലുള്ള പണമോ സ്വന്തമായി കാണുന്നതിന് നേതൃത്വ നിരയ്ക്കും യാതൊരു മടിയുമില്ല. ശലോമോന്റെ കാലം യിസ്രായേലിന്റെ ചരിത്രത്തിൽ രാഷ്ട്രീയമായ സുവർണ്ണ കാലഘട്ടമായിരുന്നു. എന്നാൽ അന്യായമായ നികുതി നിമിത്തം താഴേക്കിടയിലുള്ളവരും സാധാരണക്കാരും വീർപ്പു മുട്ടുകയായിരുന്നു, നമ്മുടെ ചില ആത്മീക നേതൃത്വങ്ങളും ഈ വഴിക്കല്ലേ യാത്ര ചെയ്യുന്നത് എന്നു സംശയം. പ്രോജക്റ്റുകളുടെയും, പദ്ധതികളുടെയും, ചാരിറ്റികളുടെയും മറ്റും പേരിൽ നടക്കുന്ന പണപ്പിരിവുകൾ ജനത്തെ വീർപ്പു മുട്ടിക്കുകയാണ്. ഇങ്ങനെ ശേഖരിക്കുന്ന പണം സുവിശേഷീകരണത്തിനായി ചെലവഴിയ്ക്കാതെ Infra Structural' പദ്ധതികൾക്കായിട്ടാണ് വിനിയോഗിക്കപ്പെടുന്നത്. "സുവിശേഷത്തിനായി ചെലവഴിച്ചാൽ കോൺട്രാക്റ്ററിൽ നിന്നും കമ്മീഷൻ ലഭിക്കുകയില്ല" എന്നാണ് ഒരു വ്യക്തി ഇതേക്കുറിച്ച് സൂചിപ്പിച്ചത്. താലന്ത് മണ്ണിൽ കുഴിച്ചിട്ട ദാസന്മാരായി നാം മാറുകയാണോ? അതിന് പ്രതിഫലമില്ല, കേട്ടോ! മാത്രമല്ല ദുഷ്ടദാസനെ എന്ന വിളിയ്ക്ക് നാം യോഗ്യതാപത്രം കൂടെ നേടുകയാണ്. ഇതു വെറും വനരോദനമാണ് എന്ന് എനിയ്ക്കറിയാം, എങ്കിലും കുറിക്കുന്നു!

## കുവൈറ്റ് ചർച്ച് ഓഫ് ഗോഡ് റീജിയൻ ചിൽഡ്രൻസ് ഫെസ്റ്റ്

**കുവൈറ്റ്:** തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചിൽഡ്രൻസ് ഫെസ്റ്റ് സിലബസായ ഹലോ ഗലീലയുടെ ഇംഗ്ലീഷ് തീം അനുസരിച്ച് കുവൈറ്റിൽ ചർച്ച് ഓഫ് ഗോഡ് സഭകളുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 6-10 വരെ ചിൽഡ്രൻസ് ഫെസ്റ്റ് നടക്കും. റീജിയനിലെ വിവിധ സഭകളിൽ നിന്നായ് 400 -ൽ അധികം കുട്ടികൾ പങ്കെടുക്കും. ഫെസ്റ്റിന്റെ വിജയത്തിനായ് വിപുലമായ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

കുവൈറ്റ് ഐ. പി. സി. സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന ചിൽഡ്രൻസ് ഫെസ്റ്റിന്റെ ടീച്ചേഴ്സ് ട്രെയ്നിംഗ് ഓഗസ്റ്റ് 12,13 തീയതികളിൽ നടക്കും. ചിൽഡ്രൻസ് ഫെസ്റ്റ് ടീം ട്രെയിനിംഗിന് നേതൃത്വം നൽകും. ജൂലൈ 9 -11 വരെ ടെന്റ് ഓഫ് ഗ്ലോറി ദുബായിൽ നടന്ന ചിൽഡ്രൻസ് ഫെസ്റ്റ് സ്റ്റുഡന്റ്സ് ക്യാമ്പ് അനുഗ്രഹമായി സമാപിച്ചു. തുടർന്നും ഗൾഫ്, യൂറോപ്യൻ രാജ്യങ്ങളിൽ ചിൽഡ്രൻസ് ഫെസ്റ്റുകൾ നടക്കും. കൂടുതൽ വിവരങ്ങൾക്കും, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ സിലബസിനും, ചിൽഡ്രൻസ് ഫെസ്റ്റ് ബുക്കിംഗിനും, ട്രെയ്നിംഗിനും ബന്ധപ്പെടുക. 9656217909, 9745647909

## ബ്ലസ്സ് ഫൗണ്ടേഷൻ 3-ാം വർഷത്തിലേക്ക്

**പൻവേൽ:** മുബൈയിലെ പൻവേൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബ്ലസ്സ് ഫൗണ്ടേഷൻ മൂന്നാംവർഷത്തിലേക്ക്. മുബൈയിൽ ചുവന്ന തെരുവിൽ നിന്നും വഴിയോരങ്ങളിൽ നിന്നുമുള്ള അനാഥരും എയ്ഡ്സ് രോഗികളുമായ കുട്ടികളുടെ പുനഃരധിവാസത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ബ്ലസ്സ് ഫൗണ്ടേഷൻ. എയ്ഡ്സ് രോഗികളായ 25 ലധികം കുട്ടികൾ ബ്ലസ്സ് കെയർ ഹോമിൽ അന്തേവാസികളായുണ്ട്. ബ്ലസ്സ് ഫെലോഷിപ്പ് ചർച്ചിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ബ്ലസ്സ് കെയർ ഹോം പ്രവർത്തിക്കുന്നത്. പാസ്റ്റർ സാംകുട്ടി മാത്യു റാന്നി (രക്ഷാധികാരി), പാസ്റ്റർ സുനിൽ അക്കരത്ത് (ഡയറക്ടർ), പാസ്റ്റർ റജി തോമസ് (പ്രസിഡന്റ്), ബ്രദർ പ്രകാശ്. പി. കോശി (സെക്രട്ടറി), പാസ്റ്റർ ഫിലിപ്പ് തോമസ് (പി. ആർ. ഒ) എന്നിവരടങ്ങിയ സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

കല്ലുകടി

## പത്രങ്ങളെ കൈയിൽവെച്ച് ശാസിക്കണം

ഇതുവരെ ആരും പരീക്ഷിച്ചിട്ടില്ലാത്ത പുതിയ ഒരു തന്ത്രം പത്രങ്ങൾക്കെതിരെ പ്രയോഗിക്കുവാൻ പോകുന്നു. ഇതിന്റെ ഉപജ്ഞാതാവ് ഐ. പി. സി. കേരളാ സ്റ്റേറ്റ് കൗൺസിലിലെ ഒരു അംഗമാണ്. അദ്ദേഹത്തെ പ്രകോപിപ്പിച്ചത് ബിലീവേഴ്സ് ജേണലിലെ ഐ. പി. സി. ഇലക്ഷന്റെ വാർത്തയാണ്. ഇത്തരം പത്രങ്ങളെ ഒതുക്കാൻ പത്രം കൈയ്യിൽ കിട്ടിയാൽ ഉടനെ കൈയ്യിലെടുത്ത് പ്രാർത്ഥിച്ച് ശാസിക്കണം എന്നാണ് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം. തിരുവല്ലാക്കാർ ഇതേ രീതിയിൽ ഇദ്ദേഹത്തെ ശാസിച്ചിരുന്നെങ്കിൽ പൊടിപോലും ശേഷിക്കയില്ലായിരുന്നു. തിരുവല്ലായിലും പരിസരത്തും ഏതെങ്കിലും ഗൾഫുകാരനോ അമേരിക്കക്കാരനോ എത്തിയെന്നറിഞ്ഞാൽ ഏത് സഭയായാലും ഇനി അടുത്തുള്ള ഐ. പി. സി. സഭയിലെ തന്നെ അംഗമായാലും ഭാര്യാസമേതനായി വലിയ ചാക്കുമായി എത്തി തട്ടികൊണ്ടുപോകുന്ന തരത്തിലുള്ള സുവിശേഷ വേല ചെയ്ത് വിജയിച്ച ഈ മാന്യനെ ആടുകളെ നഷ്ടപ്പെട്ട ഉപദേശിമാർ എല്ലാം കൂടി ശാസിച്ചിരുന്നെങ്കിൽ ഈ മാന്യദേഹത്തിന്റെ അവസ്ഥ എന്തായിരുന്നേനെ. പിടയുടെ ചരടിന്റെ നിയന്ത്രണത്തിൽ സഭ ഭരിയ്ക്കുന്ന ഇത്തരം പൂവന്മാരെ വിശ്വാസികളെല്ലാം കൂടി ശാസിച്ചിരുന്നെങ്കിൽ പൊടിപോലും ശേഷിക്കുമായിരുന്നില്ല. മാത്രമല്ല അടുത്ത വർഷം നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പിൽ മാന്യമായ ഒരു കസേരയ്ക്കായി കരുക്കൾ നീക്കി തയ്യാറാടെടുത്തിരിക്കുന്ന ഈ 'ആത്മീയന്' സത്യം പറയുന്ന പത്രങ്ങളോട് എന്താണാവോ ഒരു ഭയം.

**അടിക്കുറിപ്പ്:** കോഴിയെ കട്ടവന്റെ തലയിലേ തൂവൽ കാണുകയുള്ളു.

### ബന്ധുവിനുവേണ്ടി കമ്മീഷനെ സ്വാധീനിക്കുവാൻ ശ്രമിച്ചു
### വഴിവിട്ട നിയമനം പ്രസ്ബിറ്ററി തടഞ്ഞു

## സ്റ്റേറ്റ് സെക്രട്ടറിയ്ക്കെതിരെ വീണ്ടും ആരോപണം

**കുമ്പനാട്:** ഇലക്ഷനു മുമ്പായി സ്വാധീന മേഖലകൾ ഉറപ്പിക്കുന്നതിന്റെ ഭാഗമായി സെന്റർ ഏരിയ രൂപികരണം ഐ. പി. സിയിൽ ശക്തമായി. സ്വന്തക്കാരെയും അനുയായികളെയും ഈ സ്ഥാനങ്ങളിൽ എത്തിക്കുവാൻ ചില നേതാക്കന്മാർ വഴിവിട്ട് പ്രവർത്തിക്കുന്നുവെന്ന ആരോപണം ഉയർന്നിരിക്കുന്നു. ഐ. പി. സി. ചിറ്റൂർ ഏരിയാ അടുത്ത ബന്ധുവിന് ലഭിയ്ക്കുവാൻ ഏരിയ രൂപീകരണത്തിനായി രൂപികരിച്ച പഠന കമ്മീഷനിലെ അംഗത്തെ വഴിവിട്ടു സ്വാധീനിയ്ക്കുവാൻ കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ്. പി. തോമസ് ശ്രമിച്ചതായി കമ്മീഷനംഗവും കേരളാ സ്റ്റേറ്റ് കൗൺസിംഗവുമായ ബ്രദർ ജോർജ്ജ് തോമസ് വടക്കഞ്ചേരി കൗൺസിൽ യോഗത്തിൽ പരാതിപ്പെട്ടു. ശുശ്രൂഷയിൽ വന്നിട്ട് ചിലവർഷങ്ങൾ മാത്രമായ പാസ്റ്റർ എ. സി. ഏബ്രഹാമിനെയാണ് വഴിവിട്ട് നിയമിക്കുവാൻ സെക്രട്ടറി ശ്രമിച്ചതത്രെ. ഏരിയ രൂപീകരണവുമായി ബന്ധപ്പെട്ട് രൂപികരിച്ച കമ്മീഷൻ റിപ്പോർട്ട് കൗൺസിലിൽ വയ്ക്കുന്നതിനുമുമ്പ് തന്നെ ബന്ധുവിനെ ചുമതലയേൽപ്പിക്കാൻ ഒരുക്കങ്ങൾ നടത്തിയതാണ് കൗൺസിലിൽ ചൂടേറിയ ചർച്ചയ്ക്കു കാരണമായത്. അഴിമതി നിറഞ്ഞ ഭരണമാണിവിടെ നടക്കുന്നതെന്ന മറ്റൊരു പ്രമുഖ അംഗത്തിന്റെ പരാമർശവും സ്റ്റേറ്റ് സെക്രട്ടറിയെ വെട്ടിലാക്കിയിരിക്കുകയാണ്. അടൂർ സെന്റർ ലഭിക്കുന്നതിനും എതിർപ്പുകൾ ഇല്ലാതാക്കുവാനും കൂടെ നിന്നാൽ കൊട്ടാരക്കര സെന്റർ ക്രമീകരിച്ചുതരാമെന്ന് സ്റ്റേറ്റ് സെക്രട്ടറിയും കൗൺസിൽ അംഗമായ ഫിന്നി. പി. മാത്യുവും അടൂരിലുള്ള ഹോട്ടൽ ശില്പ ഇന്റർനാഷണലിൽ വെച്ച് വാക്ക് തന്നിട്ട് കാലുവാരിയെന്ന വർഗ്ഗീസ് മത്തിനാലിന്റെ ആരോപണവും കൗൺസിലിൽ ഉയർന്നു.

ആത്മീയതയുടെ മറവിൽ നടക്കുന്ന ഇത്തരം കച്ചവടങ്ങളും രാഷ്ട്രീയ കളികളും ജനം മടുത്തിരിക്കുന്നു. വിശ്വാസികൾ അംഗമായ സ്റ്റേറ്റ് കൗൺസിലിനെ നോക്കുകുത്തിയാക്കി നിർത്തി പ്രസ്ബിറ്ററിയിൽ പ്രധാന തീരുമാനങ്ങളെടുക്കുന്നതിലും രോഷം ഉയരുകയാണ്. അടുത്ത വർഷം നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള കളികളാണ് കുമ്പനാട് ഇപ്പോൾ നടക്കുന്നത്. ഗ്രൂപ്പ് സമവായങ്ങൾ മാറി മറിയുകയാണ്. കുതികാൽ വെട്ടും ചാക്കിട്ടുപിടുത്തവും സ്വജന പക്ഷപാതവും ഒക്കെയായി രാഷ്ട്രീയക്കാരെ വെല്ലുന്ന കളികൾ അരങ്ങേറുകയാണിവിടെ. പോലീസ് കേസും കോടതിയുമൊക്കെയായി ആകെ താറുമാറിലായ ഒരു ഭരണത്തിന്റെ കാലാവധി തീരുമ്പോൾ അധികാര മുറപ്പിക്കുവാനും അധികാരത്തിലെത്തുവാനും അങ്കത്തട്ടിലിറങ്ങിക്കഴിഞ്ഞു നേതാക്കന്മാർ.

Articels



**Pastor Chuck Morley**
**Atlanta, USA**

# PROSPERITY

## Another Gospel Are Wealth and Riches Promised To Every Believer

**A terrible thing has happened in the land: The prophets prophesy lies, the priests rule by their own ability, and my people love it this way. But what will you do in the end?"** *(Jeremiah 5:30, 31 NIV)*

Our family enjoys Christian television. The cable TV company in our area provides us with 4 evangelical Christian stations. A fifth one buys time slots from two of these stations as well as from several secular markets. So, there is no time, day or night, that we can not hear the Gospel.

However, **"A terrible thing has happened in the land:"** Twice a year several of the stations raise funds through telethons. There is nothing wrong with telethons. Believers should help support the preaching of the Gospel. But during these fund-raisers I was hearing promises of rewards for giving, that did not ring true with scripture.

**"The prophets prophesy lies..."** These are a few of the promises the host pastors and evangelists were making to prospective donors during some of the recent telethons. It's time for your increase. God's going to give you a double portion (money, temporal goods). The devil is going to return seven times what he's stolen from you. You're going to receive miraculous debt cancellation. Miracle money is on the way.

It is amazing how far we have deliberately misrepresented the truth of God's Word to make believers think that His ltimate desire for them is to become rich. I believe the underlying purpose for this is nothing less than to seduce the viewers into giving. It is frightening to hear supposedly men and women of God proclaim, "God wants you to have the best. Poverty is a curse. To be poor is a sin, etc." Even more troubling is when these clichés are used for no other purpose then to fill their own coffers through the greed and spiritual I mmaturity of their followers.

**"...and my people love it this way."** Their audiences respond to these empty promises with thunderous applause and praises. Unknowingly, or maybe even refusing to believe that scripture, in its context, does not support such teachings. However, it does describe many of those who preach it. "And through covetousness shall they with feigned words make merchandise of you..." *(2 Peter 2:3)*

My purpose in this book isn't to attack any individual teacher or follower of the prosperity gospel. As I quote them, I won't reveal their identity, because that's not the issue. Instead, I want you to look at the scriptures used in its propagation and try to put them back into the context that the Holy Spirit originally intended.

It is a fact that every false teaching introduced to the church within the last two thousand years has never gone without some type of scriptural reference. Although most of the time twisted and stretched into unbelievable contortions, all heresy must utilize scripture in an attempt to prove its validity. We must also examine our own motives to see what attracts us to such teachings. Does it draw me closer to the heart of Jesus? Does it work in me a hunger for righteousness and holiness? Does it break the power of continued dis obedience and sin in my life? Or does it pander to my flesh; my greed, my lust for things? Does God really want to make me wealthy so that I can become a great philanthropist for His Kingdom? I think not! In fact, for the most part, the opposite is true.

In order to better understand why these scriptures must be twisted and contorted by its teachers, it is important to know the teaching's origins, and its long term harmful effect on its followers.

**Religious Mind Science**

This false gospel is molded after success formulas promulgated by such people as Napoleon Hill, who has presented his theory in such books as *Think to Grow Rich* and *The Power of Positive Mental Attitude.* However, Napoleon Hill tells us that he was into the occult, and that this information was given to him by disembodied spirits and that the system operates under the principle of mind over matter. Hill and his religious imitators in the pulpit claim that we can visualize our desires, and that what our mind can visualize we can achieve in real life. Our act of visualization becomes a substitute for true faith in God. The Christian prosperity preacher says that because we are the children of God, He desires the best for us. They ask, "What father would not give his children the best he can provide? How much more will our heavenly

Father give us out of what He has to give!" Then they roll out a few dozen "success" stories and the checkbooks come out across the congregation. The strategy seems to be molded after some of the multilevel marketing programs that have also captivated many people. These programs offer great wealth, power, prestige, and honors.

08

ലേഖനം



ഷാജി വെണ്ണിക്കുളം
അറ്റ്ലാന്റാ, യു. എസ്. എ

# കുനിഞ്ഞുനോക്കി, തുണികണ്ടു

യേശുക്രിസ്തുവിന്റെ ക്രൂശീകരണം കഴിഞ്ഞ പുനരുദ്ധാനത്തിന്റെ പ്രഭാതസമയം. യേശു പറഞ്ഞിരുന്ന വചനങ്ങളെ ഓർത്ത് അതിൽ വിശ്വസിച്ച് മറിയ അതിരാവിലെ യേശുവിന്റെ കല്ലറയ്ക്കൽ ചെന്നു. കല്ലറ വാതിൽക്കൽ നിന്നും കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നതുകണ്ടു. അകത്തുകടന്നപ്പോൾ യേശുവിന്റെ ഭൗതീക ശരീരം കണ്ടില്ലെങ്കിലും ദുതൻ അവൾക്കു പ്രത്യക്ഷമായി. യേശു ഉയർത്തെഴുന്നേറ്റു എന്ന സന്തോഷവാർത്ത അവളെ അറിയിച്ചു. അവൾ മടങ്ങിവന്ന് ശിഷ്യന്മാരെ അറിയിച്ചപ്പോൾ അതുവരെ യേശുവിന്റെ കൂടെ നടന്ന് അത്ഭുതങ്ങൾ കണ്ടവർ അതു വിശ്വസിക്കാതെ അവർക്ക് അത് വെറും കഥ പോലെ തോന്നി. വിശ്വാസിക്കാത്തവർ കല്ലറയ്ക്കൽ ചെന്നപ്പോൾ തുണിമാത്രം കണ്ട് തൃപ്തരായ. അവർക്ക് ദൂതൻ പ്രത്യക്ഷനായതുമില്ല. ഇതുപോലെ ഇന്നും യേശു ഉയർത്തെഴുന്നേറ്റു എന്നു വിശ്വസിച്ചുകൊണ്ട് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അവനെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവർക്ക് യേശുവിന്റെ സാമീപ്യം അനുഭവിച്ചറിയുവാൻ സാധിക്കും. എന്നാൽ ഇതൊക്കെയും ഒരു വെറും കഥ എന്നു വിശ്വസിക്കുന്നവർ ആരാധനക്കു ചെന്നാൽ യേശുവിനെ കാണാതെ ശീലകൾകണ്ട് സംതൃപ്തരായി മടങ്ങിവരുന്നു. അവർ എവിടെനോക്കിയാലും ശീലകൾ മാത്രം. ആലയത്തിലെ മനോഹരമായ തിരശ്ശീല, പുരോഹിതന്റെ തലയിലെ ശീല, പുരോഹിതൻ ധരിച്ചിരിക്കുന്ന ശീല എന്നുവേണ്ട അങ്ങനെ ശീലകൾ കണ്ടു തൃപ്തരാകുമ്പോൾ അവന്റെ ദേഹമെന്ന തിരശ്ശീല ചീന്തിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ലോകത്തിലെ ശീലകൾ കണ്ടു തൃപ്തി അടയാതെ അവന്റെ തേജസാർന്ന മുഖം കണ്ട് ആരാധിച്ചു സന്തോഷത്തോടെ മടങ്ങിവരുന്നു.

യേശുവിന്റെ കല്ലറയ്ക്കൽ ചെന്നവർ കല്ലറയ്കകത്തു കടന്നു (ലൂക്കോസ് 24:3) എന്നെഴുതിയിരിക്കുമ്പോൾ; പത്രൊസ് എഴുന്നേറ്റ് കല്ലറയ്ക്കൽ ഓടിച്ചെന്നു കുനിഞ്ഞുനോക്കി, തുണിമാത്രം കണ്ടു (21:12) എന്നു നാം കാണുന്നു. ഉയരത്തിൽ വസിക്കുന്ന യേശുവിനെ ഉയരത്തിലേക്ക് കണ്ണുകൾ ഉയർത്തിയാൽ കാണുവാൻ കഴിയും. അല്ല താഴേക്ക് കുനിഞ്ഞുനോക്കിയാൽ ഈ ലോകത്തിലെ തുണികളും മറ്റും നമുക്കുകാണാം. പത്രൊസ് ഇതിനുമുമ്പും യേശുവിന്റെ മുഖത്തുനിന്നും നോട്ടം മാറ്റിയവനാണ്. വെള്ളത്തിന്മേൽ നടന്നപ്പോൾ യേശുവിന്റെ മുഖത്തേക്കു നോക്കി നടക്കുവാൻ ആരംഭിച്ചു. നോട്ടം കീഴോട്ടായപ്പോൾ വെള്ളം കണ്ടു ഭയന്നു. തൽഫലമായി അവൻ മുങ്ങുവാൻ ഇടയായി.

ഇന്നും യേശുവിന്റെ മുഖത്തേക്കുമാത്രം നോക്കി ഇറങ്ങിയ അനേകരുടെയും നോട്ടത്തിനു മാറ്റം വന്നു. ഉയരത്തിലേക്കു നോക്കിയവർ താഴേക്കു നോക്കാൻ തുടങ്ങി. അതുകൊണ്ട് ദൈവവേലയെ അവർ "വേല"യാക്കി കോടികൾ സമ്പാദിക്കുന്നു. ദൈവവേലയുടെ പേരിൽ വീടും വയലും തോട്ടവുമെല്ലാം വാങ്ങിക്കൂട്ടുന്നു. പ്രസ്ഥാനങ്ങൾ ഉണ്ടാക്കി 'വേല'യും കീശയും വിശാലമാക്കുന്നു. വേലയുടെ പേരിൽ ഉലകം ചുറ്റി ഊടാടി സഞ്ചരിക്കുന്നു. ഇപ്പോൾ യെരുശലേമിനെ പുണ്യസ്ഥലമാക്കി (അല്പ) വിശ്വാസികളെ അവിടേക്കു കയറ്റി അയച്ചു സമ്പത്തു വർദ്ധിപ്പിക്കുന്നു. ദൈവവേലയുടെ പേരിൽ അമേരിക്ക മുതലായ സമ്പന്ന രാജ്യങ്ങളിൽ എത്തിയ പലരും കീഴോട്ട് നോക്കി തുണിയും തുണി ഇല്ലാതെയും നടക്കുന്ന പലരേയും കണ്ട് അവരുടെ 'വേല' അനുകരിക്കുന്നു. നാട്ടിൽ ജൂബ്ബായും മുണ്ടും ധരിച്ച് മാന്യമായി നടന്ന അച്ചായന്മാർ പോലും ഇപ്പോൾ "ഷോർട്ട്സ്' ആണു ധരിക്കുന്നത്. ചൂടാണ് പ്രശ്നം. "അവൻ കരയ്ക്ക് ഇറങ്ങിയപ്പോൾ ബഹുകാലമായി ഭൂതങ്ങൾ ബാധിച്ചോരു മനുഷ്യൻ പട്ടണത്തിൽ നിന്നു വിന്ന് എതിർപെട്ടു അവൻ ബഹുകാലമായി വസ്ത്രം ധരിക്കാതെയും..." (ലൂക്കോസ് 8:27) (ഇതിൽ നിന്നും ചൂട് ബാധിച്ചിരിക്കുന്നത് എവിടെയാണെന്നും മാന്യമായി വസ്ത്രം ധരിക്കാത്തവർ ആരാണെന്നും വായനക്കാർ ഗ്രഹിച്ചുകൊൾക).

പണ്ട് ഒരു തോർത്തും ഉടുത്ത് തലയിൽ തൊപ്പിപ്പാളയും വെച്ച കൃഷിയിടങ്ങളിൽ പകലന്തിയോളം പണിതപ്പോൾ ചൂട് അവർക്ക് കാര്യമായിരുന്നില്ല. അന്നു ജീവിതഭാരം എന്ന ചൂട് അവരെ ഭരിച്ചിരുന്നു. അതുകൊണ്ട് ദൈവഭയവും, വീടുകളിൽ പ്രഭാത - സന്ധ്യാ പ്രാർത്ഥനകളും ഉണ്ടായിരുന്നു. അത്താഴപ്പട്ടിണിയോടുകൂടിയ അന്നത്തെ നിലവിളി ദൈവസന്നിധിയിൽ എത്തിയതിനാൽ തലമുറകളെ ദൈവം അനുഗ്രഹിച്ചു. അവർ അമേരിക്ക മുതലായ സമ്പന്ന രാജ്യങ്ങളിൽ എത്തിച്ചേർന്നു. കൂട്ടത്തിൽ പ്രായമായ അവരുടെ മാതാപിതാക്കളും. ഇവിടെ വന്നു പട്ടിണിയും ജീവതഭാരവും ഒരളവുവരെ മാറി. വയറ് നട്ടെല്ലുമായി ആലിംഗനം ചെയ്തു നടന്ന അച്ചായന്മാർ ഇന്ന് കൈ എത്തി വയറു ചൊറിയുന്ന സ്ഥിതിയിലായപ്പോൾ മുകളിലേക്കുള്ള നോട്ടം കീഴോട്ടായി. തൽഫലമായി കുടുംബപ്രാർത്ഥനയ്ക്ക് സ്ഥാനഭ്രംശം വന്നു. സമയവും സാഹചര്യവും ഉണ്ടെങ്കിൽ മാത്രം ആരാധനക്കു പോകാമെന്നായി. സഭയിൽ ഉണ്ടായിരുന്ന കോട്ടേജ് മീറ്റിംഗ്പോലും റദ്ദാക്കിയ സഭകൾ ഇന്ന് അമേരിക്കയിലുണ്ട്. ഞായറാഴ്ച രണ്ടു മണിക്കൂർ പേരിനായ് മാത്രം കൂടിവരുന്നു. വിശ്വാസത്തിൽ ഇറങ്ങിയപ്പോഴുള്ള ആ ആരാധനയും അതിന്റെ വീര്യവും ഇന്നു വംശനാശം ഭവിച്ചതുപോലെയായി. സഭകളിൽ ഉണർവ്വില്ല എന്നു പരസ്പരം പഴിചാരി നാം രക്ഷപ്പെടുന്നു.

സ്നേഹിതാ! യേശുവിൽ നിന്നുള്ള നിന്റെ നോട്ടംമാറ്റി കീഴോട്ടാക്കി ലോകത്തിന്റെ പിന്നാലെ ഓടിയതല്ലേ ഇതിനു കാരണം? വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നീ ശ്രദ്ധിച്ചു നോക്കുമേ എന്നാൽ നിന്റെയും നിന്റെ കുടുംബത്തിന്റെയും ജീവിതം ധന്യമായി. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ!



## ഡോ.കോര സംസാരിക്കുന്നു

1. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിധി - **വാർത്ത**
*നമ്മുടെ നേതാക്കന്മാരുടെ സ്വിസ് ബാങ്കിലെ അക്കൗണ്ട്, അല്ല കഴുകാനിടുന്ന ഷർട്ടിന്റെ പോക്കറ്റ് തപ്പിയാൽ അതിലും വലിയ നിധി കിട്ടാൻ സാധ്യത.*

2. ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് മാനം മര്യാദയ്ക്കു നടന്നു - **വാർത്ത**
*ഏഴാംകുറ്റിയിൽ തട്ടിവീണവരെ മാറ്റിനിർത്താനുള്ള ധൈര്യം അവർക്കുണ്ട്.*

3. ചർച്ച് ഓഫ് ഗോഡിൽ വിവാഹപൂർവ്വ കൗൺസലിംഗ് നിർബന്ധം - **വാർത്ത**
*നന്ന്, പാസ്റ്റർമാരുടെ ഭാര്യമാർക്ക് ഇനി ഇടിയുടെ അളവു കുറയും.*

4. "ആരാധിപ്പാൻ നമുക്കു കാരണമുണ്ട്.....
കൈകൊട്ടി പാടാനേറെ കാരണമുണ്ട്...." എന്തവാ കാരണം? - **രാജു, കുമ്പനാട്**
*നേതാക്കന്മാർ എല്ലാം അമേരിയ്ക്കയിലായതുകൊണ്ട്*

5. ഇളക്കാൻ നോക്കി, ജനം ഇളകിയില്ല - **വാർത്ത**
*മെച്ചമായ ആഹാരം അതിനുമുമ്പേ കിട്ടിയതുകൊണ്ട്.*

# റവ. ഡോ. വി. ജെ. സാംകുട്ടി അറ്റ്ലാന്റായിൽ പ്രസംഗിക്കുന്നു

**അറ്റ്ലാന്റാ:** പ്രമുഖ കൺവൻഷൻ പ്രാസംഗികനും ഇംഗ്ലണ്ടിലെ ഓൾ നേഷൻസ് ക്രിസ്ത്യൻ കോളേജ് ഗ്രീക്ക് വേദാദ്ധ്യാപകനും എഴുത്തുകാരനുമായ റവ. ഡോ. വി. ജെ. സാംകുട്ടി ജൂലൈ 29-31 തീയതികളിൽ റവ. ഏബ്രഹാം വർഗീസ് ശുശ്രൂഷിക്കുന്ന നോർക്രോസിലുള്ള ജോർജ്ജിയാ ഫുൾ ഗോസ്പൽ അസംബ്ലി സഭാഹാളിൽ ക്ര



മീകരിച്ചിരിക്കുന്ന പതിനഞ്ചാമതു വാർഷീക കൺവൻഷനിൽ പ്രസംഗിക്കുന്നു. കൂടാതെ ജൂലൈ 27,28 തീയതികളിൽ നടക്കുന്ന ബൈബിൾ ക്ലാസ്സിലും ഇദ്ദേഹം വചനം ശുശ്രൂഷിക്കും.

**ഷാജി വെണ്ണിക്കുളം**

എല്ലാദിവസും വൈകിട്ട് 7.00 മുതൽ 9.00 മണിവരെ നടക്കുന്ന കൺവൻഷനിൽ മ്യൂസിക് ഡയറക്ടർ ബ്രദർ സണ്ണിയുടെ നേതൃത്വത്തിൽ ജോർജ്ജിയാ ഫുൾ ഗോസ്പൽ അസംബ്ലി കയർ ഗാനശുശ്രൂഷയും നടത്തും. ഞായറാഴ്ച രാവിലെ നടക്കുന്ന സ്നാന ശുശ്രൂഷക്ക് റവ. ഏബ്രഹാം വർഗീസ് നേതൃത്വം കൊടുക്കും.

# ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ കോൺഫറൻസ്



**ജോയ് തുമ്പമൺ**

**സെ**പ്റ്റംബർ 1-4 വരെ ഹൂസ്റ്റണിലുള്ള ക്രൗൺപ്ലാസാ ഹോട്ടലിൽ വച്ചു നടക്കുന്ന ഐ. പി. സി. മിഡ് വെസ്റ്റ് റീജിയൻ ജൂബലി കോൺഫറൻസിന്റെ ലോക്കൽ കമ്മറ്റികൾ സജീവമാകുന്നു. ഒക്കലഹോമ, ഡാളസ്സ്, ഹൂസ്റ്റൺ, ഓസ്റ്റൻ തുടങ്ങിയ പട്ടണങ്ങളിൽ നിന്നായി കടന്നുവരുന്ന ആയിരക്കണക്കിനു വിശ്വാസികളെ വരവേൽപ്പാൻ ലോക്കൽ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

ബൈബിൽ ബൽറ്റിന്റെ ആസ്ഥാനമായ മായമിഡ് വെസ്റ്റിൽ ചിതറിക്കിടക്കുന്ന ഐ. പി. സി. സഭകളെ ഒരു ശൃംഗലയിൽ കോർത്തിണക്കി ഐ. പി.സി. മിഡ് വെസ്റ്റ് റീജിയൻ 25 വർഷങ്ങൾക്കു മുമ്പ് രൂപീകരിച്ചത് പരേതനായ പാസ്റ്റർ ഉമ്മൻ ഏബ്രഹാമായിരുന്നു. ഇന്ന് ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്കു (ഐ. പി. സി) അമേരിക്കയിൽ പല റീജിയനുകൾ ഉണ്ടെങ്കിലും, ഈ റീജിയനാണു ആദ്യമായി രൂപീകരിച്ചത്.

ഇതിന്റെ പ്രസിഡന്റായി റവ. ജോൺ ചാക്കോ, വൈസ് പ്രസിഡന്റ് റവ. തോമസ് ജോർജ്ജ്, സെക്രട്ടറി റവ. അലക്സ് വെട്ടിക്കൽ, ജോയിന്റ് സെക്രട്ടറി ബാബുകുട്ടി കപ്പമാംമൂട്ടിൽ. ട്രഷറർ ജോഫ്സ് കുര്യൻ എന്നിവർ പ്രവർത്തിക്കുന്നു. കെ.ഏ. തോമസ് ജനറൽ കൗൺസിലംഗം.

ലോക്കൽ കോർഡിനേറ്ററായി ജോയ് തുമ്പമൺ, സെക്രട്ടറി ട്രോം കുര്യൻ, ട്രഷറർ സാം കുരുവിള, രജിസ്ട്രേഷൻ റോഷൻ ഡാനിയേൽ, റിസ്പ്ഷൻ വിത്സൻ മാത്യു, ബേബി കുര്യൻ, സോംഗ് കോർഡിനേറ്റർ കെ. സി. ജേക്കബ്. റവ. റോയിമോൻ കോശി, പബ്ലിസിറ്റി ജോർജ്ജ് സാംകുട്ടി, പ്രാർത്ഥന റവ. ജോൺ വർഗീസ്, റവ. തങ്കച്ചൻ സാമുവേൽ, യൂത്ത് കോർഡിനേറ്റർ ഡഡ്‌ലി ജേക്കബ്, സെകൂരിറ്റി വേസ്‌ലി വർഗീസ്, ജോൺമാത്യു, താമസം കെ. ഏ. മാത്യു, വർക്കി തോമസ്, ഭക്ഷണം ചാക്കോ. പി. തോമസ്, ശബ്ദം എബി മാത്യു, മെഡിക്കൽ ബ്ലസി ചാക്കോ, ലേഡിസ് കോർഡിനേറ്റർ സൂസൻ ഏബ്രഹാം, കുട്ടികളുടെ മീറ്റിംഗ് ഷിബി ഏബ്രഹാം, തിരുവത്താഴം പി. കെ. തോമസ്, അഷേഴ്സ് കുറിയാക്കോസ് ചാക്കോ, മാത്യൂ വറുഗീസ്, റവ. ജോസഫ് ജോർജ്ജ്. വീഡിയോ റോയി ജോർജ്ജ്, പാർക്കിംഗ് കെ. ജി. ബാബു എന്നിവരാണ്.

# പെന്തെക്കോസ്തു കോൺഫറൻസ് സമാപിച്ചു

**ജോയ് തുമ്പമൺ/ റവ. ബിനു ജോൺ**

**ഒക്കലഹോമ:** ജൂലൈ ആദ്യവാരത്തിൽ അരങ്ങേറിയ ആത്മീയ സംഗമത്തിന് തിരശീല വീണു. 30-ാമത് കോൺഫറൻസ് കാനഡയിലുള്ള ടൊറൊണ്ടയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. കൺവീനറായി റവ. ഈശോ ഫിലിപ്പ്, സെക്രട്ടറി തോമസ് കുര്യൻ, ട്രഷറാർ ബന്നിജോൺ, യൂത്ത് കോർഡിനേറ്റർ റജി ഏബ്രഹാം എന്നിവരെ നാഷണൽ തലത്തിൽ തിരഞ്ഞെടുത്തു. റവ. ബിനു ജോൺ മീഡിയ കോർഡിനേറ്ററായും റവ. മാനുവേൽ ജോൺസൺ പ്രയർ കോർഡിനേറ്ററായും പ്രവർത്തിക്കുന്നതാണ്.



2013 ജൂലൈയിൽ നടക്കുന്ന കോൺഫറൻസ് ന്യൂയോർക്കിലായിരിക്കും. കൺവീനറായി റവ. സണ്ണിഫിലിപ്പിനെ തെരഞ്ഞെടുത്തു.

നാലുദിനങ്ങളിൽ ജൂൺ 30 മുതൽ ജൂലൈ വരെ നടന്ന കോൺഫറൻസിൽ ഉത്തര അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നും ഇന്ത്യയിൽ നിന്നും ഭക്തജനങ്ങൾ കടന്നുവന്ന ആത്മീയ നവചൈതന്യം പ്രാപിക്കുകയും കൂട്ടായ്മ പുതുക്കുകയും ചെയ്തു. റവ. ഡോ.

08




# മാധ്യമ ബാഹുല്യം



**രാജൻ ആര്യപ്പള്ളിൽ**

**ഓ**രോ ദിവസവും പുത്തൻ പത്രങ്ങൾ ഈ-മെയിലിൽ എത്തുകയാണ്. ചിലത് എന്തിനുവേണ്ടിയാണ് ഇറക്കുന്നത് എന്ന് പ്രസാധകർക്കുപോലും ബോധ്യമില്ലായെന്നു തോന്നുന്നു. മാദ്ധ്യമങ്ങൾക്ക് ഉള്ള സ്വാധീനം നമ്മുടെ ജനം തിരിച്ചറിയുന്നു എന്നതാണ് പത്രങ്ങളുടെ ഈ തള്ളിക്കയറ്റത്തിന് കാരണമാകുന്നത്. എന്നാൽ ശരിയായ നിലയിൽ പത്രപ്രവർത്തനം നടത്തുന്നവർ ചുരുക്കമാണ്. എന്തുതന്നെയായാലും മാദ്ധ്യമങ്ങൾ പറയുന്നത് ജനം ശ്രദ്ധിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. സെക്കുലർ രംഗത്ത് തുടർച്ചയായി അഴിമതിപുറത്തുകൊണ്ടുവരുന്നതിൽ ഇന്ത്യയിലെ മാദ്ധ്യമങ്ങൾ വിജയിക്കുന്നു. അതുപോലെതന്നെ ആത്മീയരുടെ ഇടയിൽ നടക്കുന്ന അഴിമതി സ്വജനപക്ഷപാതം, ദുരുപദേശ പ്രചരണം ഇവയ്ക്കെതിരെയെല്ലാം ജാഗരൂകരാകുന്ന മാദ്ധ്യമങ്ങൾ ഒരു പരിധിവരെ വിജയിക്കുന്നുവെന്ന് പറയാം.

കോൺഫറൻസുകൾക്ക് തിരശീല വീണു. നാട്ടിൽ നിന്നും അതിഥികളായി എത്തിയ ശുശ്രൂഷകരുടെ ഫോൺ കോളുകൾ എത്തിക്കൊണ്ടിരിക്കുന്നു. എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ കഴിയില്ല. പരിമിധികൾ ധാരാളം. ചിലരെങ്കിലും അത് മനസ്സിലാക്കും എന്നാണെന്റെ പ്രതീക്ഷ. പതിവായി എത്തുന്നപലരും ഈക്കൂട്ടത്തിൽ ഉണ്ട്. അർഹതയുള്ള പലരും തഴയപ്പെടുന്നുവെന്നും അറിയാം. ആരെതള്ളണം ആരെകൊള്ളണം എന്ന് അറിയാതെ പലരും വിഷമിക്കുന്നു. ചിലരെങ്കിലും തഴയപ്പെടുന്നതിന്റെ വിദ്വേഷം പുലർത്തും എന്നറിയാം. എന്നാൽ വിദേശമലയാളി വിശ്വാസിയുടെ സാഹചര്യങ്ങൾ തിരിച്ചറിയുവാൻ സന്ദർശകർ ശ്രമിക്കുന്നത് നന്നായിരിക്കും എന്നാണെന്റെ പക്ഷം.

## കവിത

# തമ്പേറിന്റെ വിലാപം അഥവാ 'മാ നിഷാദാ'



**ബിജു - അറ്റ്ലാന്റാ**

***ക്രൈ**സ്തവലോകം ആത്മമാരി പെയ്യിക്കുവാൻ ഉപയോഗിക്കുന്ന ഹതഭാഗ്യനായ തമ്പേറിന്റെ ദയനീയ വിലാപമാണ് ഈ കവിതയുടെ ഇതിവൃത്തം. തന്റെ അഭിശപ്ത ജന്മത്തെ പഴിക്കുന്ന താമ്പേറിന്റെ ദീനരോദനം. പാവം തമ്പേറു തന്നെ തന്റെ ദയനീയ ശബ്ദത്തിൽ കൂടി നമ്മോടുവിളിച്ചു പറയുന്നു. "പാവം എന്നെ വെറുതെ വിടു; ഞാനല്ല സത്യമായ ഉണർവ്വിന്റെ ഹേതു". ഈ കരച്ചിൽ കേട്ട ഞാൻ കുത്തിക്കുറിച്ച വരികളാണ് തമ്പേറിന്റെ വിലാപം അഥവാ മാനിഷാദാ.*

എന്തു പാപം ഞാനിത്ര ചെയ്തുപോയ്
വന്നു പിറക്കാനൊരു തമ്പേറായി
തല്ലുകൊള്ളുവാനെൻ മേനിയിൽ തെല്ലും സ്ഥലമില്ലിനിയും
അയ്യോ! ഉപദേശിമാരുടെ അടി, ചത്തിരിക്കും ജനത്തെ
അടിച്ചുണർത്തുവാനുള്ള വ്യർത്ഥമാം ശ്രമത്തിന്റെ ഫലത്തിനായ്
തല്ലുകൊള്ളുന്നതു പാവം ഞാനെന്നോർക്ക നിങ്ങൾ

ശാസിച്ചാൽ വിട്ടുപോകാത്ത ഭൂതത്തെ
തമ്പേറുകൊട്ടി പേടിപ്പിക്കാനൊരുങ്ങുന്നു നിങ്ങൾ
പക്ഷേ തല്ലുകൊള്ളുന്നതു വൃഥാ ഞാനെന്നറിക നിങ്ങൾ
ഭൂതമുണ്ടോ ഇറങ്ങുന്നു നിങ്ങൾ തൻ വൃഥാ കണ്ഠക്ഷോഭത്തിലും
എന്നിലേൽപ്പിക്കുമോരൊ ഘോര താഡനത്തിലും
വൃഥാ തല്ലുകൊള്ളുന്നതു ഞാനെന്നോർക്ക നിങ്ങൾ

എന്റെ ഒച്ചയും, കരച്ചിലും കെട്ടടങ്ങുമന്നേരം വിട്ടുപോകും
നിങ്ങൾ തൻ ആത്മാവിലാരാധനക്കെന്തോ കുഴപ്പമില്ലേ ശോധന
ചെയ്യുക നിങ്ങൾ
യഥാർത്ഥമാം ഉണർവ്വിന്റെ പൊരുളെന്തന്നറിഞ്ഞു
പത്ഥ്യോപദേശത്തിൽ ജീവിക്കാൻ ശ്രമിക്കയല്ലയോ അത്യൂത്തമം

എൻ മുതുകത്തിടിക്കും ഇടികൾ നിങ്ങൾതൻ
ചങ്കത്തടിച്ചു നിലവിളിച്ചീടിൽ സർവ്വശക്തനതു
വരവു ചെയ്തീടും തൻ പുസ്തകത്തിലെന്നോർക്ക നിങ്ങൾ
നാളുകളേറെയായ് എൻ മുൻഗാമികളെ തല്ലിച്ചതച്ചിട്ടൊന്നും
നേടാത്ത നിങ്ങൾ
പരസ്പരം പഴിചാരി ഉണർവ്വിൻ കാറ്റു വീശിക്കുവാൻ ശ്രമിക്കുന്ന
മൗഢ്യഭാവത്തോടും വിടചൊല്ലി ജീവിച്ചീടുക
കറുത്ത പുസ്തകത്തിലെ വെളുത്ത താളുകൾക്കൊത്തവണ്ണം.

# സുവിശേഷ വിരോധികൾ പാസ്റ്ററെ ആക്രമിച്ചു



ഐ. പി. സി. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ്, കൗൺസിൽ അംഗം പാസ്റ്റർ ജോസ് കെ. ഏബ്രഹാം എന്നിവർ ആന്റണിയെ ആശുപത്രിയിൽ സന്ദർശിച്ച് പ്രാർത്ഥിക്കുന്നു.

**കരുനാഗപ്പള്ളി:** ഇന്ത്യൻ പെന്തെക്കോസ്ത് ചർച്ച് പാസ്റ്റർ മരുതൂർകുളങ്ങര തെക്ക് ശാലോം പ്രയർ ഹോമിൽ കെ. ഒ. ആന്റണിയെ (52) ബൈക്കിലെത്തിയ സംഘം മാരകമായ നിലയിൽ കമ്പിവടി കൊണ്ടും മറ്റും മർദ്ദിച്ചു. രാവിലെ തന്നെ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഇവിടെ ഡോക്ടർമാർ ഇല്ലാതിരുന്നതിനാൽ ഓച്ചിറയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. കൈനാലുകൾക്കു പൊട്ടലുണ്ടാവുകയും ദേഹമാസകലം മർദ്ദനത്തിൽ പൊട്ടുകയും ചെയ്തു.

ഞായറാഴ്ച രാവിലെ മാർക്കറ്റിൽ പോയി സൈക്കിളിൽ വീട്ടിലേക്കു മടങ്ങുകയായിരുന്ന കെ. ഒ. ആന്റണിയെ പിന്തുടർന്നു രണ്ടു ബൈക്കുകളിലായി എത്തിയ സംഘം വീടിനു സമീപം വച്ചു സൈക്കിൾ പുറകോട്ടു വലിച്ച് ആന്റണിയെ വീഴ്ത്തുകയായിരുന്നു. തുടർന്നു കമ്പിവടി കൊണ്ടു കൈകാലുകളിൽ അടിക്കുകയും ക്രൂരമായി മർദ്ധിക്കുകയും ചെയ്തു. രണ്ടു ബൈക്കുകളിലായി എത്തിയ നാലംഗ സംഘം കൈലേസു കൊണ്ടു മുഖം മറച്ചിരുന്നു.

മർദ്ദനത്തിനിടയിൽ ഇവർ കാര്യമായി ശരിയാക്കിയേക്കാൻ പറയുകയും ഇവിടം വിട്ട് എത്രയും വേഗം പൊയ്ക്കൊള്ളണമെന്നു പറയുകയും ചെയ്തായി ആന്റണി പറയുന്നു.

കഴിഞ്ഞ 15 വർഷത്തിലേറെയായി ആന്റണിയും കുടുംബവും കരുനാഗപ്പള്ളിയിലാണു താമസിക്കുന്നത്.

## 01 ⇦ മലബാർ സുവിശേഷീകരണത്തിൽ

ഹ്വാനം ചെയ്തു.

സംസ്ഥാന പി. വൈ. പി. എ. ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ മലബാറിൽ ആരംഭിച്ച തീവ്ര സുവിശേഷീകരണ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പെരിന്തൽമണ്ണ റ്റി. റ്റി. പ്ലാസ്സാ ആഡിറ്റോറിയത്തിൽ ഇവാഞ്ചലിസം ബോർഡ് കൺവീനർ പാസ്റ്റർ ബിജോയി കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ കെ. എ. മാത്യു, അജി ജോൺ, ഷാജി ജോൺ, ബാബു മഞ്ചേരി, ജോജു. കെ. ജേക്കബ്, ഷാജി പി.റ്റി., ലാലു ചാക്കോ, ബ്രദർ അനിൽ കെ. ജി. എന്നിവർ ആശംസകൾ അറിയിച്ചു.

മലപ്പുറം മേഖലയിലെ അഞ്ചു സെന്ററുകളിൽ നിന്നും പ്രവർത്തകർ പങ്കെടുത്തു. ട്രാക്റ്റു വിതരണവും, പരസ്യയോഗവും, ലഹരി വിരുദ്ധ ബോധവത്ക്കരണവും പെരിന്തൽമണ്ണയുടെ വിവിധഭാഗങ്ങൾ നടത്തി. അടുത്ത സുവിശേഷീകരണ ക്യാമ്പ് ആഗസ്റ്റ് 11നു കാസർഗോഡിലെ കാഞ്ഞങ്ങാടിൽ നടക്കും.

## 01 ⇦ ഇപ്പോഴുള്ള തെരഞ്ഞെടുപ്പ് രീതി മാറണം

മല്ല മറ്റ് സമുദായകാരെ വെല്ലുന്ന നിലകളിലുള്ള രാഷ്ട്രീയ പ്രവർത്തനം ഇവയെല്ലാം ഒഴിവാക്കുവാനും കഴിവുള്ളവരും ആത്മീയവരുമായവർ നേതൃത്വത്തിൽ എത്തുവാനും ഇത്തരം ഒരു മാറ്റം സഹായിക്കും. രാഷ്ട്രീയ കളികൾ മടുത്ത വിശ്വാസികളും ശുശ്രൂഷകരും ഇപ്പോഴത്തെ സംവിധാനത്തിലും നേതാക്കന്മാരുടെ കളികളിലും മനം നൊന്ത് കഴിയുകയാണ്. സെക്കുലർ രാഷ്ട്രീയ രംഗത്ത് പോലും ഇല്ലാത്ത നിലകളിൽ ഉള്ള പ്രവർത്തനമാണ് ആത്മീയരെന്നു നടിക്കുന്ന പലരും ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. പാനൽ രൂപീകരണവുമായി ബന്ധപ്പെട്ട് നേതാക്കന്മാർ മുൻകൈയ്യെടുത്ത് നടത്തുന്ന രഹസ്യ യോഗങ്ങൾ പലയിടത്തും അരങ്ങേറികഴിഞ്ഞു. രാഷ്ട്രീയ കളികൾ താല്പര്യമില്ലാത്തതിനാൽ നേതൃസ്ഥാനത്തെത്തുവാൻ യോഗ്യരായ പലരും മാറി നില്ക്കുകയാണ്. നിയമ സഭയിലെ പോലെ ഭരണപക്ഷവും പ്രതിപക്ഷവും എന്ന പോലെ തെരഞ്ഞെടുപ്പിനുശേഷവും പെരുമാറുന്ന കൗൺസിൽ അംഗങ്ങൾ ഇതിനുമുമ്പുള്ള ഒരു തെരഞ്ഞെടുപ്പിലും ഉണ്ടായിട്ടില്ല. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ മത്സരമനോഭാവം ഉപേക്ഷിച്ച് സഹവർത്തിത്വത്തോടെ മുന്നേറുകയായിരുന്നു മുൻ പതിവ്. എന്നാൽ ഇപ്പോഴുള്ള കൗൺസിലിലും വ്യക്തമായ രണ്ടു ചേരിയാണുള്ളത്. അടുത്ത തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കിയാണ് കാര്യങ്ങൾ ഇരുകൂട്ടരും നീക്കുന്നതും. ഈ ഒരു സാഹചര്യത്തിലേക്ക് നീങ്ങുവാൻ കാരണം ഇപ്പോഴത്തെതെരഞ്ഞെടുപ്പു രീതികളാണ്. ഇതിനാണ് മാറ്റം ഉണ്ടാകേണ്ടത്. ഇവിടെ വേണ്ടത് പ്രതിപക്ഷവും ഭരണപക്ഷവുമല്ല. സഭയുടെ നന്മയ്ക്കായി കൈകോർത്തുപിടിച്ച് പ്രാർത്ഥനയോടെ പ്രവർത്തിക്കുന്ന ലക്ഷ്യബോധമുള്ള ഒരു സംഘത്തെയാണ്. അതിനായി മാറ്റം വേണം എന്നാണ് ബഹുഭൂരിപക്ഷം ഐ. പി. സി. അംഗങ്ങളുടെയും ആഗ്രഹം.

## 08 ⇦ പെന്തെക്കോസ്തു കോൺഫറൻസ്

ക്രയ്ഗ ഗോഷൻ, സ്റ്റീൻ റിഗിൻ, ഡോ. ക്ലിസ് ജക്ക്സൻ, റവ. പി. സി. ചെറിയാൻ, റവ. പി. എസ്സ്. ഫിലിപ്പ് എന്നിവർ മുഖ്യ സന്ദേശങ്ങൾ നൽകി അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ സുവിശേഷ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പാസ്റ്റർമാർ വിവിധ മീറ്റിംഗുകൾക്ക് നേതൃത്വം കൊടുക്കുകയും വിവിധ സെക്ഷനുകളിൽ പ്രസംഗിക്കുകയും ചെയ്തു.

സഹോദരിമാരുടെ സമ്മേളനത്തിനു സിസ്റ്റർ മറിയാമ്മ തമ്പി, സിസ്റ്റർ ജോളി ജോസഫ് എന്നിവർ പ്രസംഗിച്ചു. യുവജനങ്ങൾക്കും കുട്ടികൾക്കും വേറെ മീറ്റിംഗുകളുണ്ടായിരുന്നു. മിഷനറി ചലഞ്ച്, ഹെൽത്ത് ആന്റ് വെൽനസ് ഫാമിലി സെമിനാർ തുടങ്ങിയ മീറ്റിംഗുകളും. എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും മീറ്റിംഗ് നടക്കുകയുണ്ടായി. യുവജന മീറ്റിംഗുകൾ റവ. ടൈറ്റസ് ഈപ്പൻ നേതൃത്വം നൽകി യുവജനങ്ങൾക്കായി വിവിധ കായിക മത്സരങ്ങളും ഉണ്ടായിരുന്നു.

ഞായറാഴ്ച നടന്ന ആരാധന മീറ്റിംഗിൽ ആയിരങ്ങൾ പങ്കെടുത്തു. റവ. ഡോ. ബേബി വർഗീസ് അദ്ധ്യക്ഷതവഹിച്ചു. നാഷണൽ കൺവീനർ റവ. തോമസ് മാത്യു തിരുവത്തായ ശുശ്രൂഷ നടത്തി. വിവിധ രാത്രിയോഗങ്ങൾക്ക് റവ. ഷാജി കെ. ദാനിയേൽ, റവ. ജോർജ്ജ്. കെ. സ്റ്റീഫൻസൺ, ഡോ. ഇട്ടി ഏബ്രഹാം എന്നിവർ നേതൃത്വം നൽകി. തനിമലയാളം തനിമിൽ കേരളത്തിന്റെ ആത്മീയ പൈതൃകം കളയാതെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവരുടെ ഒത്തുച്ചേരലാണ് ഈ സംഗമം. അമേരിക്കയിൽ ജനിച്ചുവളർന്ന പുത്തൻ തലമുറയുടെ വേരുകൾ തേടിയുള്ള തീർത്ഥയാത്രയും, കൺവീനർ റവ. തോമസ് മാത്യു, സെക്രട്ടറി തോമസ് കിടങ്ങാലിൽ, ട്രഷർ ഷാജി മണിയറ്റ്, റവ. ടൈറ്റസ് ഈപ്പൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

# പാസ്റ്റേഴ്സ് കോൺഫറൻസും കൗൺസിലിംഗ് സെമിനാറും



പാസ്റ്റർ എം. വി. വർഗീസ് സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ഐസക് വി. മാത്യു, പാസ്റ്റർ മോനിചെന്നിത്തല തുടങ്ങിയവർ സമീപം

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ മേഖലയുടെ ചുമതലയിൽ കുടുംബ നവീകരണ സെമിനാർ നടന്നു. മേഖലാ പ്രസിഡന്റ് പാസ്റ്റർ എം. വി. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ഡോ. ഐസക് വി. മാത്യു മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഏബ്രഹാം ജോർജ്ജ്, പാസ്റ്റർ മോനി ചെന്നിത്തല തുടങ്ങിയവർ നേതൃത്വം നൽകി.


**നഴ്സിംഗ് & മെഡിക്കൽ പഠനത്തിന് വിശ്വാസികൾക്ക് ഒരു സുവർണ്ണാവസരം**

**+2 –ന് Say എഴുതിയവർക്കും ഇപ്പോൾ അപേക്ഷിക്കാം**

ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ മെഡിക്കൽ കോളേജുകളിൽ പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ആത്മീയ ആരാധനകൾക്ക് സ്വാതന്ത്ര്യവും, ഹോസ്റ്റൽ വാർഡന്റെ സാന്നിധ്യത്തിൽ മാത്രം ഔട്ടിംഗും ഉള്ള, പെന്തക്കോസ്തർക്ക് മുൻഗണനയും ഏറ്റവും കുറഞ്ഞ പാക്കേജിൽ ഉദാ: (BSC Nursing നാലരവർഷം 2,80,000 / Food, Accommodation and Tuition Fees ഉൾപ്പെടെ.) MBBS, BDS, BAMS, BPT, MPT, BSC, MSC Post, BSC Nursing, GNM, Pharm D, B Pharm, M.Pharm, Training all streams വിശ്വാസികളാൽ അഡ്മിഷൻ നൽകുന്നു. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും അഡ്മിഷനുമുമ്പായി തന്നെ കോളേജുകൾ സന്ദർശിച്ച് അഡ്മിഷൻ ഉറപ്പുവരുത്താവുന്നതാണ്.

*Contact Immediatly*

**Bro. Shince : 9744569579, 09650776774**


## 06 ⇦ PROSPERITY

Every meeting has its buoyant leaders, its testimonials of great success - and also its silent victims.

Yes, a few of the people do make fortunes, but the greatest numbers buy into the program (usually with money they cannot afford), run at full pace trying to duplicate the miracles they heard about at the last meeting, draw in a few friends or acquaintances, end up broke, discouraged, and with a garage full of soap or vitamins. *(Fast Facts on False Teachings; Ron Carlson/Ed Becker,Harvest House, pg. 198,199)*

The gospel of prosperity is not the Gospel of the New Testament. It is a composite of the many heretical teachings of the metaphysical cults, such as New Thought, Christian Science and Science of Mind. It targets those who are spiritually immature and scripturally unlearned. It is peppered with out of context scriptures promising a life of bliss, wealth and temporal comfort. But in reality it is as the apostle Peter warns.

But there were false prophets also among the people, even as there shall be false teachers among you, who privately shall bring in damnable heresies, even denying the Lord that bought them and bring upon themselves swift destruction. *(2 Peter 2:1)*


**ആത്മീയ ആരാധനയ്ക്കായ് സ്വാഗതം....!**

ഇൻഡ്യയിലെ സിൽക്ക് സിറ്റിയായ സൂററ്റിൽ ജോലിക്കും പഠനത്തിനുമായി വരുന്നവർക്ക് ഒരു സന്തോഷവാർത്ത...!!!

ഐ. പി. സി. സൂററ്റ് സിറ്റി ചർച്ചിന്റെ ആരാധന സഭക്ക് പുതിയതായി ലഭിച്ച ആരാധനാലയത്തിൽ ആരംഭിച്ചിരിക്കുന്നു. സിറ്റിയുടെ മധ്യഭാഗമായ Athwagate ൽ സ്ഥിതി ചെയ്യുന്ന ഈ ആലയത്തിൽ പട്ടണത്തിന്റെ ഏതുഭാഗത്ത് നിന്നും കടന്നുവരുവാൻ സൗകര്യ പ്രദമാണ്. ഇവിടെ മലയാളത്തിലും ഹിന്ദിയിലുമായി രണ്ട് ആരാധനകൾ നടക്കുന്നു.

*-Sunday Worship time -*

Malayalam Service. 9 Am to 11.15 A.M

Hindi Service 11.30 Am To 1.PM

***Our Addresess***

**IPC City Church, Top Floor, Athwa Arcade Athwalines, Surat -1, Gujarat**

*For Further Information:*

Pr. Sabu Thomas - 09426869475

Bro. Joy Kadukoickal - 09913732923 (Secretary)

Bro. Mathew .C. Abraham -- 09725340000

E-Mail: IPC_Suratcity@yahoo.in

കഥ

# പാസ്റ്ററമ്മാമ്മ



സന്തോഷ് ജോസഫ്
9744797080

ഉറക്കത്തിൽ നിന്നും ഉയിർത്തെഴുന്നേല്ക്കുമ്പോൾ തലേന്നു വൈകുന്നേരം പെയ്യാൻ തുടങ്ങിയ മഴയുടെ നൃത്തം പതുക്കെപ്പതുക്കെ ഇപ്പോഴും താളം ചവിട്ടുന്നുണ്ടെന്ന് പാസ്റ്ററമ്മാമ്മയ്ക്കു തോന്നി. നേരം പുലരാനിനിയും സമയമുണ്ട്. അതുകൊണ്ട് കുറച്ചുനേരം കൂടി മയങ്ങിയാൽ കൊള്ളാമെന്നുണ്ട്. എന്നാൽ ഇപ്പോഴെങ്കിലും എഴുന്നേറ്റ് അടുക്കളപ്പണികൾ തുടങ്ങിയാൽ മാത്രമേ പത്തു മണിക്കു മുമ്പ് സഭായോഗത്തിനു കേറാൻ സാധിക്കുകയുള്ളു.

പുതപ്പിന്റെ ചൂടുഗുഹയിൽ നിന്നും ബഹിർഗമിച്ച് ഇരുട്ടിൽ പതിയിരിക്കുന്ന തണുപ്പിനെ വകഞ്ഞുമാറ്റി അമ്മാമ്മ കിടക്കപ്പായിൽ എഴുന്നേറ്റിരുന്നു. ഉറക്കച്ചടവിൽ കുറെ സ്തോത്രങ്ങൾ ഉരുവിട്ട്, മൂന്നാലുമിനിട്ടുകൾ പ്രാർഥിച്ചു. അതിനുശേഷം തലയണയ്ക്കടുത്തെവിടെയോ വച്ചിരുന്ന തീപ്പെട്ടി തപ്പിയെടുത്ത് മണ്ണെണ്ണ വിളക്ക് കത്തിച്ച് അടുക്കളയിലേക്ക് അടുക്കുമ്പോൾ, ഇന്നലത്തെ മാസയോഗത്തിന്റെ ക്ഷീണമൊന്നും ഇനിയും മാറിയിട്ടില്ല എന്നറിയിച്ചുകൊണ്ട് ശരീരം വേദനയുടെ പ്രതിഷേധമുദ്രാവാക്യങ്ങൾ മുഴക്കുന്നുണ്ടായിരുന്നു. അതൊന്നും വകവെക്കാതെ അടുപ്പിൽ തീകൂട്ടി പുതിയൊരു ദിവസത്തെ പാചകത്തിന്റെ ആരംഭമായി അമ്മാമ കാപ്പിയനത്തി.

ഒരു ഗ്ലാസ് കാപ്പിയുമായി എത്തി അച്ചായാ എഴുന്നേറ്റേ എന്നു പറഞ്ഞു മൂന്നാലുപ്രാവശ്യം തോളത്തു തട്ടിവിളിച്ചപ്പോൾ ജോയി പാസ്റ്റർ ഉണർന്നു. കാപ്പികൊടുത്ത ശേഷം അടുക്കളയിലേക്ക് മടങ്ങി തനിക്കും ഒരു ഗ്ലാസ് കാപ്പി അമ്മാമ്മ ഗ്ലാസിൽ പകർന്നുവെച്ചു.

ആരാധന തുടങ്ങുന്നതിനു മുമ്പ് ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ട്. ഇന്നത്തെ ആരാധനയ്ക്ക് ജോയിച്ചായന്റെ മൂന്നാലു സഹശുശ്രൂഷകന്മാർ കുടുംബമായി വരും. അവർക്കെല്ലാം ഉച്ചയ്ക്ക് ഭക്ഷണം കൊടുക്കണം. അതെല്ലാം തനിയെ വേണം ഉണ്ടാക്കാൻ. അതിനിടയിൽ വേറെയും എടുപ്പത് പണികൾ കിടക്കുന്നു. എല്ലാം സമയാസമയത്തുതന്നെ ചെയ്തുതീർക്കാൻ വളരെ കഷ്ടപ്പെടണം. ഒരു ദീർഘനിശ്വാസത്തോടെ ചെയ്യേണ്ട ജോലിയുടെ ലിസ്റ്റ് പാസ്റ്ററമ്മാമ്മ മനസ്സിൽ അക്ഷരങ്ങളില്ലാതെ കോറിയിട്ടു.

പലകഫ്രെയിമിൽ സിമന്റുചാക്കടിച്ച് ഉണ്ടാക്കിയ അടുക്കളവാതിൽ തുറന്നു കൊച്ചമ്മ വെളിയിലേക്ക് നോക്കി. കണ്ണിൽ കുത്തിക്കേറുന്ന കരിയിരുട്ട്. ഇരുട്ടിൽ അദൃശ്യമായി നൃത്തംവയ്ക്കുന്ന മഴത്തുള്ളികൾ എന്തോ പിറുപിറുക്കുന്നുണ്ട്. അതിരുകൾക്കപ്പുറത്തെ റബ്ബർമരങ്ങൾക്കിടയിൽ നിന്നും തണുപ്പുള്ള കാറ്റ് കുശലം പറയാൻ പാഞ്ഞടുക്കുന്നു. ഇടയ്ക്കിടെ മിന്നിമറയുന്ന കൊള്ളിയാനുകൾ മുറ്റത്ത് മുട്ടോളം പൊങ്ങിക്കിടക്കുന്ന മഴവെള്ളത്തിന്റെ പരപ്പിൽ വന്നു പതിച്ചുകൊണ്ടിരുന്നു.

അടുക്കള മുഴുവൻ ചോരുന്നതാണ്. അതുകൊണ്ട് ഇന്നലെ വൈകിട്ട് ചോർച്ചയുള്ളിടത്തൊക്കെ വച്ച പാത്രങ്ങളും ബക്കറ്റുകളും നിറഞ്ഞ് അടുക്കളയിലും വെള്ളമാണ്. മറ്റ് രണ്ടു മുറികളും ഓടിട്ടതാണ്. അടുക്കളയുടെ പണികൾ പിന്നീടെപ്പോഴെങ്കിലും സൗകര്യം പോലെ പൂർത്തിയാക്കാമെന്നാ ജോയിച്ചായൻ പറഞ്ഞത്. ആരുടെയും പ്രഥമദൃഷ്ടിയിൽ അടുക്കള എത്താത്തതുകൊണ്ട് അതിന്റെ പണികൾ എങ്ങനെയെങ്കിലും എപ്പോഴെങ്കിലുമൊക്കെ മതിയെന്നാ ഗൃഹനാഥന്മാരുടെയെല്ലാം വിചാരം. മേൽക്കൂരയിൽനിന്നും ചോർന്നൊലിച്ച മഴവെള്ളം നിറഞ്ഞ ബക്കറ്റുകളും, പാത്രങ്ങളും വെളിയിലേക്ക് വെച്ചിട്ട്, ഇർക്കിലിച്ചൂലെടുത്ത് അടുക്കളയിൽ പരന്നൊഴുകിയ വെള്ളം തൂത്തു വെളിയിലിറക്കി.

അടുത്ത ജോലികളിലേക്ക് കടക്കുവാൻ അമ്മാമ്മ തിടുക്കം കൂട്ടി. അപ്പോൾ എന്തെല്ലാമോ ചിന്തകൾ തന്റെ മനസ്സിന്റെ കോണിൽ നിന്നും പുകയാൻ തുടങ്ങി. വീടിന്റെ ഓരോ ചതുരമുറികളും മുദ്രകുത്തപ്പെട്ടിരിക്കുന്നത് സ്ത്രീപുരുഷനാമങ്ങളിലാണ്. സ്വീകരണമുറി പുരുഷന്റേതാണ്. അടുക്കള എന്നു കേട്ടാൽ സ്ത്രീയെക്കുറിച്ചാണ് ഓരോരുത്തരും ആദ്യം ചിന്തിക്കുക. അമ്മ, ഭാര്യ, സഹോദരി, ഈ പദങ്ങളൊക്കെ അടുക്കളയുടെ പര്യായപദങ്ങളാണ്. അടുക്കള സ്ത്രീയും, സ്ത്രീ അടുക്കളയുമാണ്. അല്ലെങ്കിൽ അവ രണ്ടും വെവ്വേറെ എന്നു തോന്നിക്കുന്ന ഒരൊറ്റ പദമോ ഒരൊറ്റ അസ്തിത്വമോ ആണ്. എന്നാൽ അടുക്കളയില്ലാത്ത വീട് സ്ത്രീയില്ലാത്ത കുടുംബംപോലെയാണ്. കുടുംബത്തിന്റെ അഭിവാജ്യഘടകമായി മാറുമ്പോഴും സ്ത്രീ ആരുമല്ലാതായിത്തീരുന്നു. ആരുമല്ലാതായി മാറുമ്പോഴും അവൾ കുടുംബത്തിന്റെ എല്ലാമെല്ലാമാകുന്ന അത്ഭുത പ്രതിഭാസം. അതാണ് സ്ത്രീ. അതാണ് അമ്മ. അതാണ് ഭാര്യ. പാസ്റ്ററമ്മാമ്മയുടെ മനസ്സിലെ പുകയ്ക്ക് കട്ടികൂടി ആകാശത്തോളം പറന്നുയർന്നിരുന്നു.

നേരം വെളുത്തപ്പോഴും മഴയ്ക്കു ശമനമുണ്ടായിരുന്നില്ല. അത് കൂടിയും കുറഞ്ഞും, കുറഞ്ഞും കൂടിയും പെയ്തുകൊണ്ടിരുന്നു. ഒഴിച്ചുവച്ച കാപ്പി ഇനിയും കുടിക്കാൻ സമയം കിട്ടിയിട്ടില്ല. അതു തണുത്തു കാണുമായിരിക്കും.

കരച്ചിൽ കേട്ടുകൊണ്ടാണ് അമ്മാമ്മ മുറിയിലേക്ക് പോയത്. ഏറ്റവും ഇളയമകൾ ആണ് കരയുന്നത്. മറ്റു രണ്ടുപേരും ഉറക്കത്തിലാണ്. മോളെ എടുത്ത് എളിയിൽ വച്ച് അടുക്കളയിലേക്ക് തിരിക്കുമ്പോൾ, കാപ്പികുടിച്ചതിനുശേഷം ജോയിച്ചായൻ വീണ്ടുമൊരു ലഘുനിദ്രയിലേക്ക് വീണിരുന്നു. ഇനിയും മോളുറങ്ങത്തില്ല. എളിയിൽത്തന്നെ ഇങ്ങനെയിരിക്കും. അല്ലെങ്കിലും തണുപ്പത്ത് നനവുള്ള അടുക്കളത്തറയിൽ അവളെ നിർത്താനും പറ്റില്ല. അവളെയും എളിയിൽ വച്ചോണ്ട് വേണം ഇനിയെല്ലാ ജോലിയും ചെയ്യാൻ. മൂത്തവർ രണ്ടും കൂടെ ഉണർന്നാലിനി ഒന്നും നടക്കത്തില്ല. കളിയും കളിയ്ക്കിടെ നടക്കുന്ന വഴക്കുകളും തർക്കങ്ങളും തീർക്കാൻ പോകണം.

നല്ല വേവുള്ള അരിയാണ് അടുപ്പത്ത് കിടക്കുന്നത്. ഒരാഴ്ചയായി കണ്ടമാനം പെയ്യുന്ന മഴകാരണം വിറകൊന്നും ഉണങ്ങിയതില്ല. പച്ചവിറകുവേണം കത്തിക്കാൻ. ഞായറാഴ്ചയായതുകൊണ്ട് അച്ചായൻ ആരാധനയ്ക്കും പ്രസംഗത്തിനുമുള്ള തയ്യാറെടുപ്പാണ്. അതിനിടെ വിറകുവെട്ടിക്കീറിത്തരാനോ, വെള്ളം കോരിത്തന്ന് സഹായിക്കാനോ ഒന്നും വരില്ല. ഞായറാഴ്ച അല്ലെങ്കിൽ പോലും അടുക്കളക്കാര്യങ്ങളിൽ ഹെൽപ്പ് ചെയ്യുന്നത് അച്ചായന് ആത്മാഭിമാന

↳11

കാലികം

# കർത്താവിലെ പ്രസിദ്ധിയും സ്റ്റേജിലെ പ്രശംസയും



സജി നെടുങ്കണ്ടം

അഹംഭാവത്തിന്റെ അതിരുകടന്ന ഓട്ടം അടുത്തിടയായി പെന്തെക്കോസ്തുകാരുടെ ഇടയിൽ വർദ്ധിച്ചിട്ടുണ്ട്. എല്ലാവരിലും വലിയവൻ ഞാനാണെന്ന് കാണിക്കുവാനുള്ള തത്രപ്പാടിനിടയിൽ ആത്മീയ നിലവാരത്തിലും അടിപതറിയിരിക്കുന്നു. ആരംഭ നാളുകളിൽ പിതാക്കന്മാർ ഏതൊരു കൂട്ടായ്മ നടത്തിയാലും യേശുവിന്റെ നാമം മാത്രം ഉയർത്തുക എന്ന ഒറ്റ ലക്ഷ്യം മാത്രമായിരുന്നു. കാരണം ലോകം അന്ന് പെന്തെക്കോസ്തുകാർക്ക് പേപിടിച്ച പട്ടിയുടെ വിലപോലും കൽപ്പിച്ചിരുന്നില്ല. അതുകൊണ്ടു തന്നെ കൺവൻഷനിൽ പ്രസംഗിച്ചാലും, ഉപവാസ പ്രാർത്ഥനയിൽ പ്രസംഗിച്ചാലും യേശുവിന്റെ നാമം മാത്രം ഉയർത്തുവാൻ വേദി വിനിയോഗിച്ചു. കല്ലറ പണിതാലും കാറു വാങ്ങിയാലും കടവിൽ നൂറ് പേരെ സ്നാനപ്പെടുത്തിയാലും, ഹാളു പണിതാലും ഹൂസ്റ്റണിൽ പോയാലും യേശുവിന്റെ നാമം മാത്രം തങ്ങളിൽ കൂടി ഉയരട്ടെ എന്ന് പിതാക്കന്മാർ ശഠിച്ചിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. കാലങ്ങൾ മാറി പഴയകഷ്ടപ്പാടുകൾ മാറി. സമൂഹത്തിൽ മുഖ്യസ്ഥാനം പെന്തെക്കോസ്തുകാർ നേടിക്കഴിഞ്ഞു. നാട് ഓടുമ്പോൾ നടുവേ ഓടണം എന്ന് വാദിക്കുന്ന ഒരു പുത്തൻ തലമുറ പെന്തെക്കോസ്തിൽ പിറന്ന് പുതുശക്തി പ്രാപിച്ചിരിക്കുന്നു. ആകാശം മാറിപ്പോയാലും ഭൂമി മാറിപ്പോയാലും മാറ്റംവരാത്ത തിരുവചനം; അനുസരിക്കുകയും ആരാധിക്കുകയും അനേകരോട് ഘോഷിക്കുകയും ചെയ്യുന്നവർ യേശുവിന്റെ നാളോളം വേർപാടും വിശുദ്ധിയും കാത്തുസൂക്ഷിച്ചേ മതിയാകൂ.

ക്രൂശ് ചുമന്നുകൊണ്ട് കർത്താവിനായ് ജീവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധന്മാർ ക്രിസ്തുവിന്റെ വരവോളം കർത്താവിനെ പ്രസാദിപ്പിക്കണം. വഴിയിൽ കുഴഞ്ഞവൻ ക്രൂശുമായ് വീഴുമ്പോൾ വാവിട്ടു കരയാനേ സ്ത്രീകൾക്കും കുട്ടികൾക്കും കഴിഞ്ഞുള്ളൂ. വിഷമുള്ള് തറച്ചിരിക്കുന്ന യേശുവിന്റെ തലയിൽ നിന്ന് കൊഴുപ്പുള്ള രക്തം മുഖത്തേയ്ക്ക് ഒഴുകി. ചമ്മട്ടിയുടെ അടിയും ചിതറിതെറിച്ച മാംസവും വാർന്നൊലിച്ച രക്തവും ഭൂമിയെ നനയ്ക്കുമ്പോൾ പലസ്ഥലങ്ങളിൽ യേശു തളർന്ന് വീണിരുന്നു. കൊടും വെയിലേറ്റ് വയലിൽ പണിത കുറേനക്കാരൻ കൂരയിലേയ്ക്ക് തളർന്നു നീങ്ങുമ്പോൾ; രാജവീഥിയിൽ ക്രൂരമായ മർദ്ദനമേറ്റുകൊണ്ട് ക്രൂശിന്റെ അടിയിൽ യേശു കിടന്ന് ഞരങ്ങുന്നത് ശിമോൻ കണ്ടു. പടയാളിയുടെ ആജ്ഞയ്ക്ക് മുൻപിൽ പകൽ ചെയ്ത പണിയുടെ ക്ഷീണം വകവയ്ക്കാതെ യേശുവിന്റെ ക്രൂശ് ചുമപ്പാൻ അവൻ നിർബന്ധിതനായി. മുഴു ലോകത്തിന്റെ പാപം മുതുകിൽ ചുമന്ന് തളർന്നയേശു ഒട്ടും പ്രതീക്ഷിക്കാത്ത ഒരു കാഴ്ച ആ യാതനയുടെ യാത്രയിൽ കണ്ടു. പാപത്തിന്റെ ക്രൂശ് ചുമപ്പാൻ കൂട്ടത്തിൽ നിന്ന് ഒരുത്തൻ അൽപം കുനിഞ്ഞുകൊണ്ട് പടയാളിക്കു മുമ്പിൽ നിൽക്കുന്നു. സ്വന്തത്തിലുള്ളവർ ക്രൂശിക്ക... ക്രൂശിക്ക... എന്ന് ആർക്കുമ്പോൾ പുറമ്പോക്കിൽ കിടന്ന ഒരുവൻ യേശുവിന്റെ പുറത്തുനിന്ന് ക്രൂശ് ഉയർത്തി സ്വന്തം മുതുകിൽ ഉറപ്പിച്ചു. ആശ്വാസത്തിനായ് വന്ന ഉത്സാഹിയെ പിന്നെ യേശു മറന്നില്ല. കറുത്തവർഗ്ഗക്കാരനായ കുറേനക്കാരൻ ശീമോന്റെ തലമുറയെ കാലങ്ങൾ കഴിയും മുമ്പ് കർത്താവിൽ പ്രസിദ്ധന്മാരാക്കി. (റോമ 16:13) ഇന്നത്തെ ഈ പ്രസിദ്ധി നിങ്ങൾക്ക് എങ്ങനെ കിട്ടിയെന്ന് രൂഫോസിനോട് ചോദിച്ചാൽ മടിക്കാതെ മറുപടി പറയും; പിതാവ് യേശുവിന്റെ ക്രൂശ് ചുമക്കുവാൻ മടികാണിക്കാതെ അൽപം കുനിഞ്ഞതിന് ഉയരത്തിൽ നിന്നും ലഭിച്ച ഉലകത്തിലെ സമ്മാനമാണ് കർത്താവിൽ ലഭിച്ച ഈ പ്രശംസ. എന്നാൽ ആധുനീക തലമുറ പ്രസിദ്ധിക്കു വേണ്ടി കുറുക്കുവഴികൾ തിരയുന്നു.

ആയിരം നാവുകൊണ്ട് പുകഴ്ത്തിയാലും കത്തലടങ്ങാത്ത ഒരു കൂട്ടർ ഭൂമിയിൽ ഉണ്ടെങ്കിൽ അത് പെന്തെക്കോസ്തിലെ ചില ലീഡർമാർ ആയിരിക്കും. കവല പ്രസംഗത്തിനായ് കൈയ്യിൽ മൈക്ക് കിട്ടുമ്പോൾ പോലും കൗൺസിലിൽ താൻ വഹിക്കുന്ന ബോഡിന്റെ ചെയർമാൻ സ്ഥാനംപോലും പറയാൻ മടിക്കാത്ത വിരുതന്മാർ നമ്മുടെ ഇടയിലുണ്ട്. കേട്ടു നിൽക്കുന്ന ലോക മനുഷ്യന് ഒന്നും മനസിലാകാതെ നിൽക്കുമ്പോൾ വാതോരാതെ പൊങ്ങച്ചം പുലമ്പുന്ന വ്യക്തിയ്ക്കാകട്ടെ ഒരു വലിയ ആശ്വാസവും. അദ്ധ്യക്ഷനാണെങ്കിലും പ്രസംഗകനാണെങ്കിലും ആരെങ്കിലും ഒന്ന് പുകഴ്ത്തി പറയുവാൻ ആഴമായ് ആഗ്രഹിക്കുന്നു. ഇനി ആരും പറഞ്ഞില്ലെങ്കിൽ തന്റെ ഊഴം തരത്തിനു കിട്ടുമ്പോൾ വഹിക്കുന്ന സ്ഥാനങ്ങളുടെ പട്ടിക സംഖ്യാ ക്രമത്തിൽ വാതോരാതെ പറയുന്നു. കേട്ടിരിക്കുന്ന വിശ്വാസികൾ പരസ്പരം നോക്കി തല കുനിച്ച് ചിരിക്കുന്നു. പ്രസംഗകനാകട്ടെ അനുവദിച്ച സമയവും കഴിഞ്ഞ് അധിക പ്രസംഗവും നടത്തി ഉമിനീരിൽ മുക്കിയ മൈക്ക് അദ്ധ്യക്ഷന് കൈമാറുന്നു. മാസയോഗം ആണെങ്കിലും മരണവീടാണെങ്കിലും കിട്ടുന്ന വേദി സ്വന്തം സ്ഥാനമാന വർണ്ണനയ്ക്കും പൊങ്ങച്ചത്തിനും ഉപയോഗിക്കുന്ന നാണം കെട്ട ഒരു കൂട്ടം പെന്തെക്കോസ്തിൽ വളർന്നിരിക്കുന്നു. “കാലം ഏറെ ഇല്ലല്ലോ കാഹളം നാം കേട്ടിടാൻ” .... എന്ന പാട്ടിന്റെ വരി ഹൃദയത്തിൽ ധ്യാനിക്കുമ്പോൾ; ഈ വിധ പൊങ്ങച്ചത്തിന് അന്നെങ്കിലും അറുതിവരുമല്ലോയെന്ന് ഓർത്ത് നമുക്ക് ആശ്വസിക്കാം.

## 02 അകം പൊരുൾ

ക്കുന്നു. ദൈവം നൽകിയിരിക്കുന്ന കല്പനകളും പ്രമാണങ്ങളും പാടേ വലിച്ചെറിഞ്ഞുകൊണ്ട് സത്യസന്ധതയും ദൈവസ്നേഹവും ഇല്ലാതെ വിശുദ്ധജീവിതത്തെ നിരാകരിച്ചു കൊണ്ട് അശുദ്ധിയിലും മ്ലേച്ഛതയിലും മേയുന്നവരുടെ ജീവിതം ദൈവത്തിനു എങ്ങനെ പ്രസാദകരമാകും? അവരുടെ ജീവിതം എങ്ങനെ വിശുദ്ധമായ ഒരു ആരധനയായി മാറും?

ജഡത്തിന്റെ പ്രവൃത്തികളിൽ ആഭിരമിച്ചും

സ്വന്ത സഹോദരനെ സ്നേഹിക്കാതെ, അന്യായ ബന്ധനങ്ങളുടെയും നുകത്തിന്റെ അമിക്കയറിന്റെയും, കെട്ടുകളഴിക്കാതെ, പീഡിതരെ സ്വതന്ത്രരാക്കാതെ, വിശക്കുന്നവനു അപ്പം നുറുക്കി കൊടുക്കാതെ, എളിയവനെ ആദരിക്കാതെ, സ്വന്ത മാംസരക്തങ്ങളെ മറയ്ക്കുന്നവരുടെ ആരാധന ദൈവം കൈക്കൊള്ളുകയില്ല. അവർ മറുഭാഷ പറഞ്ഞാലും കടുത്ത വെള്ളവസ്ത്രം ധരിച്ചാലും എത്ര ക്ലീൻ ഷേവ് ചെയ്ത് മുഖം നന്നേ വെടുപ്പാക്കിയാലും അവരുടെ ഹൃദയനിക്ഷേപത്തിൽ നിന്നുയരുന്നത് ദുർഗന്ധമാണ്. അവർ അധരം തുറക്കുമ്പോൾ തന്നെ ദൈവം മുഖം മറച്ച് ചെവി പൊത്തും. അധരം കൊണ്ടുവേഷം ധരിച്ച, ഭക്തിയുടെ ഭാഷ പറഞ്ഞ്, വിശുദ്ധിയുടെ വേഷം ധരിച്ച് നടക്കുന്നവരുടെ കാലത്താണ് നാം ജീവിക്കുന്നത്. അതിൽ സാധാരണക്കാർ മുതൽ അഭിനവ അപ്പൊസ്തലന്മാർ വരെയുണ്ട്. അവരിലൂടെയാണ് വ്യാജാരാധനയും വ്യാജസ്തുതിയുമൊക്കെ അരങ്ങ് തകർക്കുന്നത്. ഇത് തിരിച്ചറിയാനുള്ള കാഴ്ചപ്പാടാണ് അടിയന്തരമായി വേണ്ടത്.

**അന്യാഗ്നി എന്ന അപകടം**

ലേവ്യാപുസ്തകത്തിൽ അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും അന്യാഗ്നി (Unholyfire) കത്തിച്ച ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു: ".... നാദാബും അബീഹൂവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽ നിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചു കളഞ്ഞു. അവർ യഹോവയുടെ സന്നിധിയിൽ മരിച്ചു പോയി" ലേവ്യ 10:1-2.

പഴയ നിയമ- പുതിയ നിയമകാലങ്ങളിൽ ദൈവത്തെ ആരാധിക്കുന്നതിനു വ്യവസ്ഥയുണ്ട്. അത് എങ്ങനെയും പ്രകടിപ്പിക്കാനുള്ളതല്ല. പുരോഹിത പുത്രന്മാരായ നാദാബും അബീഹുവും ദൈവകല്പിതമല്ലാത്തവിധം കൃത്രിമമായി അഗ്നി കൊണ്ടുവന്നു. അത് ദൈവകോപത്തിനു ഇടവരുത്തി. അവർ യഹോവയാൽ തീപ്പെട്ടുമരിച്ചു.

ഇന്നും ഇത് നടക്കുന്നുണ്ട്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അഗ്നിയാണ്. ഈ അഗ്നിവ്യാജമായി കത്തിക്കുന്നവരുണ്ട്. ആരാധനയുടെ പേരിൽ അന്യാഗ്നി ആളിക്കത്തിച്ച് ഉണർവ്വ്കാരായി അഭിനയിക്കുന്നവർ വളരെയാണ്. ഇവർ ദൈവ കോപത്തിൽ തീപ്പെട്ട് പോകാത്തത് ഇപ്പോൾ കൃപായുഗമായതുകൊണ്ടുമാത്രം. വൃക്ഷത്തെ ഫലം കൊണ്ടു തിരിച്ചറിയാം എന്നതുപോലെ ജീവിതമില്ലാത്തവരുടെ ആരാധനകളും ആരവങ്ങളും തിരിച്ചറിയണം 'പ്രെയ്സ് ആന്റ് വർഷിപ്പിന്റെ' പേരിൽ അന്യാരാധനയും അന്യാഗ്നിയും കത്തുമ്പോൾ അത് തിരിച്ചറിയാനുള്ള വിവേകവും വിവേചനവും ആവശ്യമാണ്.

**സത്യാരാധന പുന:സ്ഥാപിക്കപ്പെടണം**

ഏലീയാവിന്റെ കാലത്ത് യിസ്രായേൽ മക്കൾ യഹോവയെ ഉപേക്ഷിച്ച് ജാതികളുടെ ദേവനായ ബാലിനെ ആരാധിച്ചു. മ്ലേച്ഛതയുടെ മൂർത്തീഭാവമായിരുന്നു. ലൈംഗിക ആഭാസത്തരങ്ങളും അന്ധവിശ്വാസങ്ങളും ബാൽ ആരാധയുടെ പേരിൽ നടന്നു. യിസ്രായേൽ മക്കൾ ഇങ്ങനെ അധ:പതിച്ചു പോകുന്നതിൽ രോഷം പൂണ്ട ഏലിയാവ് ബാൽ ആരധനയ്ക്കെതിരെ വെല്ലുവിളിയുയർത്തി. യോഹവയാണോ ബാൽ ആണോ സത്യദൈവം എന്ന് തിരിച്ചറിയുന്നതിനു ഒരു പരീക്ഷണത്തിനു ഏലിയാവ് ആഹ്വാനം ചെയ്തു. യാഗപീഠത്തിലെ ബലിവസ്തുവിൽ തീയിറക്കി 'തീകൊണ്ടു ഉത്തരം അരുളുന്ന ദൈവം' ആരാണെന്നു തെളിയിക്കണം. ബാലിന്റെ പ്രവാചകന്മാർ നാനൂറ്റമ്പതു പേർ ഒരു കാളയെ കശാപ്പു ചെയ്തു ഖണ്ഡം ഖണ്ഡമാക്കി വച്ച് രാവിലെ മുതൽ ഉച്ചവരെ ബാലിന് വിളിച്ചപേക്ഷ നടത്തിയെങ്കിലും തീയിറങ്ങിയില്ല. ഒടുവിൽ ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിന്റെ ഊഴം വന്നു. ഏലിയാവ് ആദ്യം ചെയ്തത് ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കുകയായിരുന്നു. വളരെക്കാലം അവിടെ സത്യാരാധന ഇല്ലാതെ ശൂന്യമായി കിടക്കുകയായിരുന്നു. ഏലിയാവ് അതിനു യഥാസ്ഥാപനം വരുത്തി. "നിനക്കു യിസ്രായേൽ എന്നു പേരാകും എന്നു യഹോവയുടെ അരുളപ്പാടു ലഭിച്ച യാക്കോബിന്റെ പുത്രന്മാരുടെ ഗോത്രസംഖ്യക്കു ഒത്തവണ്ണം പന്ത്രണ്ട് കല്ലു എടുത്തു, കല്ലുകൊണ്ടു യഹോവയുടെ നാമത്തിൽ ഒരു യാഗപീഠം പണിതു" (1 രാജാ 18:31) ഇവിടെ ആരാധന വ്യവസ്ഥ പ്രകാരം പുന:സ്ഥാപിച്ച ശേഷം ലഘുവായ ഒരു പ്രാർത്ഥന ഏലിയാവ് നടത്തി. ഉടനെ യാഗസ്തുവിൽ തീയിറങ്ങി. അത്ഭുതം കണ്ട ജനം ഉറക്കെ വിളിച്ചു പറഞ്ഞു: "യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം".

ആരാധനയുടെ പേരിൽ ഇന്നു നടമാടുന്നത് എന്തെന്ന് തിരിച്ചറിയേണ്ടതാണ്. പലരുടെയും വ്യക്തിപരമായ ജീവിതത്തിൽ ദൈവസംസർഗ്ഗത്തിന്റെ ബലിപീഠങ്ങൾ ഇടിഞ്ഞുകിടക്കുന്നു. വിശുദ്ധ ജീവിതം, പ്രാർത്ഥന, വേദപാരായണം എന്നിവ നഷ്ടമായിരിക്കുന്നു. ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാമോനുമുന്നിൽ അർച്ച നടത്തുന്നു. സത്യസന്ധത, നീതി, ന്യായം എന്നിവ പാടേ മറന്നുകളയുന്നു. ആഡംബരവും വെറിക്കൂത്തും കൊണ്ടു ഉല്ലാസം നടത്തുന്നു. ഇതൊക്കെ ജീവിതചര്യയാക്കിവർ ആത്മീകതയുടെ മുഖം മൂടിയണിയുകയും സത്യാരാധന കൂട്ടങ്ങളിൽ ആരാധനയുടെ കുത്തകക്കാരായി അഭിനയിക്കുകയും ചെയ്യുന്നു. ഒച്ചവച്ചും മറുഭാഷ പറഞ്ഞും നൃത്തം വെച്ചും ഇവർ ആരാധിച്ച് ശക്തിപ്പെടുന്നു.

പെന്തെക്കോസ്തും കരിസ്മാറ്റിക്കും ഒന്നിച്ചൊഴുകുന്ന ഇക്കാലത്ത് ഉപദേശത്തിന്റെ അതിർവരമ്പുകൾ തിരിച്ചറിയേണ്ടതുണ്ട്. വേദി കിട്ടിയാൽ ഏത് വേഷവും കെട്ടിയാടുന്ന അഭിനവ അപ്പൊസ്തലന്മാരും ശുശ്രൂഷകന്മാരും പെരുകുന്ന ഇക്കാലത്ത് ഇവർ ആരാധനയിലെ വേർപാടിന്റെ ചുമർ ഇടിച്ചു കളയുന്നു. കരിസ്മാറ്റിക്കുകാർ പെന്തെക്കോസ്തുകാരന്റെ പാട്ടും കൊട്ടും ആട്ടവും കടമെടുത്ത് ആളെ കൂട്ടുകയും മറ്റും ചെയ്യുമ്പോഴും അവരുടെ പരമ്പരാഗത ആരാധനയായ കൊന്തപിടുത്തവും പുണ്യവാള സേവയും വിഗ്രഹരാധനയും, മറിയാരാധനയും ഉപേക്ഷിക്കാതെ അവയെല്ലാം പൂർവ്വാധികം ശക്തിയോടെ ആചരിക്കുകയും ചെയ്യുന്നു. ഈ വ്യാജാരാധനയ്ക്കും പച്ചകൊടി പിടിക്കുന്ന പെന്തെക്കോസ്തു വേദവിശാദന്മാരും മിഷനറി വീരന്മാരുമുണ്ട്. ഇത്തരക്കാരെ നാം തിരിച്ചറിയും ഒറ്റപ്പെടുത്തുകയും ചെയ്യണം.

കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കുക എന്നത് പരമപ്രധാനമാണ്. കർത്തൃകല്പനകൾ ഹൃദയത്തിൽ സൂക്ഷിക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്യുമ്പോൾ ജീവിതം തന്നെ ജീവനുള്ളല ആരാധനയായി മാറും. ഈ അനുഭവങ്ങളാണ് സ്തുതികളിലൂടെ അധരാർപ്പണമായി മാറേണ്ടത്. ജീവിതമില്ലാത്തവരുടെ സ്തുതിയർപ്പണത്തിനു കർത്താവ് കാതോർക്കയില്ല.

## ഭാര്യയ്ക്കു പിന്നാലെ ഭർത്താവ് മരിച്ചു



**കുഴിക്കാല:** ഐ. പി.സി. സീനിയർ ശുശ്രൂഷകനും മുണ്ടക്കയം സെന്റർ പാസ്റ്ററുമായ കുഴിക്കാല കുംഭംകുഴിയിൽ ഏബനേസർ കോട്ടേജിൽ പാസ്റ്റർ കെ. സി. തോമസ് (85) ആണ് 19-ാം തീയതി മരിച്ചത്. 14-ാം തീയതി മരിച്ച ഭാര്യ സാറാമ്മാ തോമസിന്റെ (ചിന്നമ്മ -81) ശവസംസ്കാരം 20-ാം തീയതി നടത്താനിരിക്കെയാണ് പാസ്റ്റർ കെ. സി. തോമസ് നിത്യതയിൽ പ്രവേശിച്ചത്. ഐ. പി. സി. ജനറൽ, സ്റ്റേറ്റ് കൗൺസിലുകളിൽ അംഗമായിരുന്നിട്ടുണ്ട്. 65 വർഷം വിവിധ പ്രാദേശിക സഭകളിൽ ശുശ്രൂഷകനായിരുന്നു. മേലുകര മൂലയിൽ കുടുംബയോഗം വൈസ് പ്രസിഡന്റാണ്. കണ്ടംപേരൂർ അയ്യക്കാവിൽ പുതുക്കുടി കുടുബാംഗമാണ് മരിച്ച സാറാമ്മ. മക്കൾ: സാറാമ്മ, ചാക്കോതോമസ്, തോമസ് തോമസ്, പാസ്റ്റർ ഏബ്രഹാം തോമസ്. മരുമക്കൾ: കെ. എസ്. ജോസഫ്, ലീലാമ്മ, ലാലി, ജെസ്സി.

# നിത്യതയിൽ



### റിയാദിൽ തീപിടുത്തം വിശ്വാസി മരണപ്പെട്ടു

**തോമസ് മാത്യു**

**റിയാദ്:** നഗരത്തെ നടുക്കിയ തീപ്പിടത്തിൽ മലയാളി വിശ്വാസി വെന്തു മരിച്ചു. മാന്നാർ കുട്ടംപേരൂർ പ്ലാമൂട്ടിൽ പടീറ്റതിൽ പരേതാനായ ഉലഹന്നാൻ മാത്യു - തങ്കമ്മ ദമ്പതികളുടെ മകൻ തോമസ് മാത്യു (ഷാജി - 35) ആണ് മരിച്ചത്. ഭാര്യാ സഹോദരന്റെ വിവാഹത്തിനായി നാട്ടിലെത്തി മടങ്ങിയതിന്റെ 16-ാമത്തെ ദിവസമാണ് റിയാദിലെ ജോലിസ്ഥലത്തോടു ചേർന്നുള്ള താമസ സ്ഥലത്ത് അഗ്നിബാധയിൽ മരിച്ചത്.

രണ്ടു വർഷം മുമ്പ് സൗദിയിലെത്തിയ ഷാജി പുതിയ ജോലിയിൽ പ്രവേശിച്ചതേയുള്ളൂ. ബത്ഹയിലെ അൽസുലൈൻ സൂപ്പർമാർക്കറ്റിൽ സെയിൽസ്മാനായിട്ടാണ് ജോലി ചെയ്തിരുന്നത്. സഞ്ചാര സുവിശേഷകനായ പാസ്റ്റർ കെ. ഒ. മത്തായിയുടെ മകൾ ബെൻസി (ഹേബ) യാണ് ഭാര്യ. മക്കൾ: ഷെഫിൻ (9), ഷെറിൻ (4). ശവ സംസ്കാര ശുശ്രൂഷ മാവേലിക്കര കണ്ണോട്ട്മോടി ബ്രദറൻ അസ്സംബ്ലിയുടെ സെമിത്തേരിയിൽ നടത്തി.

### പാസ്റ്റർ എ. റ്റി. വർഗീസ്



**മല്ലശ്ശേരി:** ആദ്യകാല പെന്തെക്കോസ്ത് പ്രവർത്തകനും ഐ. പി. സി. സീനിയർ ശുശ്രൂഷകനുമായിരുന്ന കരിങ്കുറ്റിക്കൽ ആനക്കുഴിയിൽ പാസ്റ്റർ എ. റ്റി. വർഗീസ് (കുഞ്ഞച്ചൻ-96) നിത്യതയിൽ ചേർക്കപ്പെട്ടു. ഭാര്യ: പരേതയായ മറിയാമ്മ. ഷാർജ പെന്തെക്കോസ്തൽ അസംബ്ലി സീനിയർ പാസ്റ്റർ എ. വി. സാമുവൽ മൂത്തമകനാണ്. മറ്റുമക്കൾ: കുഞ്ഞമ്മ സാമുവൽ, എ. വി. ജോസ് (ഫ്ളോറിഡ), ഡോ. എ. വി. ഏബ്രഹാം (സൗദി അറേബ്യ), മരുമക്കൾ: പാസ്റ്റർ കെ. എം. സാമുവൽ, കുഞ്ഞുമോൾ, ലില്ലിക്കുട്ടി, ജോളി.

### പാസ്റ്റർ പി. എ. ഏബ്രഹാം



ഐ. പി. സി. സീനിയർ ശുശ്രൂഷകൻ നിരണം തെക്കെ പഴങ്ങേരിൽ പാസ്റ്റർ പി. എം. ഏബ്രഹാം (എടത്വാ ബേബിച്ചൻ - 81) നിര്യാതനായി. 1965- ൽ കുമ്പനാട് ബൈബിൾ സ്കൂളിലെ പഠന ശേഷം എടത്വായിൽ പാസ്റ്റർ എ. സി. കുര്യച്ചനുമായി സഹകരിച്ച് പ്രവർത്തിച്ചു. വേങ്ങൽ പള്ളിപ്പാട്, കരിക്കം, നെല്ലിക്കുന്നം, പട്ടാഴി, വിലങ്ങറ ആനന്ദപ്പള്ളി, തട്ട, നീറാറിക്കോട് തുടങ്ങിയ സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്.

മക്കൾ: ഗ്രേസ്സി-(കാർത്തികപ്പള്ളി), എൽസി -(അഹമ്മദാബാദ്), ബാബു (ബഹറിൻ), പാസ്റ്റർ ജോയി കൊല്ലം, അനിയൻ (യു. എസ്.എ), കൊച്ചുമോൻ

മരുമക്കൾ: പാസ്റ്റർ ജി. ജോണിക്കുട്ടി (കാർത്തികപ്പള്ളി), എം. കെ. വർഗീസ് (അഹമ്മദാബാദ്), ലിസ്സി (ബഹറിൻ), ആശ (കൊല്ലം), ഷെറി (യു. എസ്. എ), അനു.

### ഡോ. ഏഴംകുളം സാംകുട്ടിയുടെ മാതാവ് ചിന്നമ്മ



ഏഴംകുളം കല്ലേത്ത് ദൈവസഭയുടെ പ്രാരംഭകാല വിശ്വാസിയായ പരേതനായ ബഥേലിൽ എൻ. എം. ചാക്കോയുടെ ഭാര്യ ചിന്നമ്മ നിര്യാതയായി. പാ. റ്റി. സി. ചെറിയാൻ, പാ. പി. ജി. മാത്യൂസ് എന്നിവരുടെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു. മക്കൾ: ഡോ. ഏഴംകുളം സാംകുട്ടി, ലീലാമ്മ, സാലി, മരുമക്കൾ: ഡോ. പുഷ്പ, എ. ഏബ്രഹാം, സോമൻ ചേന്നങ്കര.

### ഏലിക്കുട്ടി



**മാനന്തവാടി:** തവിണാൽ കപ്പലുമാക്കൽ പരേതനായ ദേവസ്യയുടെ ഭാര്യ ഏലിക്കുട്ടി (77) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം തവിണാൽ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റേഴ്സ് ജോബി ഇ.ടി. സജു. സി. കോയിക്കലേത്ത് എന്നിവർ നേതൃത്വം നൽകി. മന്ത്രി. പി. കെ. ജയലക്ഷി അനുശോചനം അറിയിച്ചു. മക്കൾ: സി. അനീറ്റ, കുര്യൻ, സിസിലി, മേരി, ലോമി, ജോസ്, പാസ്റ്റർ സെബാസ്റ്റ്യൻ (ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, തൃപ്പൂണിത്തറ), പാസ്റ്റർ മാത്യു (ഏ. ജി. ചങ്ങനാശ്ശേരി), ഷാജി, മിനി. മരുമക്കൾ: റോസ്‌ലി, മത്തായി, ഫ്രാൻസിസ്, ജോസ്, ആശ, ആശ, ബിനു, ബാബു, സീമ, ബിന്ദു, ജോണി.

### പി. ഐ. ജേക്കബ്



**മാനന്തവാടി:** കുഴിനിലം പുതിയ മാത്തിൽ പി. ഐ. ജേക്കബ് (റിട്ട. അഗ്രികൾച്ചർ ഡപ്യൂട്ടി ഡയറക്ടർ - 58) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം തവിണാൽ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടന്നു. പാസ്റ്റേഴ്സ് സജു. സി. കോയിക്കലേത്ത്, ജോബി. ഇ.ടി. എന്നിവർ നേതൃത്വം നൽകി. വയനാട് ഡിസ്ട്രിക്റ്റിലെ ശുശ്രൂഷകന്മാരും ഇതര സഭകളിലെ ദൈവദാസന്മാരെയും കൂടാതെ സാമൂഹിക സാംസ്കാരിക നേതാക്കളും അനുശോചനവും ആശ്വാസവചനങ്ങളും അറിയിച്ചു. ഭാര്യ നിലമ്പൂർ പൊൻവേലിൽ കുടുംബാംഗം ഏലിക്കുട്ടി. മക്കൾ: അനൂപ് (ബാംഗ്ലൂർ), അബു (അൽശീഫഹോസ്പിറ്റൽ. പെരിന്തൽമണ്ണ), മരുമക്കൾ: വിജി (ബാംഗ്ലൂർ)

വിധിയും വിചാരണയും

# ആത്മാവിനാണ് പ്രാധാന്യം



രാജു ആനിക്കാട്

മനുഷ്യൻ തന്റെ ശരീരത്തിനു വേണ്ടിയാണ് ജീവിക്കുന്നത് എന്ന തോന്നൽ വളരെ ഉറപ്പാക്കുന്ന രീതിയിലാണ് ഇന്ന് കാര്യങ്ങൾ മുമ്പോട്ടു പോകുന്നത്. എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും ഏന്ത് ഉടുക്കും എന്ന് ശരീരത്തിനായി കൊണ്ടും വിചാരപ്പെടരുത് എന്ന കർത്താവിന്റെ പ്രസ്താവനയെ വിസ്മരിച്ചുള്ള ഈ പരക്കംപാച്ചിൽ ആത്മാവിനെ എത്ര നിസ്സാരമായി കാണുന്നു എന്നു കൂടെ തെളിയിക്കുന്നു.

മണ്ണിൽ നിന്നെടുത്ത് മണ്ണിലേക്കു ചേരേണ്ട ഈ ശരീരം ഇത്ര ബദ്ധപ്പെട്ടു പരിപോഷിപ്പിക്കപ്പെടുന്നതിനേക്കാൾ ആത്മാവിന്റെ പരിപോഷണമല്ലേ പ്രധാനം. പൗലോസിന്റെ പ്രസ്താവനയിൽ, നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ എന്ന് ചോദിച്ചിട്ട് ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്നു പറയുന്നുണ്ട്. വാസ്തവത്തിൽ ആത്മാവിനെ നശിപ്പിക്കുന്ന, നഷ്ടമാക്കുന്ന പ്രക്രിയ ശരീരത്തിൽ ചെയ്യുന്നതിനെയാണ് ഗൗരവമായി ശാസിക്കുന്നത്. അപ്പോഴും ആത്മാവിനു തന്നെയാണ് പ്രാധാന്യം എന്നോർക്കണം.

മനുഷ്യ ആത്മാവിനെ ദൈവം സംരക്ഷിക്കുന്ന പലഘട്ടങ്ങളുണ്ട്. ഒന്നാമത്തെ ഘട്ടം മൂർത്തമായ ആത്മാവ് (Embodied Spirit) എന്ന അവസ്ഥയാണ്. ആത്മാവിനെ ശരീരം കൊണ്ട് പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു. അത് ജനനം മുതൽ മരണം വരെയുള്ള അവസ്ഥയാണ്. മൃതശരീരം നശിച്ചുപോകാതെ എംബാം ചെയ്തു പൊതിഞ്ഞു സൂക്ഷിക്കുമ്പോൾ പൊതിയുന്ന സുഗന്ധദ്രവ്യത്തിനല്ല ശരീരത്തിനാണ് പ്രാധാന്യം. ഇതുപോലെ ആത്മാവിനെ ശരീരംകൊണ്ടു പൊതിഞ്ഞിരിക്കുമ്പോൾ ശരീരത്തിനല്ല, ആത്മാവിനു തന്നെയാണ് പ്രാധാന്യം.

എന്നാൽ ആത്മാവ് അമൂർത്തമാകുന്ന ഒരു ഘട്ടം ഉണ്ട്. ശാരീരിക മരണത്തോടെ ആത്മാവ് അമൂർത്തം (Disembodied Spirit) ആകുന്നു. മരണം മുതൽ പുന:രുത്ഥാനം വരെയുള്ള ആത്മാവിന്റെ അവസ്ഥയാണിത്. അക്കാലത്ത് ആത്മാവിനെ പൊതിഞ്ഞു സൂക്ഷിച്ച മർത്യമായ ശരീരം ദ്രവത്വമുള്ള മണ്ണിലേക്ക് തിരികെ ചേരുന്നു.

അടുത്തത് ഈ ആത്മാവ് വീണ്ടും മൂർത്തമാകുന്ന ഘട്ടമാണ്, (Embodied Spirit) അത് പുന:രുത്ഥാനത്തോടെയാണ് സംഭവിക്കുന്നത്. മരണം മുതൽ അമൂർത്തമായിരുന്ന ആത്മാവ് പുന:രുത്ഥാനത്തിൽ മൂർത്തമാകുന്നു. ആത്മാവിന്റെ മൂർത്ത അവസ്ഥ പുന:രുത്ഥാനം മുതൽ നിത്യത വരെ (From ressurruction to eternity) തുടരുകയാണ്. മനുഷ്യശരീരം വിട്ടു പോകുന്ന ആത്മാവ് തിരികെ ശരീരത്തിൽ പ്രവേശിക്കുന്നതും, പുതിയ ശരീരം പ്രാപിക്കുന്നതും ഇന്നും ആളുകൾക്ക് അവിശ്വസനീയമായി തോന്നാറുണ്ട്. പക്ഷേ അത് അസംഭവ്യമായ കാര്യമൊന്നുമല്ല.

ശൂനേംകാരത്തിയുടെ മകൻ മരിച്ചപ്പോൾ ഏലീശായുടെ പ്രാർത്ഥനയാൽ കുട്ടിയിൽ ആത്മാവ് മടങ്ങിവന്നില്ലേ, യായീറോസിന്റെ മകളിലും, നയിനിലെ വിധവയുടെ മകനിലും യേശുക്രിസ്തുവിനാൽ ആത്മാവ് മടങ്ങിവന്നില്ലേ. എന്തിന് അഴുകാൻ തുടങ്ങിയ ലാസറിന്റെ ശരീരത്തിലേക്കുപോലും ആത്മാവ് മടങ്ങിവന്നില്ലേ. എങ്കിൽ പിന്നെ പുന:രുത്ഥാനത്തിൽ, അമൂർത്തമായ ആത്മാവ് (Disembodied Spirit) മൂർത്തമായ ആത്മാവായി (Embodied Spirit) ഒരു പുതിയ ശരീരം പ്രാപിക്കും എന്നതിൽ അത്ഭുതപ്പെടാനോ അവിശ്വസിക്കുവാനോ എന്തിരിക്കുന്നു.

(തുടരും...)

## 09 കഥ..........

ത്തെ അറിഞ്ഞു വേവിക്കുന്നതുപോലെയാണ്. സഹായിക്കാൻ പറഞ്ഞാൽ അതെല്ലാം നിന്റെ ജോലിയാണ്, നീയങ്ങു ചെയ്താൽ മതിയെന്ന് പറയും. അതുകൊണ്ട് എന്തെങ്കിലും ചെയ്തുതരണമെന്ന് സൂസമ്മാമ്മ ജോയിച്ചായനോട് പറയാറില്ല. വയ്യെങ്കിലും അല്ലെങ്കിലും എല്ലാ പണിയും എനിക്കുതന്നെയാണെന്ന് സൂസമ്മാമ്മ ചിലപ്പോഴൊക്കെ മനസ്സിൽ പിറുപിറുക്കാറുണ്ട്.

കൂലിയില്ലാത്ത അടിമപ്പണിയാണ് അടുക്കളപ്പണിയെന്നും ചിലപ്പോഴൊക്കെ അമ്മാമ്മയ്ക്കു തോന്നാറുണ്ട്. കരിയും പുകയും തിന്ന്, അരയ്ക്കലും പൊടിക്കലും തുടയ്ക്കലും ചെയ്യുന്ന ഹൃദയവും വേദനയുമില്ലാത്ത ഒരു സൗജന്യ മൾട്ടിപർപ്പസ് ഗൃഹോപകരണമായി ഒരമ്മയ്ക്ക് എത്രനാൾ ഇങ്ങനെ തുടരാനാവും. സൃഷ്ടികർമ്മത്തിൽ സ്ത്രീ രണ്ടാമതായി മെനയപ്പെട്ടതുകൊണ്ടാണോ അടുക്കളയുടെ ഏകാന്തതയിൽ ഒറ്റപ്പെട്ടവളായി അലയാൻ അവൾക്കിടയായത്? താനൊരു ബിബ്ലിക്കൽ ഫിലോസഫറാകുകയാണോ എന്നു പോലും അമ്മാമ്മയ്ക്കു തോന്നിപ്പോയി.

മുറുക്കാൻ കട മുതൽ മൾട്ടിനാഷണൽ കമ്പനിവരെയും സ്ത്രീ സാന്നിധ്യമുണ്ട്. പഞ്ചായത്തംഗം മുതൽ പരമാധികാര പദവി വരെ സ്ത്രീയുണ്ട്. എന്നാൽ അവിടെയെല്ലാം അടുക്കളയുടെ സാന്നിധ്യം അവൾക്കന്യമാകുന്നില്ല. ഇനിയും വേവാത്ത അനേകം ചിന്തകൾ പാസ്റ്ററമ്മാമ്മയുടെ മനസ്സിൽ കിടന്ന് തിളച്ചുകൊണ്ടിരുന്നു.

പ്രജനനോദ്ദേശ്യവും ബയോളജിക്കൽ ഡിസ്പാരിറ്റിയുമല്ലാതെ സ്ത്രീപുരുഷ വ്യത്യാസങ്ങൾ എന്താണ്? ഇവ രണ്ടും ദൈവമുമ്പിൽ സ്ത്രീയെ പുരുഷനിൽ നിന്നും താഴ്ത്തുന്നുണ്ടോ? ലിഖിത നിയമങ്ങൾക്കപ്പുറമാണ് മനുഷ്യന്റെ അലിഖിത സംസ്കാരം. അതുകൊണ്ട് അലിഖിത നിയമങ്ങൾക്കനുസൃതമായ കീഴ്‌വഴക്കങ്ങളാണ് കുടുംബത്തിൽ ശ്രേഷ്ഠമെന്നു തോന്നുന്നു. പക്ഷേ, പുരുഷനെ എത്ര നാൾ കാലം സ്വീകരണമുറിയിൽ മാത്രമൊതുക്കി നിർത്തുമെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ചിന്തകളും, ചോദ്യങ്ങളും, ഉത്തരങ്ങളും, അർത്ഥങ്ങളുമായി അരോചകമായൊരു കലപില ശബ്ദം പഴയ മിക്സിയുടെയെന്നപോലെ അമ്മാമ്മയുടെ തലയ്ക്കുചുറ്റും കറങ്ങിക്കൊണ്ടിരുന്നു.

ഇനി സാമ്പാറും, തോരനും, മീൻകറിയുമൊക്കെ ഉണ്ടാക്കണം. അല്പം ഇറച്ചി രാവിലെ മേടിക്കാമെന്ന് അച്ചായൻ ഇന്നലെ പറഞ്ഞിരുന്നു. നീ പോയി വാങ്ങിച്ചുകൊണ്ടുവാ, എനിക്ക് ഇന്നലത്തെ യോഗത്തിന്റെ ക്ഷീണമിനിയും തീർന്നിട്ടില്ല എന്നു അച്ചായൻ പറഞ്ഞപ്പോൾ പാസ്റ്ററമ്മാമ്മ വേണ്ട സാധനങ്ങൾ വാങ്ങിക്കാൻ മാർക്കറ്റിലേക്ക് പോയി. അരി പകുതി വേവായി. സാമ്പാറുകൂട്ടങ്ങളും തോരനും അരിഞ്ഞുവെച്ചിരിക്കുന്നു. കടയിലേക്ക് പോകാൻ ഡ്രസ് മാറുമ്പോഴാണ് മൂത്ത രണ്ടുകുട്ടികൾ കൂടി ഉറക്കമുണർന്നത്.

കടയിൽനിന്നും സാധനങ്ങൾ വാങ്ങി തിരികെ വരുമ്പോൾ അടുപ്പിലെ തീ അണഞ്ഞിരുന്നു. എനിക്ക് ദോശ മതി, എനിക്ക് ഇഡ്ഡലി മതി. മൂത്ത കുട്ടികൾ അവരുടെ ബ്രേക്ക്ഫാസ്റ്റ് ഇഷ്ടങ്ങളുമായി മമ്മിയുടെ അടുത്തുവന്നു. അപ്പോൾ അച്ചായൻ വിളിച്ചു പറയുന്നതു കേട്ടു.

"എന്റെ പാൻസും ഉടുപ്പും ഇസ്തിരിയിടണം. കുളിക്കാൻ ബാത്ത്റൂമിൽ അല്പം വെള്ളവും ചൂടാക്കി വച്ചേക്കണം."

ഭക്ഷണം പാകം ചെയ്യുന്നതിനിടയിൽ ഇനിയും മുറ്റവും സഭാഹോളിനകവുമൊക്കെ വൃത്തിയാക്കാനുണ്ട്. കുഞ്ഞുങ്ങളെ ഓരോരുത്തരെ കുളിപ്പിക്കണം. അവരെ ഒരുക്കി നേരത്തേ സൺഡേസ്കൂളിനു വിടണം.

ഗസ്റ്റുകൾ ഒൻപതര ആയപ്പോൾ എത്തി. അവർക്കു ഇടയ്ക്ക് ചായയുമിട്ട് കൊടുത്തു. എന്തൊക്കെയോ ജോലി ചെയ്യാൻ ബാക്കിവച്ചതുപോലെ, അതോ എന്തെല്ലാമോ ചെയ്യാൻ മറന്നതുപോലെ പാസ്റ്ററമ്മാമ്മയ്ക്കു തോന്നി. ആരാധന തുടങ്ങുവാൻ പോകുന്നു. പ്രാർത്ഥന, ആരാധനാഗീതങ്ങൾ അങ്ങനെ യോഗക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏകാഗ്രതയോടെ ദൈവസന്നിധിയിൽ ഇരിക്കാമെന്ന് ഇടയ്ക്കൊക്കെ പാസ്റ്റർ ഓർമ്മപ്പെടുത്തുമ്പോഴും അടുക്കളയിൽ തീരാനുള്ള എന്തോ പണിയെക്കുറിച്ചായിരുന്നു പാസ്റ്ററമ്മാമ്മയുടെ ചിന്തകൾ. കറിക്ക് പാകത്തിന് ഉപ്പു കാണുമോ, എരിവ് കൂടിപ്പോയിരിക്കുമോ, പച്ചവിറകിട്ടു കത്തിച്ച അരി ശരിക്കും വെന്തുകാണുമോ എന്നൊക്കെ. ആരാധനയ്ക്കു പാടിയ പാട്ടോ, പ്രസംഗവിഷയങ്ങളോ ഒന്നും അമ്മാമ്മയുടെ മനസ്സിൽ ശരിക്കും പതിയുന്നുണ്ടായിരുന്നില്ല.

ആരാധന കഴിഞ്ഞതും അടുത്ത ചുവടുവച്ചതു അടുക്കളയിലായിരുന്നു. ചെയ്തു തീർക്കാനുള്ള പണികൾ പെട്ടെന്ന് ചെയ്തുതീർത്തു. ജോയിപാസ്റ്ററും സെക്രട്ടറിയും ഗസ്റ്റുകളായി വന്ന സഹശുശ്രൂഷകന്മാരോടും കുടുംബത്തോടും കൂടെ ഭക്ഷണത്തിനായി വന്നപ്പോൾ എല്ലാം ഒരുമാതിരി രീതിയിൽ അമ്മാമ്മ ചെയ്തുതീർത്തിരുന്നു. പ്രതീക്ഷിച്ചതിലും രണ്ടോ മൂന്നോ പേർ കൂടുതലായുണ്ട്. കൂടാതെ സഭാസെക്രട്ടറിയും കുടുംബവും കൂടെ ഭക്ഷണം കഴിച്ചിട്ട് പോയാൽ മതിയെന്ന് ജോയി പാസ്റ്റർ നിർബന്ധിക്കുന്നതും കേട്ടു.

സൂസമ്മാമ്മയുടെ ഉള്ളു നീറുകയായിരുന്നു. പെട്ടെന്ന് ഉണ്ടാക്കിയതല്ലേ ടേസ്റ്റ് കാണുമോ? എരിയോ ഉപ്പോ, പുളിയോ വല്ലതും കൂടിയും കുറഞ്ഞും കാണുമോ? എല്ലാവർക്കും തികയുമോ? ഇടയ്ക്ക് ചുമരലമാരയിലേക്ക് നോക്കിയപ്പോൾ രാവിലെ എടുത്ത കട്ടൻകാപ്പി അതുപോലെ തന്നെ ഇരിക്കുന്നു. അത് കുടിക്കാൻ മറന്നുപോയിരുന്നു.

ഊണിനു ശേഷം ഗസ്റ്റുകൾ പ്രാർഥിച്ചിറങ്ങി. നന്നായി വിശക്കുന്നു. ദാഹിക്കുന്നു. ഇതുവരെ ഒരു തുള്ളിവെള്ളംപോലും കുടിച്ചില്ല. അവരോട് യാത്ര പറഞ്ഞശേഷം അമ്മാമ്മ അടുക്കളയിലേക്ക് ഓടി. മഴ പെയ്താൽ അടുക്കള ചോരും. അതിനു മുമ്പ് പാത്രങ്ങൾ കഴുകണം. വൈകിട്ടത്തേക്കിന് എന്തെങ്കിലും ഉണ്ടാക്കണം. വിശന്നു വയറുകത്തുന്നു. എന്തായാലും ഇനിയും കഴിച്ചിട്ടേ ബാക്കികാര്യമുള്ളൂ. ഒരു പാത്രം കഴുകി തവിയെടുത്ത് കലത്തിലേക്ക് നോക്കി. അഞ്ചോ ആറോ ചോറുംപറ്റുകൾ അവശേഷിക്കുന്നു. എല്ലാവർക്കും തികഞ്ഞു. പക്ഷേ, കലത്തിലെ ചോറ് തീർന്നത് അമ്മാമ്മ അറിഞ്ഞിരുന്നില്ല. അല്ലെങ്കിൽ മനഃപൂർവ്വം സ്വന്തവിശപ്പിന് അല്പം ചോറ് മാറ്റിയെടുത്തു വെക്കാൻ തോന്നിയില്ല.

"എടീ നീ കഴിച്ചിട്ട് പെട്ടെന്ന് ഒരുങ്ങ്, അപ്പുറത്തെ വീട്ടിൽ അസുഖമായി കിടക്കുന്ന അമ്മച്ചിയെ കാണാൻ പോകണം."

"ഞാൻ കഴിച്ചു കഴിഞ്ഞു."

കഞ്ഞിക്കലത്തിലെ ഒന്നോ രണ്ടോ പറ്റ് വായിലിട്ടു വയറു നിറച്ചിട്ട് അമ്മാമ്മ പറഞ്ഞു. എന്നിട്ട് ധൃതിയിൽ മുഖവും കാലും കൈകളും കഴുകി അമ്മാമ്മ റെഡിയായി.

അന്നേരം മഴയുടെ വരവറിയിച്ച് ഇടിമുഴക്കം കേട്ടു.

ആരുമറിയാത്ത വിശപ്പിന്റെ ഏകാന്തമഴ അപ്പോൾ അമ്മാമ്മയുടെ ഹൃദയത്തിൽ കനത്തോടെ പെയ്യുന്നുണ്ടായിരുന്നു.



25 July 2011
Vol: 04, Issue: 14
RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the JULY 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

മാധ്യമവിചാരം

# മാധ്യമങ്ങളുടെ മാറുന്ന നിലപാട്



അനിൽ കൊടിത്തോട്ടം
anilkodithotam@gmail.com

റൂപർട്ടോ മാർഡോക്ക് എന്ന ആഗോള ഭീമന്റെ പതനം ആകാംക്ഷയോടെ വിലയിരുത്തേണ്ട വർത്തമാനകാല അവസ്ഥാവിശേഷം വിചിത്രമെന്നല്ലാതെ എന്തു പറയാൻ. രാജ്യാന്തര രഹസ്യങ്ങളും, ആയുധ ഇടപാടുകളും, ഭരണകൂട അഴിമതികളും വെളിച്ചത്തു കൊണ്ടു വരുന്ന മാധ്യമങ്ങൾ സത്യസന്ധതയുടെ കപടമുഖം അണിയുന്ന ചെന്നായ്ക്കളാണെന്ന യാഥാർത്ഥ്യം ഒരിക്കൽകൂടി തെളിയുന്നു.

ഒട്ടേറെ അഴിമതിക്കഥകൾ രംഗത്തുകൊണ്ടു വന്നിട്ടുള്ള മലയാള മനോരമയുടെ സഹോദര സ്ഥാപനമായ എം. ആർ. എഫിന്റെ വ്യാജപ്പണനിക്ഷേപത്തെക്കുറിച്ചറിഞ്ഞ് പൊതുജനം അത്ഭുതപ്പെട്ടില്ല. കാരണം, മണിചെയിൻ തട്ടിപ്പിനെക്കുറിച്ച് വല്ലാതെ വാചാലമാകുന്ന മനോരമയുടെ ഇന്റർഗ്രേറ്റഡ് ഫിനാൻസ് നിക്ഷേപകരുടെ ഇപ്പോഴത്തെ അവസ്ഥ അറിയാവുന്നവരാണ് മലയാളികൾ.

എക്സ്പ്രസ് വേ കേരളത്തെ രണ്ടായി പിളരും എന്ന വാദമുയർത്തി വാർത്തകൾ സൃഷ്ടിച്ച മാതൃഭൂമി ഇന്ന് വേഷം മാറി വരുന്ന എക്സ്പ്രസ് വേ കണ്ട് ആവലാതിപ്പെടുന്നില്ല. പകരം ഈ ഹൈവേയിലൂടെ മൂന്നരമണിക്കൂറുകൊണ്ട് കോഴിക്കോടു നിന്നും തിരുവനന്തപുരത്തെത്താൻ വേണ്ട 'വീര 'കൃത്യത്തിന്റെ അണിയറ അഭ്യസനങ്ങളിലാണ്.

'മാധ്യമങ്ങൾ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം', എന്ന ശീർഷകത്തിൽ മുൻ പേജിൽ വാർത്താ സംഗ്രഹം നൽകിയ ചില പത്രങ്ങളുണ്ട്. അതിൽ ഒരു പത്രത്തിന്റെ വിഖ്യാതമായ ബ്ലാക്ക് മെയിലിംഗ് തന്ത്രങ്ങളെക്കുറിച്ച് ഈ ലേഖകൻ വസ്തുതകൾ ശേഖരിച്ചുവരികയാണ്. കളങ്കിതരെ തിരഞ്ഞുപിടിച്ച് പരിശുദ്ധരായി വാഴ്ത്തി സപ്ലിമെന്റ് പ്രചരിക്കുമ്പോഴെ വായനക്കാർ വിചാരിച്ചുകൊള്ളണം, ഇത്തരം മാധ്യമ ഗേഹസികളുടെ അന്നത്തിലും നയമാന്റെ കുഷ്ഠരോഗത്തിന്റെ അണുക്കളുണ്ട്.

'മാധ്യമങ്ങൾ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം', എന്ന ശീർഷകത്തിൽ മുൻ പേജിൽ വാർത്താ സംഗ്രഹം നൽകിയ ചില പത്രങ്ങളുണ്ട്. അതിൽ ഒരു പത്രത്തിന്റെ വിഖ്യാതമായ ബ്ലാക്ക് മെയിലിംഗ് തന്ത്രങ്ങളെക്കുറിച്ച് ഈ ലേഖകൻ വസ്തുതകൾ ശേഖരിച്ചുവരികയാണ്. കളങ്കിതരെ തിരഞ്ഞുപിടിച്ച് പരിശുദ്ധരായി വാഴ്ത്തി സപ്ലിമെന്റ് പ്രചരിക്കുമ്പോഴെ വായനക്കാർ വിചാരിച്ചുകൊള്ളണം, ഇത്തരം മാധ്യമ ഗേഹസികളുടെ അന്നത്തിലും നയമാന്റെ കുഷ്ഠരോഗത്തിന്റെ അണുക്കളുണ്ട്.

മുഖസ്തുതിയും ചക്കരവാക്കും പറഞ്ഞ്, വിഡ്ഢികളും വിവരദോഷികളുമായ കുറെ സുവിശേഷകോർപ്പറേറ്റുകളെ ചാക്കിലാക്കുന്ന നാലാംകിട തരികിടകളാണ് ഇന്ന് ക്രിസ്തീയ മാധ്യമരംഗത്തു നടക്കുന്നത്. ദൈവീക ന്യായവിധിയിലോ തിരുവചനത്തിലോ വിശ്വാസമില്ലാത്ത ജഡികൻമാർ പത്രാധിപന്മാരായാൽ ഇതിൽപരം എന്തു ഭവിക്കാൻ. ഇവിടെ വരിസംഖ്യശേഖരണം എന്നാൽ ഗുണ്ടാപ്പിരിവുപോലെയാകുന്നു. പരസ്യവും സപ്ലിമെന്റുമെല്ലാം ചില നിഗൂഢതകളുടെ സ്വഭാവം പേറുന്നവയാണ്.

പെന്തെക്കോസ്തു പത്രലോകത്തെ മാർഡോക്കു ചമയുന്നതിൽ പരസ്പരം മൽസരിക്കുകയാണ് ചിലർ. മനോരമപോലെ ഒരു പത്രത്തിന്റെ ഒരു ദിവസത്തെ കട്ടിംഗ് വേസ്റ്റിന്റെ ഒപ്പംവരില്ല മുഴുവൻ ക്രിസ്തീയ പത്രങ്ങളുടെയും ഒരു വർഷത്തെ കോപ്പികളുടെ ആകെ തൂക്കം! പത്താംക്ലാസ്സിനും ബൈബിൾ സ്കൂളിനുമപ്പുറം ഒരു വിജ്ഞാനലോകവുമില്ലെന്നാണ് മാധ്യമരാജാക്കൻമാർമാരുടെ നിലപാട്.

അക്കദമിക് വിദ്യാഭ്യാസത്തിന്റെ കുറവാണ് ഏറ്റവും വലിയ കുറവെന്ന വാദത്തോട് എനിക്കു യോജിപ്പില്ല. പക്ഷേ പരന്ന വായനയും സാമൂഹ്യ ചുറ്റുപാടും വിലയിരുത്തുന്നതിൽ അമാന്തം കാട്ടുന്നവർ പത്രാധിപൻമാരോ കോളമിസ്റ്റുകളോ ആകരുത്. ബൈബിൾ ദൈവവചനമാണെന്നും ആകരുത്. ബൈബിൾ ദൈവവചനമാണെന്നും അതിന്റെ ആധാരശിലകളെ നിരാകരിക്കുന്നത് ക്രിസ്തീയമല്ലെന്നും വിശ്വസിക്കുന്നവർക്കേ പെന്തെക്കോസ്തു മാധ്യമപ്രവർത്തനം നടത്താനാവൂ.

ഇവയൊന്നും കൂടാതെ ബുദ്ധിജീവി പരിവേഷമാളിപ്പോന്ന ചില പഞ്ഞിക്കെട്ടുകളെ പൊളിച്ചുകാട്ടിയതാണ് ഈ ലേഖകൻ ചെയ്ത കൊടുംപാതകമായി പറഞ്ഞു കേൾക്കുന്നത്.

www.beljourn.com

ഏബനേസർ നേഴ്സിംഗ് കോളേജ് & ഡിഗ്രി കോളേജ്

ബാംഗ്ലൂർ, കർണ്ണാടക




ഏബനേസർ ഡിഗ്രി കോളേജ്
ബി. കോം, ബി.എ,
ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

ഓസ്ട്രേലിയയിലെ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായ സൗത്ത് ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ 18 ആഴ്ച നീണ്ടു നിൽക്കുന്ന IELTS കോച്ചിംഗ് ഉടൻ ആരംഭിക്കുന്നു

ബോർഡിംഗ് സൗകര്യം ലഭ്യമാണ്

അർഹരായ കുട്ടികൾക്ക്
സ്കോളർഷിപ്പ് അനുവദിക്കും

ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

| | |
|---|---|
| ബി.എസ്.സി. നേഴ്സിംഗ് | കാലാവധി – 4 വർഷം / യോഗ്യത – 10 +2/ പി. യു. സി |
| ജി. എൻ.എം. | കാലാവധി – 3 വർഷം / യോഗ്യത – 10 +2/ പി. യു. സി |

ആധുനിക സംവിധാനങ്ങളുള്ള 300 കിടക്കകളുള്ള ആശുപത്രി, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം

ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

Web Site
www.ebenezerblr.org

The Administrator
Eben-Ezer College of Nursing
No. 19, Ebenezer Nagar,
Kolhanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909
09448476968, 09845890178
E -mail : ebenezerblr@yahoo.co.in

ABY CHELLETHU
(IPC Kerala State Council Office Staff)
Ebenezer Consultancy
P. O. Box No. 36, Kumbanad, Kerala
Ph: 0469 - 6521022, 9847568123, 9447714441

വിജയത്തിന്റെ പടവുകൾ താണ്ടുന്ന
ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.